VOL.NO:07 | ISSUE 36
www.nerpatham.com
mail@nerpatham.com
2023 SEPTEMBER 09 | ₹10

# നേർപഥം
വാരിക



# സമസ്തയുടെ അടിവേരറുക്കുന്ന ഉലമാസമ്മേളനം

പത്തൊമ്പതാം നൂറ്റാണ്ടുവരെ നിലനിന്നിരുന്ന വികലമായ ശിയാ-സൂഫീ ചിന്താധാരകളെ വകഞ്ഞുമാറ്റി സ്ഥാപിതമായ പ്രഥമ പണ്ഡിതസഭയായ 'കേരള ജംഇയ്യത്തുൽ ഉലമ'യെ പിളർത്തിക്കൊണ്ടാണ് 'സമസ്ത' രൂപീകൃതമാവുന്നത്. ഇന്ന്, വ്യക്തികേന്ദ്രീകൃത ത്വരീക്വത്തുകൾ കാടുകയറി 'മുദബ്ബിറുൽ ആല'മിൽ വരെ ചെന്നെത്തി നിൽക്കുകയാണ്. സംഘടനയിലെ ആഭ്യന്തരകലഹം മൂലമോ പരലോകത്തെ കുറിച്ചുള്ള ഭയം നിമിത്തമോ നേതൃത്വത്തിൽനിന്ന് ഇടയ്ക്കിടക്ക് സത്യങ്ങൾ പുറത്തു വരുന്നത് ശുഭോദർക്കമാണ്.

## മണിപ്പൂരിൽനിന്നും പുറത്തുവരുന്ന സത്യങ്ങൾ

॥ വിദ്യാലയങ്ങളിൽ മതേതരത്വ പഠനം അനിവാര്യം
॥ ഇസ്‌ലാം ദൈവിക മതം; ചില അടയാളങ്ങൾ
॥ വിശ്വാസിയുടെ രഹസ്യജീവിതം




**കോപ്പികൾ ഉറപ്പിക്കാൻ ബന്ധപ്പെടുക: 9207525244**
**WhatsApp: 9207525244**

WISDOM BOOKS
**PUBLISHING || DISTRIBUTION**
Wisdom Books | E.K.P Building | Calicut
Web: www.wisdomislam.org | Email: publication@wisdomislam.org
0495 4019437 9207525244



ഹുസൈൻ സലഫിയുടെ
**'പ്രകാശം പരത്തിയ പ്രവാചകന്മാർ'**
എന്ന പുസ്തക പരമ്പരയിലെ **670 രൂപ** വിലവരുന്ന
4 പുസ്തകങ്ങൾ
ഇപ്പോൾ വെറും **500 രൂപക്ക്...!!!**

## പുതിയ പുസ്തകങ്ങൾ

| | |
|---|---|
| 01. പ്രകാശം പരത്തിയ പ്രവാചകന്മാർ / ഭാഗം 4 | ഹുസൈൻ സലഫി |
| 02. സുരക്ഷിതത്വം സമൂഹം ഇസ്‌ലാം | ഉസ്മാൻ പാലക്കാഴി |
| 03. മുഹമ്മദ് നബി(സ്വ) ചരിത്ര സംഗ്രഹം | അബ്ദുല്ലത്തീഫ് സുല്ലമി മാറഞ്ചേരി |
| 04. വീക്ഷണ വ്യത്യാസങ്ങൾ നേരായ സമീപനം | കുഞ്ഞിമുഹമ്മദ് മദനി പറപ്പൂർ |
| 05. പ്രകാശം പരത്തിയ പ്രവാചകന്മാർ / ഭാഗം 3 | ഹുസൈൻ സലഫി |
| 06. ഐ.എസിന്റെ മതമേത്? | അബ്ദുൽ മാലിക് സലഫി |
| 07. പ്രവാചക കുടുംബവും സ്വഹാബത്തും | വിവർത്തനം: പി.എൻ.അബ്ദുല്ലത്തീഫ് മദനി |
| 08. ഇബാദത്ത്: അർഥവും വ്യാഖ്യാനവും | അൻവർ അബൂബക്കർ |
| 09. പൗരത്വ നിഷേധവും ഇസ്‌ലാമിക സമൂഹവും | സിറാജുൽ ഇസ്‌ലാം ബാലുശ്ശേരി |
| 10. മഹാമാരി: 100 കർമശാസ്ത്ര വിധികൾ | ഫൈസൽ മൗലവി പുതുപ്പറമ്പ് |
| 11. പൗരത്വം, ഫാഷിസം, മതനിരപേക്ഷത | ഡോ. കെ.ഇ.എൻ / ഡോ. സി മുഹമ്മദ് റാഫി |
| 12. വിശ്വാസ കാര്യങ്ങൾ, ഭാഗം: ഒന്ന് / അല്ലാഹു | ഉമർകോയ മദീനി |
| 13. ഉത്തമ സ്വഭാവങ്ങൾ | അബ്ദുൽ ജബ്ബാർ മദീനി |
| 14. പ്രാർഥനയുടെ അത്ഭുതങ്ങൾ | സഅഫർ സ്വാദിഖ് മദീനി |

MERCHANT NAME: WISDOM ISLAMIC ORGANIZATION
UPI ID: WISDOMISLAMICCLT@SBI

**SCAN & PAY**

BHIM SBI Pay
BHIM UPI

0346

# നേർപഥം
വാരിക

2023 സെപ്തംബർ 09
1445 സ്വഫർ 24
പുസ്തകം 07 / ലക്കം 36




Printed, published & owned by
K. Sajjad

Printed at
Sprint Offset Printers,
Kozhikode

Published at
Kozhikod - 673002

Managing Editor:
Nasir Balusseri

Editor:
Usman Palakkazhi

Chief Editor:
Anil Primrose

Web Editor:
Haseeb Elayur

Cover:
Riyas & Anil

Design & Layout:
Musthafa Mannarottil

Nerpatham Weekly
PB No: 597
EKP Complex, Kallai Road
Kozhikkode 2, Kerala,India
Ph: 0495 4019437
mail@nerpatham.com
www.nerpatham.com
Facebook: www.facebook.com/
nerpatham weekly



കവർ സ്റ്റോറി

10

**സമസ്തയുടെ അടിവേരറുക്കുന്ന ഉലമാസമ്മേളനം**
മൂസ സ്വലാഹി കാര

മുഖമൊഴി
05 മണിപ്പൂരിൽനിന്നും പുറത്തുവരുന്ന സത്യങ്ങൾ

ലേഖനം
23 വിദ്യാലയങ്ങളിൽ മതേതരത്വ പഠനം അനിവാര്യം
സുഫ്‌യാൻ അബ്ദുസ്സലാം

ലേഖനം
06 പുലരാത്ത പ്രവചനങ്ങളും ന്യായീകരണങ്ങളും
പി പി അബ്ദുർറഹ്മാൻ കൊടിയത്തൂർ

ലേഖനം
26 ഇസ്‌ലാം ദൈവിക മതം; ചില അടയാളങ്ങൾ
ഷാഹുൽ പാലക്കാട്

ഹദീസ് പാഠം
09 വിശ്വാസിയുടെ രഹസ്യജീവിതം
സഫ്‌വാൻ അൽഹികമി, ആമയൂർ

ക്വുർആൻ ദർശനം
31 സൂറ: ഗാഫിർ
അബ്ദുർറഹ്മാനുബ്നു നാസിറുസ്സഅ്ദി

ലേഖനം
18 മനുഷ്യൻ എന്ന സൃഷ്ടി
മുബാറക് ബിൻ ഉമർ

കാഴ്ച
34 ഉൾക്കണ്ണിലെ കാരുണ്യം
ഇബ്നു അലി



# കരുണാർദ്രതയുടെ സന്ദേശം പകർന്നു നൽകാൻ അധ്യാപനം കാര്യക്ഷമമാക്കണം: വിസ്ഡം മദ്‌റസാധ്യാപക സമ്മേളനം

കോഴിക്കോട്: സഹപാഠികളെ ക്രൂരമായി മർദിക്കാൻ ഉപദേശിക്കുന്ന വെറുപ്പിന്റെ ലോകത്ത് കരുണാർദ്രതയുടെ പാഠം പകർന്നുനൽകാൻ അധ്യാപനം കാര്യക്ഷമമാക്കണമെന്ന് വിസ്ഡം വിദ്യാഭ്യാസ ബോർഡ് സംഘടിപ്പിച്ച മദ്‌റസാധ്യാപക സംസ്ഥാന സമ്മേളനം അഭിപ്രായപ്പെട്ടു. ഡോ.എം.പി അബ്ദുസ്സമദ് സമദാനി എം.പി. സമ്മേളനം ഉദ്ഘാടനം ചെയ്തു. വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ സംസ്ഥാന പ്രസിഡന്റ്പി.എൻ. അബ്ദുല്ലത്വീഫ് മദനി ആധ്യക്ഷ്യം വഹിച്ചു.

രാജ്യത്ത് സൗഹാർദവും സഹവർത്തിത്വവും സാഹോദര്യവും പ്രചരിപ്പിക്കുന്നതിൽ മദ്‌റസകൾ വലിയ പങ്ക് വഹിക്കുന്നുണ്ട്. വെറുപ്പിന്റെ പ്രചാരകർ മദ്‌റസകൾക്കെതിരെ തിരിയാനുള്ള കാരണവുമതാണ്. മനുഷ്യബന്ധങ്ങളെയും സാമൂഹിക ബാധ്യതകളെയും ഉത്തരവാദിത്തങ്ങളെയും തിരിച്ചറിയുന്ന, രാഷ്ട്രത്തിന് മുതൽക്കൂട്ടാകുന്ന തലമുറയെ വാർത്തെടുക്കുന്ന മദ്‌റസാ വിദ്യാഭ്യാസത്തെ സമൂഹം ഏറ്റെടുക്കുകയും ഭരണകൂടത്തിന്റെ സഹായം ഉറപ്പാക്കുകയും വേണം.

ഓൺലൈൻ സ്‌ക്രീനുകളിൽ പിറന്നുവീഴുന്ന ആൽഫ തലമുറക്ക് ധാർമിക വിദ്യാഭ്യാസം പകർന്നു നൽകുന്നതിന് അധ്യാപന രീതിയും ക്ലാസ് മുറികളും പരിഷ്‌കരണത്തിന് വിധേയമാക്കണം. പ്രവാചകന്റെ അധ്യാപന മാതൃക ഇതിന് പര്യാപ്തമാണെന്നും സമ്മേളനം അഭിപ്രായപ്പെട്ടു.

ലജ്നത്തുൽ ബുഹൂസുൽ ഇസ്‌ലാമിയ്യ പ്രസിഡന്റ് കുഞ്ഞിമുഹമ്മദ് മദനി പറപ്പൂർ, വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ സംസ്ഥാന ജനറൽ സെക്രട്ടറി ടി.കെ.അശ്‌റഫ്, വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ വിദ്യാഭ്യാസ വകുപ്പ് സെക്രട്ടറി നാസിർ ബാലുശ്ശേരി, അബ്ദുറഷീദ് കുട്ടമ്പൂർ, വിസ്ഡം ഇസ്‌ലാമിക് സ്റ്റുഡന്റ്‌സ് ഓർഗനൈസേഷൻ സംസ്ഥാന പ്രസിഡന്റ് അർഷദ് താനൂർ, ഡോ. സി.മുഹമ്മദ് അജ്മൽ, ഐ.പി.മൂസ, ശരീഫ് കാര എന്നിവർ വിവിധ വിഷയങ്ങളിൽ പ്രബന്ധങ്ങൾ അവതരിപ്പിച്ചു.

വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ സംസ്ഥാന സെക്രട്ടറി കെ.സജ്ജാദ്, വിസ്ഡം എജുക്കേഷൻ ബോർഡ് ചെയർമാൻ ഹുസൈൻ കാവനൂർ, സെക്രട്ടറി റഷീദ് മാസ്റ്റർ കാരപ്പുറം, ബോർഡംഗങ്ങളായ ഇർഫാൻ സ്വലാഹി, യാസിർ സ്വലാഹി, കോഴിക്കോട് സൗത്ത് ജില്ലാ പ്രസിഡന്റ് ബഷീർ.വി.ടി തുടങ്ങിയവർ സംസാരിച്ചു.

# വിജ്ഞാനത്തിന്റ ശക്തികൊണ്ട് മൂല്യച്യുതിയെ നേരിടണം: ഡോ. അബ്ദുസ്സമദ് സമദാനി എം.പി.

കോഴിക്കോട്: സാംസ്‌കാരിക ചോർച്ചയും ധാർമികച്യുതിയും മനുഷ്യജീവിതത്തിൽ കാലങ്ങളായി വെല്ലുവിളിയുണ്ടാക്കുന്നതാണെന്നും അതിനെ അതിജയിക്കേണ്ടത് വിജ്ഞാനത്തിന്റ ശക്തി കൊണ്ടാവണമെന്നും ഡോ.അബ്ദുസ്സമദ് സമദാനി എം.പി. അഭിപ്രായപ്പെട്ടു. വിസ്ഡം വിദ്യാഭ്യാസ ബോർഡ് സംഘടിപ്പിച്ച മദ്‌റസാ അധ്യാപക സംസ്ഥാന സമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

വിവരശൂന്യമായ മനസ്സുകളെ വിജ്ഞാനം പകർന്നുനൽകി ഉദാത്തമായ സംസ്‌കാര സമ്പന്നമാക്കി പരിവർത്തിച്ച പ്രവാചകനെ മാതൃകയാക്കാൻ അധ്യാപകർ തയ്യാറാകണം. ശാസ്ത്രത്തിന്റ മുന്നേറ്റത്തിൽ അഭിമാനമുണ്ട്. ചിന്തിക്കുന്നവരെ ദൈവത്തിന്റെ അനിവാര്യത ബോധ്യപ്പെടുത്തുന്നുണ്ട്. കൃത്രിമബുദ്ധിയുടെ കാലത്ത് അധ്യാപകർ സൂക്ഷ്മമായി തങ്ങളുടെ ദൗത്യം നിർവഹിക്കണം.

മുഖമൊഴി

# മണിപ്പൂരിൽനിന്നും പുറത്തുവരുന്ന സത്യങ്ങൾ

മണിപ്പൂർ ഇപ്പോഴും അശാന്തമാണ്. വെടിയൊച്ചകൾ ഇപ്പോഴും അവിടെ മുഴങ്ങുന്നുണ്ട്; ആളുകൾ കൊല്ലപ്പെടുന്നുണ്ട്. കലാപത്തിൽ എത്ര മനുഷ്യർ കൊല്ലപ്പെട്ടു, എത്ര സ്ത്രീകൾ മാനഭംഗം ചെയ്യപ്പെട്ടു, എത്ര വീടുകളും കച്ചവട സ്ഥാപനങ്ങളും ആരാധനാലയങ്ങളും തകർക്കപ്പെട്ടു എന്നൊക്കെയുള്ള കൃത്യമായ കണക്ക് ഇതുവരെയും പുറത്തുവന്നിട്ടില്ല; വരികയുമില്ല.

എന്നാൽ അവിടെ നടന്ന കലാപത്തിനു പിന്നിൽ ഭരണകൂടത്തിന്റെയും ഭരണകൂടത്തിന്റെ റാൻമൂളികളായ മാധ്യമങ്ങളുടെയും പങ്ക് വ്യക്തമാക്കുന്ന റിപ്പോർട്ട് പുറത്തുവന്നിരിക്കുന്നു.

മണിപ്പൂർ കലാപത്തിൽ സംസ്ഥാന സർക്കാർ ഏകപക്ഷീയമായി മെയ്തെയ് വിഭാഗത്തിനൊപ്പം നിന്നതായും ഇംഫാലിലെ പത്രങ്ങൾ ഒട്ടേറെ വ്യാജവാർത്തകൾ പ്രസിദ്ധീകരിച്ചതായും 'എഡിറ്റേഴ്സ് ഗിൽഡ് ഓഫ് ഇന്ത്യ' നിയോഗിച്ച വസ്തുതാന്വേഷണ സമിതി കണ്ടെത്തിയിരിക്കുന്നു. സംസ്ഥാനത്ത് ഇന്റർനെറ്റ് നിരോധനം വിപരീതഫലമാണ് ഉണ്ടാക്കിയതെന്നും ഇംഫാലിലെ മാധ്യമങ്ങൾ കുക്കി വിരുദ്ധവികാരം സഷ്ടിച്ചതായും സമിതിയുടെ റിപ്പോർട്ടിൽ പറയുന്നു. വ്യാജവാർത്തകൾ പ്രചരിക്കുന്നതു സംബന്ധിച്ച് ദിമാപുർ ആസ്ഥാനമായ കരസേനയുടെ സ്പിയർ കോർ, എഡിറ്റേഴ്സ് ഗിൽഡിന് കത്തെഴുതിയിരുന്നു. തുടർന്നാണു മുതിർന്ന മാധ്യമപ്രവർത്തകരായ സീമ ഗുഹ, സഞ്ജയ് കപൂർ, ഭരത് ഭൂഷൺ എന്നിവരടങ്ങിയ മൂന്നംഗ സമിതിയെ എഡിറ്റേഴ്സ് ഗിൽഡ് നിയോഗിച്ചത്.

കലാപത്തിനു മുൻപുതന്നെ കുക്കി ഗോത്ര വിരുദ്ധമായ നിലപാടുകളും സർക്കാറിന്റെ ഭാഗത്തുനിന്നുണ്ടായതായി സമിതി ചൂണ്ടിക്കാട്ടുന്നു. കുക്കികളെ അനധികൃത കുടിയേറ്റക്കാരെന്നും പോപ്പി കൃഷിക്കാരെന്നും മുദ്രകുത്തി കുക്കിവിരുദ്ധ വികാരം രാഷ്ട്രീയ നേട്ടത്തിനുപയോഗിച്ചു. 'ഹിൽ ഏരിയ കമ്മിറ്റി ആക്ടി'നു വിരുദ്ധമായി ഗോത്രമേഖലകളിൽ സംരക്ഷിത വനങ്ങൾ പ്രഖ്യാപിക്കുകയും ഗോത്രവിഭാഗങ്ങളെ കുടിയിറക്കുകയും ചെയ്തു. ഇംഫാൽ താഴ്വരയിൽ മാത്രം പ്രത്യേക സൈനികാധികാര നിയമം നീക്കി. കുക്കികളെ അസം റൈഫിൾസ് സഹായിക്കുകയാണെന്ന മണിപ്പൂരിലെ മാധ്യമങ്ങളുടെ ആരോപണം തെറ്റാണെന്നും സമിതി പറയുന്നു. ചുരാചന്ദ്പുരിൽനിന്നും മോറെയിൽനിന്നും മെയ്തെയ്കളെ സുരക്ഷിതമായി മാറ്റിയത് അസം റൈഫിൾസ് ആണ്.

കലാപത്തിന്റെ ആദ്യദിനങ്ങളിൽ കുക്കി മേഖലകളിൽ മെയ്തെയ് വിഭാഗക്കാരെ ശാരീരികമായി ആക്രമിച്ചിട്ടില്ലെന്നും റിപ്പോർട്ടിൽ പറയുന്നുണ്ട്. ഇംഫാലിലെ മാധ്യമങ്ങൾ പൂർണമായും മെയ്തെയ് പക്ഷ മാധ്യമങ്ങളായി മാറി. ഈ മാധ്യമങ്ങളിലെ എഡിറ്റർമാർ പരസ്പരം ചർച്ച ചെയ്താണത്രെ വാർത്തകളുടെ രീതി തീരുമാനിക്കുന്നത്. പല വാർത്തകളും തമസ്കരിക്കുകയും ചെയ്യുന്നു. ഇന്റർനെറ്റ് നിരോധനം മൂലം ഭൂരിപക്ഷത്തിനു ഹിതകരമായ വാർത്തകളാണ് ഏറെയും പ്രചരിച്ചത്. എന്നാൽ കുക്കി സ്ത്രീകളെ നഗ്നരായി നടത്തിയ സംഭവത്തിനുശേഷം കുക്കികൾക്ക് അനുകൂലമായ വാർത്തകളും പുറത്തുനിന്നുള്ള മാധ്യമങ്ങൾ പ്രസിദ്ധീകരിച്ചുതുടങ്ങി. മണിപ്പൂർ കമാൻഡോകളും കലാപത്തിൽ പങ്കാളികളായതായി ആക്ഷേപമുണ്ട്. കലാപത്തിന്റെ ആദ്യദിനങ്ങളിൽ ദേശീയ മാധ്യമങ്ങൾ വംശീയ കലാപത്തെ ഹിന്ദു-ക്രിസ്ത്യൻ, ഗോത്ര-ഗോത്ര ഇതര, ഭൂരിപക്ഷ-ന്യൂനപക്ഷ കലാപമായി ഇതിനെ ചിത്രീകരിച്ചതായും റിപ്പോർട്ടിൽ കുറ്റപ്പെടുത്തുന്നുണ്ട്.

വംശീയത, മതവിദ്വേഷം, ജാതിവാദം തുടങ്ങിയവയൊക്കെ പലനിലകളിൽ ഊട്ടിയുറപ്പിക്കുന്ന ഭരണകൂട നയങ്ങളോട് മാധ്യമങ്ങൾ സ്വീകരിക്കുന്ന സമീപനം പലപ്പോഴും അത്രമേൽ വിമർശനാത്മകമാകാറില്ല എന്നതാണ് വസ്തുത. അതുകൊണ്ടുതന്നെ 'എഡിറ്റേഴ്സ് ഗിൽഡ് ഓഫ് ഇന്ത്യ' നിയോഗിച്ച വസ്തുതാന്വേഷണ സമിതി ചെയ്ത ധീരകൃത്യത്തെ അഭിനന്ദിക്കാതിരിക്കാനാവില്ല. ■

ലേഖനം



ഖാദിയാനി വേദപുസ്തകം
'തദ്കിറ'യിലൂടെ ഒരു യാത്ര 32

# പുലരാത്ത പ്രവചനങ്ങളും ന്യായീകരണങ്ങളും

**പി പി അബ്ദുർറഹ്മാൻ കൊടിയത്തൂർ**
: 9447 701 741

**ഫലം തടഞ്ഞുവച്ചു!**

മിർസാ ഖാദിയാനി വീണ്ടും: "അഹ്മദ് ബേഗിന്റെ മരണം അദ്ദേഹത്തിന്റെ ബന്ധുക്കളെ ചകിതരാക്കി. ചിലർ താണുകേണ് എന്നോടപേക്ഷിച്ചു; താങ്കൾ പ്രാർഥിക്കുക. ഞങ്ങളെ രക്ഷിക്കുക. അവരുടെ പരിഭ്രമവും വെപ്രാളവും വിനയവും കണ്ട് അല്ലാഹു പ്രവചനസാക്ഷാത്കാരം നീട്ടിവച്ചു" (ഹഖീഖതുൽ വഹ്യ്, പേജ് 187).

വിവാഹം തൽക്കാലത്തേക്ക് നീട്ടിവച്ചിരിക്കയാണെന്ന് മിർസാ ഖാദിയാനി ആശ്വസിക്കുന്നു. എന്നാൽ പ്രസ്തുത കൃതിയുടെ അനുബന്ധത്തിൽ തന്നെ അദ്ദേഹം വീണ്ടും എഴുതി:

"ഞാനും ആ സ്ത്രീയും തമ്മിലുള്ള നിക്കാഹ് ആകാശത്തുവച്ച് നടന്നുവെന്ന് ഇൽഹാമിലുള്ളത് ശരിയാണ്. എന്നാൽ ആകാശത്തു നടന്ന കാര്യം ഭൂമിയിൽ പ്രകടമാവാൻ അല്ലാഹുതന്നെ ചില ഉപാധികൾ വച്ചിരുന്നു. അക്കാര്യം അന്നേ പ്രഖ്യാപിച്ചതുമാണ്.

'ഹേ സ്ത്രീ, പശ്ചാത്തപിക്കുക, പശ്ചാത്തപിക്കുക. തീർച്ചയായും ആപത്ത് നിന്നെ പിന്തുടരുന്നു.' അവർ ഈ ഉപാധി അംഗീകരിച്ചതോടെ വിവാഹം ദുർബലപ്പെട്ടു. അല്ലെങ്കിൽ നീട്ടിവെച്ചു."(അതേ പുസ്തകം, പേജ് 133).

ഇത് സംബന്ധമായ 1886 ജനുവരിയിലെ രണ്ട് 'ജാഗ്രദ് ദർശനങ്ങൾ' തദ്കിറയിൽ കാണാം.

"ഞാൻ ഉറക്കിനും ഉണർച്ചക്കുമിടയിലായിരിക്കെ ഈ കുടുംബത്തെക്കുറിച്ച് ചില കാര്യങ്ങൾ അല്ലാഹു അറിയിച്ചുതന്നു. അഹ്മദ് ബേഗിന്റെ സഹധർമിണിയെ കാണുമ്പോൾ അവൾ ഏറെ ദുഃഖിതയും പരിഭ്രമ ചിത്തയുമായിരുന്നു, അവളുടെ കണ്ണുകൾ നിറഞ്ഞൊഴുകുന്നത് കണ്ടപ്പോൾ ഞാനും ദുഃഖഭാരത്താൽ വിറകൊണ്ടു. ഞാൻ അവളോട് പറഞ്ഞു: 'അല്ലയോ സ്ത്രീ, പശ്ചാത്തപിക്കുക. നിന്റെ കുടുംബത്തിൽ ആപത്ത് ഇറങ്ങാൻ പോകുന്നു; നിന്റെ മകളിലും ദൗഹിത്രിയിലും.' അതുകൊണ്ട് ഉദ്ദേശിച്ചത് അവളുടെ മകൾക്കും മകളുടെ മകൾക്കും വരാൻ പോകുന്ന കൊടിയ ആപത്തുകളാണെന്ന് അല്ലാഹു എന്റെ മനസ്സിലേക്ക് ഇട്ടുതന്നു."(പേജ് 107-108).

ആകാശത്തുവച്ച് 'അല്ലാഹുവിന്റെ കാർമികത്വത്തിൽ നടന്ന,'

മഹത്തായ ദിവ്യാടയാളമാവേണ്ടിയിരുന്ന വിവാഹം ദുർബലപ്പെട്ടുവത്രെ! സ്ത്രീ പശ്ചാത്തപിച്ചതാണ് കാരണം. 1886-ലാണ് മേൽ പറഞ്ഞ 'ഇൽഹാം' അവതരിച്ചത്. അന്ന് അഹ്മദ് ബേഗിന്റെയോ ജാമാതാവിന്റെയോ മരണം പ്രവചിക്കപ്പെട്ടിരുന്നില്ല. അതേസമയം മഹത്തായ അനുഗ്രഹങ്ങളും ദൈവിക സമ്മാനങ്ങളും നേടിത്തരുന്ന ഈ വിവാഹത്തിന് സമ്മതിക്കണമെന്നായിരുന്നു മിർസായുടെ നിർദേശം. അതിൽ പശ്ചാത്തപിക്കേണ്ട ഒരു പ്രശ്നവുമുദിച്ചിരുന്നില്ല. 1888ലാണ് മിർസാ മരണപ്രവചനം നടത്തിയത്. അത് നടക്കാതെ പോയതിന് 1886ലെ 'കശ്ഫിലാണ്' ന്യായം കണ്ടെത്തുന്നത്.

യഥാർഥത്തിൽ പശ്ചാത്തപിക്കേണ്ട കാര്യമെന്താണ്? സ്ത്രീയെ പിന്തുടർന്ന ആപത്തെന്തായിരുന്നു? സർവാനുഗ്രഹങ്ങളുടെയും നിമിത്തമായിത്തീരുന്ന ഈ 'മഹത്തായ വിവാഹം' അവൾക്ക് ആപത്താവുന്നതെങ്ങനെ? അനുഗ്രഹപൂർണമായ വിവാഹമാണോ അവൾക്ക് ആപത്തായതും 'തൗബ'യിലൂടെ രക്ഷപ്പെട്ടതും!

ശരിയാണത്! നിത്യരോഗിയായ വൃദ്ധനെ വരിക്കേണ്ടി വരുന്നത് ഒരു യുവതിക്ക് ആപത്തുതന്നെ. അത് പശ്ചാത്താപം കൊണ്ട് നീങ്ങിയെങ്കിൽ നന്നായി. അതെത്രമാത്രം അവർക്ക് വിഷമകരമായിരുന്നുവെന്ന് നേരത്തെ വായിച്ച എഴുത്തുകളിൽനിന്ന് നാം മനസ്സിലാക്കിയല്ലോ.

മുഹമ്മദീ ബീഗത്തെ മറ്റൊരാൾ വിവാഹം കഴിച്ചതിനെപ്പറ്റി മിർസയുടെ പ്രതികരണം കാണുക: "മറ്റൊരാൾ അവളെ വിവാഹം കഴിക്കില്ല എന്ന് ദൈവിക വഹ്‌യിൽ പറഞ്ഞിരുന്നില്ല. എന്നാൽ, ആദ്യം മറ്റൊരാൾ അവളെ വിവാഹം കഴിക്കുമെന്ന് തന്നെയായിരുന്നു വഹ്‌യ്. പ്രവചനത്തിന്റെ ആദ്യഭാഗം ആ വിവാഹത്തോടെ പുലർന്നു."

പ്രവചനത്തിന്റെ ആദ്യഭാഗം പുലരാതിരിക്കാൻ മിർസ എത്ര

**ആകാശത്തുവച്ച് 'അല്ലാഹുവിന്റെ കാർമികത്വത്തിൽ നടന്ന,' മഹത്തായ ദിവ്യാടയാളമാവേണ്ടിയിരുന്ന വിവാഹം ദുർബലപ്പെട്ടുവത്രെ! സ്ത്രീ പശ്ചാത്തപിച്ചതാണ് കാരണം. 1886-ലാണ് മേൽ പറഞ്ഞ 'ഇൽഹാം' അവതരിച്ചത്. അന്ന് അഹ്മദ് ബേഗിന്റെയോ ജാമാതാവിന്റെയോ മരണം പ്രവചിക്കപ്പെട്ടിരുന്നില്ല. അതേസമയം മഹത്തായ അനുഗ്രഹങ്ങളും ദൈവിക സമ്മാനങ്ങളും നേടിത്തരുന്ന ഈ വിവാഹത്തിന് സമ്മതിക്കണമെന്നായിരുന്നു മിർസായുടെ നിർദേശം. അതിൽ പശ്ചാത്തപിക്കേണ്ട ഒരു പ്രശ്നവുമുദിച്ചിരുന്നില്ല. 1888ലാണ് മിർസാ മരണപ്രവചനം നടത്തിയത്. അത് നടക്കാതെ പോയതിന് 1886ലെ 'കശ്ഫിലിണ്' ന്യായം കണ്ടെത്തുന്നത്.**

മാത്രം കിണഞ്ഞു ശ്രമിച്ചിരുന്നുവെന്നത് തൽക്കാലം മറന്നേക്കുക!

മിർസ തുടരുന്നു: "ദൈവം നിന്റെ എതിരാളികളെ നേരിട്ട്, നിന്നിലേക്ക് അവളെ തിരിച്ചുകൊണ്ടുവരും' എന്നായിരുന്നു ഇൽഹാമിലെ വാക്കുകൾ. ഒരു വസ്തു സ്വസ്ഥാനത്തുനിന്ന് മാറ്റിയശേഷം വീണ്ടും തൽസ്ഥാനത്ത് തിരിച്ചെത്തുന്നതിനാണ് 'റദ്ദ്' എന്നു പറയുക. മുഹമ്മദീ ബീഗം എന്റെ കുടുംബത്തിൽപെട്ടവളായിരുന്നു. എന്റെ പിതൃവ്യപുത്രിയുടെ മകൾ. മറുഭാഗത്ത് എന്റെ ബന്ധത്തിൽപെട്ടവളും. അതായത് അമ്മാവന്റെ മകന്റെ മകൾ. അവളുടെ കാര്യത്തിൽ 'റദ്ദ്' എന്ന പദം വളരെ യോജിക്കുന്നു. അവളാദ്യം ഞങ്ങളുടെ അടുത്തായിരുന്നു. പിന്നെ കസബപട്ടിയിലേക്ക് വിവാഹം ചെയ്തുകൊണ്ടുപോയി. വീണ്ടുമവൾ വിവാഹബന്ധത്തിലൂടെത്തന്നെ നമ്മുടെ അടുത്തേക്ക് തിരിച്ചുവരും എന്ന് വാഗ്ദാനം ചെയ്യപ്പെട്ടിരിക്കുന്നു."

ഈ കാര്യമൊന്നും നേരത്തേ ടിയാന് മനസ്സിലായിരുന്നില്ലേ?

**അനുയായികൾക്ക് പറയാനുള്ളത്**

ഒന്നാം ഖലീഫ നൂറുദ്ദീൻ റിവ്യൂ ഓഫ് റിലീജിയൻസിൽ എഴുതി: "ഖുർആനിൽ വിശ്വാസമുള്ളവരെ ഞാനൊരു കാര്യം ഓർമിപ്പിക്കട്ടെ. ഖുർആനിലെ സംബോധിതർ ആ കാലഘട്ടത്തിലെ ജനങ്ങൾ മാത്രമല്ല. അവരെയും അവരുടെ മക്കളെയും പിൻമുറക്കാരെയുമെല്ലാം ആ സംബോധന ലക്ഷ്യമാക്കുന്നു. അതുപോലെത്തന്നെ ഹസ്രത്ത് സാഹിബിന്റെ വിവാഹ പ്രവചനത്തിൽ അഹ്മദ് ബേഗിന്റെ പെൺകുട്ടി മാത്രമല്ല ഉദ്ദേശിക്കപ്പെട്ടത്. അവളുടെ പുത്രിയും പൗത്രിയും പ്രപൗത്രിയുമെല്ലാം ഈ പ്രവചനത്തിലുൾപ്പെടുന്നു. മകളുടെ മക്കൾക്കും മകളുടെ സ്ഥാനമാണ് അനന്തരാവകാശത്തിലുള്ളത്. അതുപോലെ മസീഹിന്റെ മക്കൾ അദ്ദേഹത്തിന്റെ പിന്തുടർച്ചക്കാരാണല്ലോ. അവർ തമ്മിൽ എന്നെങ്കിലും വിവാഹബന്ധം സ്ഥാപിച്ചുകഴിഞ്ഞാൽ ഈ പ്രവചനം പുലർന്നതായി കണക്കാക്കാം. ഇനി ഈ പ്രവചനം പുലർന്നില്ലെങ്കിലും എന്റെ വിശ്വാസത്തിന് തെല്ലും കോട്ടം സംഭവിക്കയില്ല. ഇക്കാര്യം ഞാൻ പലപ്പോഴും മിയാൻ മഹ്മൂദ് അഹ്മദിനോട് പറയാറുണ്ട്" (ജൂലായ് 1908).

"വിവാഹം നടക്കുമെന്ന് മസീഹ് പ്രവചിച്ചത് ശരിയാണ്. എന്തോ കാരണത്താൽ അത് സംഭവിച്ചില്ലെന്നതും ശരിതന്നെ. പക്ഷേ, ഈയൊരു കാര്യം മാത്രമെടുത്ത് മറ്റുള്ളവ തള്ളിക്കള

യുന്നത് ശരിയല്ല. ആയിരങ്ങൾ സാക്ഷികളായി നിരവധി പ്രവചനങ്ങൾ പുലർന്നിരിക്കെ ആ ഒന്നിന്റെ പിന്നാലെ കൂടുന്നതെന്തിന്? എല്ലാം പാഴായിപ്പോയോ എന്നാണ് സത്യാന്വേഷി തിരക്കേണ്ടത്" (പൈഗാമെ സുൽഹ്, 16.1.1921).

ഇത് ലാഹോരി നേതാവ് മൗലവി മുഹമ്മദലിയുടെ മറുപടിയാണ്. ഇതൊരു ഖാദിയാനി-ലാഹോരി വൈരുധ്യമായി കണ്ടാൽ മതി.

ഈ പ്രശ്നത്തിന് മറുപടി പറയാൻ വിഷമിച്ച ഖാദിയാനി മുബല്ലിഗ് ഒരിക്കൽ ഇതുതന്നെ ചോദിച്ചു. 'ഈയൊരു കാര്യമേ നിങ്ങൾക്ക് പറയാനുള്ളൂ?' ചുരുക്കത്തിൽ, ഇക്കാര്യം ചോദിക്കുന്നത് അവർക്കിഷ്ടമല്ല.

ഖാദിയാനി മുബല്ലിഗ്, മൗലവി അല്ലാദിത്തക്ക് ഇനിയും മറുപടി പറയാനുണ്ട്: "ഈ വിവാഹ പ്രവചനത്തിൽ അഹ്മദ് ബേഗിന്റെ മരണം മാത്രമെ പരാമർശിച്ചിരുന്നുള്ളൂ. 'ഒരാൾ മരിക്കും, കുറെ നാശ്ശേൾ ബാക്കിയാവുകയും ചെയ്യും' എന്ന വചനത്തിൽ 'യമൂതു' ഏകവചനമാണ്. ഇതിൽ നിന്ന് അഹ്മദ് ബേഗ് മാത്രമാണ് മരണപ്പെടുക എന്ന് വ്യക്തമാവുന്നു" (തഫ്ഹീമാതെ റബ്ബാനിയ, പേജ് 608).

എങ്കിൽ പിന്നെ സുൽത്താൻ മുഹമ്മദ് മരിക്കാത്തതിന് ഇത്രയേറെ ന്യായങ്ങൾ നിരത്തേണ്ടിയിരുന്നോ? രണ്ടുപേരുടെയും മരണം കൃത്യമായി പ്രവചിച്ചതാണ് ആശാൻ. 'കാദിയാനി'യാവാൻ കാദിബാവണമെന്ന് നിർബന്ധമുണ്ടോ?

"ഹസ്രത്ത് സാഹിബിന് ഈ ഇൽഹാം മനസ്സിലാക്കുന്നേടത്ത് തെറ്റു പറ്റിയിരിക്കുന്നു" എന്നാണ് മറ്റൊരു ഖാദിയാനീ ബുദ്ധിജീവി ഖാസി അക്മലിന്റെ പ്രതികരണം! (തശ്ഹീദുൽ അദ്ഹാൻ, മെയ് 1913).

**'സുർമെ ചശ്മയെ ആര്യ' എന്ന കൃതിയിലെ 'ഈസാ നബി(അ) യുടെ മാതാവായ മർയംബീവി മുഹമ്മദ് നബി(സ്വ)യുടെ ഭാര്യാപദത്തിൽ വരുമെന്ന് ചില രിവായത്തുകളിലുണ്ട്' (പേജ് 207, ഹാശിയ) എന്ന ആചാര്യന്റെ തള്ളൽ കേട്ട്, 'നിങ്ങളുടെ പ്രവാചകന്റെയും വിവാഹ പ്രവചനം പുലർന്നില്ലല്ലോ' എന്ന ഖാദിയാനികളുടെ വിചിത്രമായ ചോദ്യത്തിന് മുന്നിൽ നമുക്ക് ഉത്തരം മുട്ടും! ഈസാ നബിക്ക് ആറ് നൂറ്റാണ്ടുകൾക്കുശേഷം ജനിച്ച മുഹമ്മദ്(സ്വ), ഈസാ നബിയുടെ മാതാവിനെ വിവാഹം കഴിക്കുമെന്ന് ഖാദിയാനി പ്രവാചകന്റെ 'ദിവ്യഗ്രന്ഥ'ത്തിലേ കാണൂ!**

'സുർമെ ചശ്മയെ ആര്യ' എന്ന കൃതിയിലെ 'ഈസാ നബി(അ) യുടെ മാതാവായ മർയംബീവി മുഹമ്മദ് നബി(സ്വ)യുടെ ഭാര്യാപദത്തിൽ വരുമെന്ന് ചില രിവായത്തുകളിലുണ്ട്' (പേജ് 207, ഹാശിയ) എന്ന ആചാര്യന്റെ തള്ളൽ കേട്ട്, 'നിങ്ങളുടെ പ്രവാചകന്റെയും വിവാഹ പ്രവചനം പുലർന്നില്ലല്ലോ' എന്ന ഖാദിയാനികളുടെ വിചിത്രമായ ചോദ്യത്തിന് മുന്നിൽ നമുക്ക് ഉത്തരം മുട്ടും! ഈസാ നബിക്ക് ആറ് നൂറ്റാണ്ടുകൾക്കുശേഷം ജനിച്ച മുഹമ്മദ്(സ്വ), ഈസാ നബിയുടെ മാതാവിനെ വിവാഹം കഴിക്കുമെന്ന് ഖാദിയാനി പ്രവാചകന്റെ 'ദിവ്യഗ്രന്ഥ'ത്തിലേ കാണൂ!

### ആണും പെണ്ണുമല്ലാത്ത അഭിശപ്തൻ

1894 ഒക്ടോബറിൽ തബ്‌ലീഗെ രിസാലാത്തിൽ പ്രസിദ്ധീകരിച്ച മിർസായുടെ 4000 രൂപയുടെ സമ്മാന പരസ്യം കൂടി വായിച്ച് നമുക്ക് ഇത് അവസാനിപ്പിക്കാം:

"ഞാൻ അവസാനമായി സർവശക്തനും സർവജ്ഞനുമായ അല്ലാഹുവിനോട് പ്രാർഥിക്കുന്നു. ആഥമിന്റെ മരണവും മുഹമ്മദീ ബീഗവുമായുള്ള വിവാഹവും സംബന്ധിച്ച പ്രവചനങ്ങൾ നിന്റെയടുത്തു നിന്നായിരുന്നുവെങ്കിൽ, സാമാന്യജനങ്ങൾക്ക് തെളിവായും അസൂയാലുക്കളായ എതിരാളികൾക്ക് വായടപ്പൻ മറുപടിയായും ഇവ നീ സത്യമായി പുലർത്തേണമേ. ഇവ നിന്റെയടുത്തുനിന്നല്ലായിരുന്നു എങ്കിൽ എന്നെ ആണും പെണ്ണുമല്ലാത്ത നിന്ദ്യനായി മരിപ്പിക്കേണമേ. ശത്രുക്കൾ മനസ്സിലാക്കുന്നതുപോലെ ഞാൻ അഭിശപ്തനും നീചനുമായ ദജ്ജാലാണെങ്കിൽ ഈ പ്രവചനങ്ങൾ പുലരില്ല" (വാല്യം 3, പേജ്186).

*(തുടരും)*





# വിശ്വാസിയുടെ രഹസ്യജീവിതം

**സഫ്‌വാൻ അൽഹികമി, ആമയൂർ**

മഹാനായ സ്വഹാബിവര്യൻ സൗബാൻ(റ) ഉദ്ധരിക്കുന്നു: "പ്രവാചകൻ(സ്വ) പറഞ്ഞു: 'വെള്ള തിഹാമ പർവതം കണക്കെ നന്മകളുമായി അന്ത്യനാളിൽ കടന്നുവരുന്ന, എന്റെ സമുദായത്തിൽ പെട്ട ഒരു വിഭാഗത്തെ എനിക്കറിയാം. എന്നാൽ അല്ലാഹു ആ നന്മകളെ ചിതറിയ ധൂമപടലങ്ങളാക്കി മാറ്റും.' സൗബാൻ(റ) പറഞ്ഞു: 'അല്ലാഹുവിന്റെ റസൂലേ, അവരെക്കുറിച്ച് ഞങ്ങൾക്ക് പറഞ്ഞുതരിക, അവരെപ്പറ്റി അറിയാത്തതിന്റെ പേരിൽ ഞങ്ങൾ അവരിൽ പെട്ടുപോകരുതല്ലോ!' പ്രവാചകൻ(സ്വ) പറഞ്ഞു: 'അവർ നിങ്ങളുടെ കൂട്ടത്തിൽപെട്ട നിങ്ങളുടെ സഹോദരങ്ങൾ തന്നെയാണ്. നിങ്ങൾ രാത്രി എഴുന്നേറ്റ് നമസ്കരിക്കാറുള്ളതുപോലെ അവരും നമസ്കരിക്കാറുണ്ട്. പക്ഷേ, അല്ലാഹു നിഷിദ്ധമാക്കിയ കാര്യങ്ങളിൽ അവർ തനിച്ചായാൽ, അവർ അത് ലംഘിക്കുന്നതാണ്'' (ഇബ്നുമാജ).

ഹിജാസിൽനിന്നും നബി(സ്വ) വിലയ്ക്ക് വാങ്ങി മോചിപ്പിച്ച അടിമയായിരുന്നു സൗബാൻ(റ). ശേഷം പ്രവാചകന്റെ കൂടെ കഴിയുകയും പ്രവാചകനിൽനിന്നും ധാരാളം അറിവ് കരസ്ഥമാക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത സ്വഹാബി ഉദ്ധരിക്കുന്ന ഈ ഹദീസിൽ നബി(സ്വ), ഒരു മുസ്‌ലിം തന്റെ രഹസ്യജീവിതത്തിൽ കാത്തുസൂക്ഷിക്കേണ്ട പവിത്രതയെ കുറിച്ചാണ് സൂചിപ്പിക്കുന്നത്. ഒരു മനുഷ്യായുസ്സിന്റെ പ്രധാന ലക്ഷ്യം പരലോകത്തിലെ വിജയത്തിനുതകുന്ന കാര്യങ്ങൾ ചെയ്യുക എന്നതാണ്. അതിൽ ഏറ്റവും പ്രധാനം വിശ്വാസവും സൽകർമവുമാണ്. ഇവ രണ്ടിനെയും ഇല്ലായ്മ ചെയ്യുന്ന പാപമാണ് ഗോപ്യമായ തിന്മ എന്നത്.

ഒരാൾക്കും സ്വയം നിശ്ചയിക്കാനാവാത്തവിധം സ്രഷ്ടാവ് കനിഞ്ഞു നൽകിയ ആയുസ്സിൽ, തന്നാലാവുന്നവിധം നന്മകൾ ചെയ്തു ജീവിക്കേണ്ടവരാണ് സത്യവിശ്വാസികൾ. താൻ ആത്മാർഥതയോടെയും പ്രയാസങ്ങളും കഷ്ടപ്പാടുകളും സഹിച്ചുകൊണ്ടും ചെയ്തുതീർത്ത പുണ്യങ്ങളുടെ പ്രതിഫലം നിഷ്ഫലമാകുന്ന അവസ്ഥ എത്രമാത്രം ഗൗരവമേറിയതാണ്!

മറ്റുള്ളവർ തന്നെ കാണുന്നുണ്ടെന്ന ബോധത്തോടെ പ്രകടമായി ഉത്തമജീവിതം നയിക്കുന്ന ഒരു വ്യക്തി തന്റെ റബ്ബ് മാത്രം കാണുന്ന വേളയിൽ തിന്മകൾ ചെയ്യുന്നുണ്ടെങ്കിൽ അതിനർഥം നിസ്സാരരായ സൃഷ്ടികളുടെ വിലപോലും തന്റെ സ്രഷ്ടാവിന് അവൻ നൽകുന്നില്ല എന്നതാണെന്ന് മഹാനായ പണ്ഡിതൻ ഇബ്നു ഹജറുൽ ഹൈത്തമി ഈ ഹദീസിനെ വിശദീകരിച്ചുകൊണ്ട് പറയുന്നുണ്ട്. അതൊരുതരം കാപട്യമാണ്, അല്ല തനി കാപട്യം തന്നെയാണ്.

എന്നെ ആരും കാണുന്നില്ല എന്ന തോന്നലുണ്ടാകുമ്പോൾ മറ്റുള്ളവരുടെ മുന്നിൽ ചെയ്യാൻ മടിക്കുന്ന പല തിന്മകളും ചെയ്തുകൂട്ടുക എന്നത് തക്‌വയുടെ കുറവാണ് സൂചിപ്പിക്കുന്നത്.

പ്രവാചക വചനത്തിൽ സൂചിപ്പിച്ച വിഭാഗത്തിൽ നാം ഓരോരുത്തരും അകപ്പെട്ടിട്ടുണ്ടോ എന്ന് സ്വയം വിലയിരുത്തേണ്ടതുണ്ട്. മുൻകാലത്ത് പല പ്രയാസങ്ങളും സഹിച്ചുകൊണ്ട് മാത്രം ഒളിഞ്ഞും മറഞ്ഞും ചെയ്യാൻ കഴിഞ്ഞിരുന്ന പല തിന്മകളും ഇന്ന് നിഷ്പ്രയാസം സ്വന്തം കിടപ്പുമുറിയിലും ആൾക്കൂട്ടത്തിനിടയിൽ പോലും ആരുമറിയാതെ വിരൽത്തുമ്പുകൊണ്ടുള്ള ക്ലിക്കിലൂടെ ചെയ്യാൻ കഴിയുന്ന കാലമാണിത്. നമ്മുടെ കൈവശമിരിക്കുന്ന മൊബൈൽ ഫോണുകൾക്ക് നമ്മുടെ പരലോക ജീവിതംതന്നെ തകർത്തുകളയാനും അവിടെവച്ച് നമ്മെ അപമാനിക്കാനുമുള്ള ശേഷിയുണ്ടെന്നത് നാം മറന്നു പോകരുത്.

രഹസ്യജീവിതത്തിൽ സൂക്ഷ്മത പുലർത്തുന്ന വിഷയത്തിൽ മുൻഗാമികളെ നാം മാതൃകയാക്കണം. പാപസുരക്ഷിതനായ നബി(സ്വ) പോലും കാലിൽ നീരുകെട്ടുമാറ് രാത്രിയിൽ എഴുന്നേറ്റ് നമസ്കരിക്കുകയും ദിനേന അനേകം തവണ പാപമോചനം തേടുകയും ചെയ്തിരുന്നു എന്നതിലപ്പുറം മറ്റെന്തു മാതൃകയാണ് ഒരു വിശ്വാസിക്കുവേണ്ടത്?

# സമസ്തയുടെ അടിവേരറുക്കുന്ന ഉലമാസമ്മേളനം

മൂസ സ്വലാഹി കാര
:97473 45768

**പത്തൊമ്പതാം നൂറ്റാണ്ടുവരെ നിലനിന്നിരുന്ന വികലമായ ശിയാ-സൂഫീ ചിന്താധാരകളെ വകഞ്ഞുമാറ്റി സ്ഥാപിതമായ പ്രഥമ പണ്ഡിതസഭയായ 'കേരള ജംഇയ്യത്തുൽ ഉലമ'യെ പിളർത്തിക്കൊണ്ടാണ് 'സമസ്ത' രൂപീകൃതമാവുന്നത്. ഇന്ന്, വ്യക്തികേന്ദ്രീകൃത ത്വരീക്വത്തുകൾ കാടുകയറി 'മുദബ്ബിറുൽ ആല'മിൽ വരെ ചെന്നെത്തിനിൽക്കുകയാണ്. സംഘടനയിലെ ആഭ്യന്തരകലഹം മൂലമോ പരലോകത്തെ കുറിച്ചുള്ള ഭയം നിമിത്തമോ നേതൃത്വത്തിൽനിന്ന് ഇടയ്ക്കിടക്ക് സത്യങ്ങൾ പുറത്തുവരുന്നത് ശുഭോദർക്കമാണ്.**

**കാര്യ-കാരണ ബന്ധങ്ങൾക്കതീതമായി മഹാന്മാർ സഹായിക്കുമെന്നും അവർക്ക് ജീവിതകാലത്തും മരണശേഷവും അത്ഭുതങ്ങൾ കാണിക്കാൻ ഇച്ഛാസ്വാതന്ത്ര്യമുണ്ടെന്നും അവർ വ്യത്യസ്ത പദവികൾ അലങ്കരിക്കുന്നവരാണെന്നുമുള്ള ശിയാ വിശ്വാസത്തിൽ വളർന്ന് വലുതായ സമസ്ത ഇപ്പോൾ തളർന്ന് തകരുന്ന കാഴ്ചയാണ് കണ്ടുകൊണ്ടിരിക്കുന്നത്.**

അഹ്‌ലുസ്സുന്ന വൽജമാഅയുടെ വിശ്വാസാചാരങ്ങൾ കെട്ടുറപ്പുള്ളതും പ്രമാണഭദ്രവുമാണ്. അതിൽനിന്ന് വ്യതിചലിച്ചവരും അതിനെ വക്രീകരിക്കാൻ ശ്രമിച്ചവരും അമ്പേ പരാജയപ്പെട്ട ചരിത്രമാണ് ഇന്നോളമുള്ളത്. പത്തൊമ്പതാം നൂറ്റാണ്ടുവരെ നിലനിന്നിരുന്ന ശിയാ-സൂഫീ, വ്യാജത്വരീക്വത്തുകളുടെ നീരാളിപ്പിടുത്തത്തിൽനിന്നും മുസ്‌ലിം സമൂഹത്തെ മോചിപ്പിക്കാനും സംസ്കരിക്കാനും വേണ്ടി ഉണ്ടാക്കപ്പെട്ട, കേരളത്തിലെ പ്രഥമ പണ്ഡിതസഭയായ 'കേരള ജംഇയ്യത്തുൽ ഉലമ അഹ്‌ലുസ്സുന്നത്തി വൽജമാഅ' വ്യക്തികേന്ദ്രീകൃത ത്വരീക്വത്തുകൾ ഇവിടെ വിതച്ച വികലമായ ആശയങ്ങളെ വേരോടെ പിഴുതെറിയാനും മതത്തിന്റെ അടിസ്ഥാന വിശ്വാസത്തിലേക്കും അതിന്റെ പ്രമാണങ്ങളിലേക്കും ജനങ്ങളുടെ ശ്രദ്ധ തിരിക്കുന്നതിനുമാണ് ഊന്നൽ നൽകിയത്. അതുവരെ ഉണ്ടായിരുന്ന ശിയാ ബന്ധം അറ്റുപോകുമോ എന്നു ഭയന്ന പുരോഹിതന്മാർ നവോത്ഥാന നായകന്മാർക്കെതിരെ ഉറഞ്ഞ് തുള്ളുകയും



വരക്കൽ മുല്ലക്കോയ തങ്ങളുടെ മേൽനോട്ടത്തിൽ ‘സമസ്ത കേരള ജംഇയ്യത്തുൽ ഉലമ’ രൂപീകരിച്ച് ശിയാഇസത്തിന് കൂടൊരുക്കുകയും ചെയ്തു.

കാര്യ-കാരണ ബന്ധങ്ങൾക്കതീതമായി മഹാന്മാർ സഹായിക്കുമെന്നും അവർക്ക് ജീവിതകാലത്തും മരണശേഷവും അത്ഭുതങ്ങൾ കാണിക്കാൻ ഇച്ഛാസ്വാതന്ത്ര്യമുണ്ടെന്നും അവർ വ്യത്യസ്ത പദവികൾ അലങ്കരിക്കുന്നവരാണെന്നുമുള്ള ശിയാ വിശ്വാസത്തിൽ വളർന്ന് വലുതായ സമസ്ത ഇപ്പോൾ തളർന്ന് തകരുന്ന കാഴ്ചയാണ് കണ്ടുകൊണ്ടിരിക്കുന്നത്. അവരുടെ അടിസ്ഥാന വിശ്വാസമെന്തെന്ന് നമുക്ക് പരിശോധിക്കാം.

1968ൽ വാഴക്കാട്ടുവെച്ച് നടന്ന സംവാദത്തിൽ ഇ.കെ ഹസൻ മുസ്‌ലിയാർ പറഞ്ഞതായി സുന്നിവോയ്സ് എഴുതിയത് കാണുക: “എന്നാൽ മഹാന്മാർ യഥേഷ്ടം മുഅ്ജിസത്തും കറാമത്തും കാണിക്കുമെന്ന് ഹസൻ മുസ്‌ലിയാർ പറഞ്ഞു. സാധാരണ പ്രവൃത്തികളിൽ സാധാരണ ആളുകൾക്ക് എപ്രകാരം ഇഖ്ത്തിയാറുണ്ടോ അതുപ്രകാരം അസാധാരണ മനുഷ്യർക്ക് അസാധാരണ കാര്യങ്ങളിൽ ഇഖ്ത്തിയാറുണ്ടെന്ന് അദ്ദേഹം വിശദീകരിച്ചു” (സുന്നിവോയ്സ്/2019 ഒക്ടോബർ 1-15/പേജ് 38).

നെല്ലിക്കുത്ത് ഇസ്മാഈൽ മുസ്‌ലിയാർ അദ്ദേഹത്തിന്റെ ‘തൗഹീദ് ഒരു സമഗ്ര പഠനം’ എന്ന പുസ്തകത്തിൽ എഴുതുന്നു: “ചുരുക്കത്തിൽ, ഔലിയാക്കൾ ഉദ്ദേശിക്കുമ്പോഴും അല്ലാത്തപ്പോഴും അവരിൽ നിന്ന് അസാധാരണ സംഭവങ്ങൾ ഉണ്ടാകുന്നതാണ്. സാധാരണക്കാർക്ക് സാധാരണ പ്രവൃത്തികൾ ചെയ്യാനുള്ള ഇച്ഛാസ്വാതന്ത്യം ഉള്ളതുപോലെ ഔലിയാക്കൾക്ക് കറാമത്തുകൾ പ്രകടിപ്പിക്കാനുള്ള ഇഛാ സ്വാതന്ത്ര്യം ഉണ്ട്” (പേജ് 405).

പൊന്മള അബ്ദുൽ ഖാദിർ മുസ്‌ലിയാർ അദ്ദേഹത്തിന്റെ ‘ഫതാവാ മുഹ്‌യിസ്സുന്ന’യിൽ എഴുതിയത് കാണുക: “അസാധാരണ സംഭവങ്ങളാണ് മുഅ്ജിസത്തും കറാമത്തും ആകുന്നത്. സാധാരണക്കാരിൽ നിന്ന് സാധാരണ കാര്യങ്ങൾ ഇഷ്ടത്തിനൊത്തും അല്ലാതെയും സംഭവിക്കുന്നത് പോലെ അസാധാരണക്കാരായ അമ്പിയാ-ഔലിയാക്കളിൽനിന്ന് അസാധാരണ കാര്യങ്ങളായ മുഅ്ജിസത്തും കറാമത്തും

**പത്തൊമ്പതാം നൂറ്റാണ്ടുവരെ നിലനിന്നിരുന്ന ശിയാ-സൂഫീ, വ്യാജത്വരീഖത്തുകളുടെ നീരാളിപ്പിടുത്തത്തിൽനിന്നും മുസ്‌ലിം സമൂഹത്തെ മോചിപ്പിക്കാനും സംസ്കരിക്കാനും വേണ്ടി ഉണ്ടാക്കപ്പെട്ട, കേരളത്തിലെ പ്രഥമ പണ്ഡിത സഭയായ ‘കേരള ജംഇയ്യത്തുൽ ഉലമ അഹ്‌ലുസ്സുന്നത്തി വൽ ജമാഅ’ വ്യക്തികേന്ദ്രീകൃത ത്വരീഖത്തുകൾ ഇവിടെ വിതച്ച വികലമായ ആശയങ്ങളെ വേരോടെ പിഴുതെറിയാനും മതത്തിന്റെ അടിസ്ഥാന വിശ്വാസത്തിലേക്കും അതിന്റെ പ്രമാണങ്ങളിലേക്കും ജനങ്ങളുടെ ശ്രദ്ധ തിരിക്കുന്നതിനുമാണ് ഊന്നൽ നൽകിയത്. അതുവരെ ഉണ്ടായിരുന്ന ശിയാ ബന്ധം അറ്റുപോകുമോ എന്നു ഭയന്ന പുരോഹിതന്മാർ നവോത്ഥാന നായകന്മാർക്കെതിരെ ഉറഞ്ഞ് തുള്ളുകയും വരക്കൽ മുല്ലക്കോയ തങ്ങളുടെ മേൽനോട്ടത്തിൽ ‘സമസ്ത കേരള ജംഇയ്യത്തുൽ ഉലമ’ രൂപീകരിച്ച് ശിയാഇസത്തിന് കൂടൊരുക്കുകയും ചെയ്തു.**

**ശിയാക്കളും സമസ്തയും തമ്മിലുള്ള ഒരുമ സമസ്തക്കാർതന്നെ പറയുന്നത് കാണുക: "മരിച്ചുപോയ പ്രവാചകന്മാർക്കും ഔലിയാഅ് എന്ന് പറയുന്ന പുണ്യാത്മാക്കൾക്കും അവരുടെ മരണശേഷവും ഭൗതിക ലോകത്തെ കാര്യങ്ങളിൽ ഇടപെടാനും ലോകരെ സഹായിക്കാനും വേണമെങ്കിൽ ഉപദ്രവിക്കാനും അല്ലാഹു കഴിവ് നൽകുമെന്നാണ് അശ്അരി-മാതുരീദി സുന്നികളുടെ വിശ്വാസം. ഇതു തന്നെ ശിയാക്കളും വിശ്വസിക്കുന്നത്'' (അൽമുബാറക്/1989 ആഗസ്റ്റ് 16/ പേജ് 8). എല്ലാത്തിന്റെയും അധികാരവും മുഴുവൻ കൈകാര്യകർതൃത്വവും അല്ലാഹുവിന് മാത്രമാണെന്ന ഇസ്‌ലാമിന്റെ യഥാർഥ ആശയത്തിന് ഘടകവിരുദ്ധവും അതിന്റെ പ്രമാണങ്ങളെ പരിഹസിക്കുന്നതുമായ വാദങ്ങളാണിത്.**

ഇഷ്ടത്തിനൊത്തും അല്ലാതെയും സംഭവിക്കും'' (പേജ് 401).

ഔലിയാക്കൾക്ക് ചെയ്യാൻ കഴിയുന്ന അസാധാരണ കാര്യങ്ങൾ ഏതെല്ലാമെന്ന് എം.എ അബ്ദുൽ ഖാദിർ മുസ്‌ലിയാർ എഴുതുന്നു: "മരിച്ചവരെ ജീവിപ്പിക്കുക, അവരുമായി സംസാരിക്കുക, സമുദ്രം ഉണങ്ങുക, വസ്തുക്കൾ മറ്റൊന്നായി മാറിപ്പോവുക, വിവിധ രൂപത്തിൽ ഒരേസമയത്ത് പല സ്ഥലങ്ങളിൽ പ്രത്യക്ഷപ്പെടുക, നിമിഷ നേരംകൊണ്ട് ഉദ്ദിഷ്ട സ്ഥലത്ത് എത്തുക, അചേതന വസ്തുക്കളുടെ ആശയ വിനിമയങ്ങൾ ഗ്രഹിക്കുക, ശരീരത്തിൽ വിഷം ഫലിക്കാതിരിക്കുക, ശത്രുക്കളുടെ ദൃഷ്ടിയിൽനിന്ന് രക്ഷപ്പെടുക എന്നിവ അവയിൽ ചിലതാണ്'' (ഔലിയാക്കൾ ഒരു പഠനം/ പേജ് 27).

ഈ വാദത്തിൽ ശിയാക്കളും സമസ്തയും തമ്മിലുള്ള ഒരുമ സമസ്തക്കാർതന്നെ പറയുന്നത് കാണുക: "മരിച്ചുപോയ പ്രവാചകന്മാർക്കും ഔലിയാഅ് എന്ന് പറയുന്ന പുണ്യാത്മാക്കൾക്കും അവരുടെ മരണശേഷവും ഭൗതിക ലോകത്തെ കാര്യങ്ങളിൽ ഇടപെടാനും ലോകരെ സഹായിക്കാനും വേണമെങ്കിൽ ഉപദ്രവിക്കാനും അല്ലാഹു കഴിവ് നൽകുമെന്നാണ് അശ്അരി-മാതുരീദി സുന്നികളുടെ വിശ്വാസം. ഇതു തന്നെ ശിയാക്കളും വിശ്വസിക്കുന്നത്'' (അൽമുബാറക്/1989 ആഗസ്റ്റ് 16/പേജ് 8).

എല്ലാത്തിന്റെയും അധികാരവും മുഴുവൻ കൈകാര്യകർതൃത്വവും അല്ലാഹുവിന് മാത്രമാണെന്ന ഇസ്‌ലാമിന്റെ യഥാർഥ ആശയത്തിന് ഘടകവിരുദ്ധവും അതിന്റെ പ്രമാണങ്ങളെ പരിഹസിക്കുന്നതുമായ വാദങ്ങളാണിത്.

അല്ലാഹു പറയുന്നു: "അറിയുക; സൃഷ്ടിപ്പും ശാസനാധികാരവും അവന്നുതന്നെയാണ്. ലോകരക്ഷിതാവായ അല്ലാഹു മഹത്ത്വപൂർണനായിരിക്കുന്നു'' (ക്വുർആൻ 7:54).

ഇഷ്ടദാസന്മാർക്ക് ഇങ്ങനെ ഒരു സ്വാതന്ത്ര്യം അല്ലാഹു കൊടുത്തിട്ടുണ്ടെങ്കിൽ അവൻ നിശ്ചയിച്ച വ്യവസ്ഥകൾക്ക് എന്ത് മഹത്ത്വമാണുള്ളത്? നബി(സ്വ) തന്റെ ജീവിതത്തിൽ നീറുന്ന പ്രശ്നങ്ങൾ അനുഭവിച്ചതെന്തിനാണ്? നാല് ഖലീഫമാർ കഠിന പരീക്ഷണങ്ങൾ അഭിമുഖീകരിച്ചതിന്റെ അർഥമെന്താണ്? അഹ്‌ലുസ്സുന്ന വൽജമാഅയുടെ പണ്ഡിതന്മാർ കടുത്ത പ്രതിസന്ധികളെ നേരിട്ടതെന്തിനാണ്?

അവിശ്വാസികളുടെ ആരാധ്യന്മാരുടെ നിസ്സാരത ബോധ്യപ്പെടുത്തി ക്വുർആൻ പറഞ്ഞതാണ് ഇവരോട് ഉണർത്താനുള്ളത്.

അല്ലാഹു പറയുന്നു: "തങ്ങൾക്ക് സഹായം ലഭിക്കുവാൻ വേണ്ടി അല്ലാഹുവിനു പുറമെ പല ആരാധ്യരെയും അവർ സ്വീകരിച്ചിരിക്കുന്നു. അവരെ സഹായിക്കാൻ അവർക്ക് (ആരാധ്യർക്ക്) സാധിക്കുകയില്ല. അവർ അവർക്ക് (ആരാധ്യർക്ക്) വേണ്ടി സജ്ജീകരിക്കപ്പെട്ട പട്ടാളമാകുന്നു'' (36:74,75).




അല്ലാഹുവിന്റെ സൃഷ്ടികളിൽ ശ്രേഷ്ഠരും ഔലിയാക്കളിൽ ഉന്നതരുമായ നബി(സ്വ)ക്ക് പോലും അവിശ്വാസികളുടെ ചോദ്യങ്ങൾക്ക് മുമ്പിൽ ഇഷ്ടാനുസരണം ഒന്നും ചെയ്യാൻ സാധിച്ചിട്ടില്ല. അദ്ദേഹത്തിനുതന്നെയും ഒരു ഉപകാരത്തെ കീഴ്പ്പെടുത്താനോ, ഉപദ്രവത്തെ തടുക്കാനോ കഴിഞ്ഞിട്ടില്ല. അല്ലാഹു പറയുന്നു:

"(നബിയേ,) പറയുക: എന്റെ

സ്വന്തം ദേഹത്തിനുതന്നെ ഉപകാരമോ ഉപദ്രവമോ വരുത്തൽ എന്റെ അധീനത്തിൽ പെട്ടതല്ല; അല്ലാഹു ഉദ്ദേശിച്ചതൊഴികെ. എനിക്ക് അദൃശ്യകാര്യമറിയാമായിരുന്നുവെങ്കിൽ ഞാൻ ധാരാളം ഗുണം നേടിയെടുക്കുമായിരുന്നു. തിൻമ എന്നെ ബാധിക്കുകയുമില്ലായിരുന്നു. ഞാനൊരു താക്കീതുകാരനും വിശ്വസിക്കുന്ന ജനങ്ങൾക്ക് സന്തോഷമറിയിക്കുന്നവനും മാത്രമാണ്"(7:188).

അനേകം വ്യാജന്മാരുടെ പേരിൽ സമസ്ത മുസ്‌ലിയാക്കന്മാർ ഒരു നൂറ്റാണ്ട് കാലമായി പ്രചരിപ്പിച്ച് നടക്കുന്ന പലതരം കള്ളക്കറാമത്തുകളുടെയും ഒടുവിലത്തെ അവതാരമാണ് മനോനില തെറ്റി ജീവിച്ച സി.എം മടവൂർ. അയാളെപ്പറ്റി 'മുദബ്ബിറുൽ ആലം'(ലോകം നിയന്ത്രിക്കുന്നവൻ), 'ഖുതുബുൽ ആലം' (ലോകത്തിന്റെ കേന്ദ്രം) എന്നൊക്കെയാണ് സമസ്ത മുശാവറയുടെ തലവൻ കാന്തപുരം അബൂബക്കർ മുസ്‌ലിയാർ വിശേഷിപ്പിച്ചിട്ടുള്ളത്. വിശുദ്ധ ക്വുർആനിനെ ദുർവ്യാഖ്യാനിച്ചും പ്രഗത്ഭരായ ഇമാമുമാരുടെമേൽ വ്യാജം പറഞ്ഞുമാണ് ഇയാളിത് സമർഥിക്കാൻ ശ്രമിച്ചിട്ടുള്ളത്.

പുരോഹിതന്മാരുടെ 'തള്ളൽ' കൊണ്ടും അമ്പരപ്പിക്കുന്ന അത്ഭുത പ്രകടന കഥകൾകൊണ്ടും സി.എം മടവൂർ അലംകൃതനായി. മർക്കസിലെ ഉസ്താദായ അബ്ദുൽ ബസ്വീർ സഖാഫി എഴുതിയതു കാണുക: "കാരുണ്യവും പുണ്യവും പ്രതീക്ഷിച്ച് വീടുകളിലും സദസ്സുകളിലും ഓതാൻ അർഹതയുള്ളതെന്ന് കാന്തപുരം അവതാരിക നൽകിയതുമായ 'അൽമൗലിദുന്നൂരി ലിൽഗൗസിൽ മടവൂരി' എന്ന ഗ്രന്ഥത്തിൽ ഇപ്രകാരം കാണാം: 'പുറമണ്ണ ഇസ്മായീൽ സഖാഫി ഗൗസായ സിഎമ്മിൽ നിന്ന് ബറകത്തെടുക്കാൻ വേണ്ടി ചെന്നപ്പോൾ നിങ്ങൾ ഖുതുബുൽ അഖ്താബും മുദബ്ബിറുൽ ആലമുമാണെന്ന് പറഞ്ഞപ്പോൾ അദ്ദേഹമത് ശരിവെച്ചു" (പേജ് 89).

5

قال الامام إبن حجر الهيتمى فى شرح هذا الحديث : قوله (خيرًا) قال الشافعى رضى الله تعالى عنه: لكن بعد أن يتفكر فيما يريد أن يتكلم به، فإذا ظهر له أنه خيرٌ محقَّقٌ لا يَتَرتّبُ عليه مفسدة ، ولا يجر إلى كلامٍ محرمٍ ، أو مكروهٍ أتى به . (فتح المبين 151)

قال الإمام ابن دقيق العيد: وقال بعضهم فى معنى هذا الحديث: إذا أراد الإنسان أن يتكلم ،فإن كان ما يتكلم به خيرا محققًا يثاب عليه فليتكلم،وإلا فليمسك عن الكلام ،سواء ظهر أنه حرام أو مكروه أو مباح ،فعلى هذا يكون الكلام المباح مأمورا بتركه مندوبا إلى الإمساك عنه ،مخافة أن ينجر إلى المحرم أو المكروه،وقد يقع ذلك كثيرا. (شرح الأربعين النووية لإبن دقيق العيد 91)

*حفظ الآداب واجب فى التعليم*

قال الإمام الغزالى : ومهما اشتغل بالتعليم فقد تقلد أمرا عظيما وخطرا جسيما فليحفظ آدابه ووظائفه .

ومن الوظائف الشفقة قال رسول الله صلى الله عليه و سلم إنما أنا لكم مثل الوالد لولده ، بأن يقصد إنقاذهم من نار الآخرة وهو أهم من إنقاذ الوالدين ولدهما من نار الدنيا .

ومنها أن يقتدى بصاحب الشرع صلوات الله عليه وسلامه ، فلا يطلب على إفادة العلم أجرا ،ولا يقصد به جزاء ، ولا شكرا ، بل يعلم لوجه الله تعالى ، وطلبا للتقرب إليه ، ولا يرى لنفسه منة عليهم ، وإن كانت المنة لازمة عليهم .

ومنها :أن يكون الزجر بطريق التعريض ما أمكن ولا يصرح ، وبطريق الرحمة لا بطريق التوبيخ ، فإن التصريح يهتك حجاب الهيبة ، ويورث الجرأة على الهجوم بالخلاف ، ويهيج الحرص على الإصرار.

ومن أهمها: ان لا يلقى إليه ما لا يبلغه عقله ، فينفره ،أو يخبط عليه عقله ،اقتداء فى ذلك بسيد البشر صلى الله عليه و سلم، حيث قال: "نحن معاشر الأنبياء أمرنا أن ننزل الناس منازلهم ، ونكلمهم على قدر عقولهم" وقال صلى الله عليه و سلم : "ما أحد يحدث قوما بحديث لا تبلغه عقولهم ، إلا كان فتنة على بعضهم" (احياء علوم الدين 81/1)

*التميز بين المستمعين والمستفيدين*

വിശ്വാസികളുടെ ബുദ്ധിക്ക് ഉൾകൊള്ളാൻ പ്രയാസപ്പെടുന്നതും സംശയങ്ങൾ ജനിപ്പിക്കുന്നതും സത്യമാണെന്ന് തെളിയിക്കാൻ കഴിയാത്തതും കേട്ടുകേൾവിയുടെ അടിസ്ഥാനത്തിലും സംസാരിക്കരുത് .
സർവ്വ സൃഷ്ടികളെയും നിയന്ത്രിക്കുന്ന വലിയ്യ് .
പ്ലെയിനുകൾ മുഴുവൻ ഒരു വലിയ്യ് കണ്ണ് ചിമ്മിയാൽ കൂട്ടിയിടിക്കും . തുടങ്ങിയ വാചകങ്ങൾ സംശയങ്ങൾ ജനിപ്പിക്കും.

قال النووى : و(إِيَّاكَ وَالشَّنَاعَةَ فِى الْحَدِيثِ) وَمَعْنَى كَلَامِهِ أَنَّهُ حَذَّرَهُ أَنْ يُحَدِّثَ بِالْأَحَادِيثِ الْمُنْكَرَةِ الَّتِي يَشْنُعُ عَلَى صَاحِبِهَا وَيُنْكَرُ وَيَقْبُحُ حَالُ صَاحِبِهَا فَيُكَذَّبُ أَوْ يُسْتَرَابُ فِى رِوَايَاتِهِ فَتَسْقُطُ مَنْزِلَتُهُ وَيَذِلُّ فِى نَفْسِهِ وَاللَّهُ سُبْحَانَهُ وَتَعَالَى أَعْلَمُ (شرح مسلم 71/1)

എല്ലാ സത്യവും എല്ലാവരോടും പറയാനുള്ളതല്ല . വിശ്വാസത്തിലും കർമ്മത്തിലും തെറ്റിദ്ധാരണക്ക് വഴി വെക്കുന്നത് പറയാതിരിക്കണം , സോഷ്യൽ മീഡിയ യുഗത്തിൽ എവിടെ പറഞ്ഞാലും പരസ്യമാണ് , അതിനാൽ പ്രബോധകർ പ്രത്യേകം ശ്രദ്ധിക്കണം .

**അനേകം വ്യാജന്മാരുടെ പേരിൽ സമസ്ത മുസ്‌ലിയാക്കന്മാർ ഒരു നൂറ്റാണ്ട് കാലമായി പ്രചരിപ്പിച്ച് നടക്കുന്ന പലതരം കള്ളക്കറാമത്തുകളുടെയും ഒടുവിലത്തെ അവതാരമാണ് മനോനില തെറ്റി ജീവിച്ച സി.എം മടവൂർ. അയാളെപ്പറ്റി 'മുദബ്ബിറുൽ ആലം'(ലോകം നിയന്ത്രിക്കുന്നവൻ), 'ഖുതുബുൽ ആലം' (ലോകത്തിന്റെ കേന്ദ്രം) എന്നൊക്കെയാണ് സമസ്ത മുശാവറയുടെ തലവൻ കാന്തപുരം അബൂബക്കർ മുസ്‌ലിയാർ വിശേഷിപ്പിച്ചിട്ടുള്ളത്. വിശുദ്ധ ക്വുർആനിനെ ദുർവ്യാഖ്യാനിച്ചും പ്രഗത്ഭരായ ഇമാമുമാരുടെമേൽ വ്യാജം പറഞ്ഞുമാണ് ഇയാളിത് സമർഥിക്കാൻ ശ്രമിച്ചിട്ടുള്ളത്.**

സമസ്തയുടെ സങ്കൽപത്തിലെ ഈ 'മുദബ്ബിറി'ന്റെ ജീവിതത്തിലെ വ്യത്യസ്ത ഘട്ടങ്ങളെ കുറിച്ച് അവർ തന്നെ എഴുതിയത് കാണുക:

"ശൈഖ് സിഎമ്മിന്റെ ജീവിതം മൂന്ന് ഘട്ടങ്ങളിലൂടെ കടന്നുപോയി. ആദ്യം ശരീഅത്തിന്റെ ജീവിത സരണിയിൽ മികച്ചൊരധ്യാപകൻ. പിന്നീട് സാത്വിക സഹവാസത്തിലൂടെ സൂഫിമാർ നയിച്ച പരിവ്രാജക ജീവിതത്തിലാണദ്ദേഹം എത്തിയത്. വലിയുല്ലാഹി ആലുവാ അബൂബക്കർ മുസ്‌ലിയാരുടെ കൂടെ കുറച്ചു കാലം കഴിച്ചുകൂട്ടി. മുസ്‌ലിയാർ മജ്ദൂബായിരുന്നു. ഈശ്വരപ്രേമത്തിന്റെ കരകാണാക്കയത്തിലിറങ്ങുന്ന സൂഫിമാരുടെ ബോധമനസ്സിനേൽക്കുന്ന സംഘർഷങ്ങളാണ് ജദ്ബ്. പക്ഷേ, ശൈഖ് സി. എം നാട്ടിൻ തിരിച്ചുവന്നപ്പോൾ ജദ്ബിൽനിന്നും ഉണർവിന്റെ രണ്ടാം ഘട്ടമായിരുന്നു. ഇക്കാലത്താണ് (1969-70) ഞാൻ അദ്ദേഹവുമായി ബന്ധപ്പെ

ടുന്നത്... മൂന്നാം ഘട്ടത്തിൽ ശരീരത്തിന്റെ ചില ഭാഗങ്ങളെല്ലാം വിട്ടു കൊണ്ടാണ് അദ്ദേഹത്തെ ഞാൻ കാണുന്നത്. താടിയും തലപ്പാവും ഒഴിവാക്കിയിരുന്നു. നമസ്കാരത്തിനു പകരം എല്ലായിടത്തും സുജൂദ്" (സൂഫികളുടെ പാത/സെയ്ത്ത് മുഹമ്മദ് നിസാമി/ പേജ് 62,63).

ചിന്തിക്കുക, മനോനില തെറ്റി മതനിയമങ്ങളെ വെടിഞ്ഞ ഇയാൾ ലോകം നിയന്ത്രിക്കുമെന്ന് പറഞ്ഞാൽ അതൊരു ഭ്രാന്തന്റെ വാക്കായി മാത്രം കാണുകയല്ലേ സാമാന്യ ബുദ്ധിയുള്ളവർ ചെയ്യുക? 'ഈശ്വരപ്രേമത്തിന്റെ കരകാണാക്കയത്തിലിറങ്ങി'യതിനാൽ ഇബാദത്തുകൾ വെടിഞ്ഞു ജീവിച്ച ഒരാളെങ്കിലും സ്വഹാബിമാരിലോ താബിഉകളിലോ ഉണ്ടായിരുന്നോ? സൃഷ്ടികളിൽ മഹോന്നതനും ഏറ്റവും വലിയ വലിയ്യുമായ മുഹമ്മദ് നബി(സ്വ)ക്ക് ഇങ്ങനെയൊരു അവസ്ഥ ഉണ്ടായിച്ചുണ്ടോ? 'മുദബ്ബിറുൽ ആലം' എന്ന പദവിയും ജോലിയും അല്ലാഹുവിന്റെ റസൂലി(സ്വ)ന് പോലും അല്ലാഹു നൽകിയിട്ടില്ല; സിഎമ്മിന് നൽകി(?). അപ്പോൾ ആർക്കാണ് സമസ്തക്കാരുടെ വീക്ഷണത്തിൽ കൂടുതൽ മഹത്ത്വമുള്ളത്? സിഎം മടവൂർ എന്നു മുതൽക്കാണ് 'ലോകം നിയന്ത്രിക്കുന്ന ജോലി ഏറ്റെടുത്തത്? ലോകാരംഭം മുതൽക്കാണോ? ആണെങ്കിൽ കുഞ്ഞിമാഹിൻ കോയയുടെയും ആയിഷയുടെയും മകനായി 1928ൽ കോഴിക്കോട് ജില്ലയിലെ മടവൂരിൽ പിറന്നുവീഴുംവരെ സിഎം എവിടെയിരുന്നാണ് ലോകം നിയന്ത്രിച്ചിരുന്നത്? അല്ല എന്നാണെങ്കിൽ അതുവരെ ആരാണ് ലോകം നിയന്ത്രിച്ചിരുന്നത്? എന്നാണ് ആ ജോലി സിഎം ഏറ്റെടുത്തത്? ആരാണ് ഏൽപിച്ചുകൊടുത്തത്? അല്ലാഹു നേരിട്ടാണോ അതോ ഏതെങ്കിലും മലക്ക് വഴിയാണോ? സമസ്തക്കാരുടെ മറുപടി പ്രതീക്ഷിക്കുന്നു.

**'ഈശ്വരപ്രേമത്തിന്റെ കരകാണാക്കയത്തിലിറങ്ങി'യതിനാൽ ഇബാദത്തുകൾ വെടിഞ്ഞു ജീവിച്ച ഒരാളെങ്കിലും സ്വഹാബിമാരിലോ താബിഉകളിലോ ഉണ്ടായിരുന്നോ? സൃഷ്ടികളിൽ മഹോന്നതനും ഏറ്റവും വലിയ വലിയ്യുമായ മുഹമ്മദ് നബി(സ്വ)ക്ക് ഇങ്ങനെയൊരു അവസ്ഥ ഉണ്ടായിച്ചുണ്ടോ? 'മുദബ്ബിറുൽ ആലം' എന്ന പദവിയും ജോലിയും അല്ലാഹുവിന്റെ റസൂലി(സ്വ)ന് പോലും അല്ലാഹു നൽകിയിട്ടില്ല; സിഎമ്മിന് നൽകി(?). അപ്പോൾ ആർക്കാണ് സമസ്തക്കാരുടെ വീക്ഷണത്തിൽ കൂടുതൽ മഹത്ത്വമുള്ളത്?**

സി.എമ്മിന്റെ സേവകനായി കഴിഞ്ഞ യൂസുഫുൽ ബുഖാരി വൈലത്തൂർ എഴുതി വിട്ടത് നോക്കൂ: "കേരളത്തിലെയും പരിസര സംസ്ഥാനങ്ങളിലെയും ദർഗ്ഗകളിലൂടെ വലിയ ഇബാദത്തുകൾക്ക് പാത്രമായി നിന്ന് കൊടുക്കാൻ ഭാഗ്യം കൈവന്ന നിലങ്ങളത്രയും സി.എമ്മിന് വേണ്ടി നിലകൊണ്ടു എന്നു പറയാം. അഥവാ, സ്ഥലവും കാലവും ചുരുളുക (ത്വയ്യുസ്സമാൻ, ത്വയ്യുൽ മകാൻ) എന്ന കറാമത്ത് സംഭവ്യമായി. ഒരേസമയം സി.എം അവർകളെ പല സ്ഥലത്തും കാണാറുണ്ട്. അത് അവിടുത്തെ കറാമതുകളിലൊന്നായി പരക്കെ അറിയപ്പെട്ടതാണ്" (കറാമത്തുകൾ ഒരൊഴുക്കെന്നപോലെ / പേജ് 7).

പ്രവാചകത്വത്തിന്റെ തെളിവായി നൽകപ്പെട്ട മുഅ്ജിസത്തുകളെ വെല്ലും വിധമുള്ള സമസ്തയുടെ ഈ വിശ്വാസം പമ്പരവിഡ്ഢിത്തമല്ലാതെ മറ്റെന്താണിത്? ശൈഖുൽ ഇസ്‌ലാം ഇബ്നു തൈമിയ്യ(റഹി) പറയുന്നു:

"...നബിമാർക്കും പ്രവാചകന്മാർക്കും താഴെയാണ് ഔലിയാക്കൾ. ശ്രേഷ്ഠതയിലും പ്രതിഫലത്തിലും പദവിയിലും അവർ തുല്യരാകത്തതുപോലെ അവരിൽ ഒരാളുടെ കറാമത്തുകളും പ്രവാചകന്മാരുടെ മുഅ്ജിസത്തുകൾ പോലെയാവില്ല" (അന്നുബൂവ്വാത്ത്).

ചിന്തിക്കുക, മക്കത്തെ അവിശ്വാസികൾ അംഗീകരിച്ച വിശ്വാസം പോലും ഇവർക്കില്ല. അല്ലാഹു പറയുന്നു: "പറയുക: ആകാശത്തുനിന്നും ഭൂമിയിൽ നിന്നും നിങ്ങൾക്ക് ആഹാരം നൽകുന്നത് ആരാണ്? അതല്ലെങ്കിൽ കേൾവിയും കാഴ്ചകളും



അധീനപ്പെടുത്തുന്നത് ആരാണ്? ജീവനില്ലാത്തതിൽനിന്ന് ജീവനുള്ളതും, ജീവനുള്ളതിൽ നിന്ന് ജീവനില്ലാത്തതും പുറപ്പെടുവിക്കുന്നതും ആരാണ്? കാര്യങ്ങൾ നിയന്ത്രിക്കുന്നതും ആരാണ്? അവർ പറയും; 'അല്ലാഹു' എന്ന്. അപ്പോൾ പറയുക; എന്നിട്ടും നിങ്ങൾ സൂക്ഷ്മത പാലിക്കുന്നില്ലേ?'' (10:31).

എക്കാലത്തും സത്യസന്ധരുടെ ആദർശ മുന്നേറ്റവും തെളിവുകൾ മുൻനിർത്തിയുള്ള ചോദ്യം ചെയ്യലും ഇവരെ തളർത്തിയിട്ടുണ്ട്. ഇവരുടെ വിശ്വാസത്തിൽ ലോകം നിയന്ത്രിക്കുന്ന സിഎമ്മിന് അയാളെത്തന്നെ നിയന്ത്രിക്കാനോ, ഇവരെ നിലയ്ക്ക് നിറുത്താനോ കഴിയുന്നില്ല. നാൽപതംഗ മുശാവറ; കാന്തപുരം, പേരോട്, പൊന്മള എന്നിങ്ങനെ മൂന്ന് ചേരിയാക്കപ്പെട്ടു. പകര മുഹമ്മദ് അഹ്സനിയും കൂട്ടരും അതിരുകൾ ലംഘിച്ചതിനാൽ പ്രതിക്കൂട്ടിലായി. സമസ്തയെ ധിക്കരിച്ചുകൊണ്ട് ഹാഫിദ് കെ.സി. അബ്ദുല്ല കുരുവട്ടൂരും സംഘവും 'സാവിയത്തുസ്സുന്ന'യായും അബ്ദുല്ലത്വീഫ് സഅ്ദിയും അനുയായികളും 'മടവൂർ ഖാഫില'യായും പ്രവർത്തിക്കുന്നു. കറാമത്തുകൾ ഉള്ളതാണെങ്കിലും ഇക്കാലത്ത് പറയാൻ പാടില്ലെന്ന വാദത്തിൽ നിഷ്പക്ഷ ഗ്രൂപ്പും രൂപാന്തരപ്പെട്ടു. കൂടാതെ കറാമത്ത് വിവാദത്തിൽ ഇ.കെ വിഭാഗം സമസ്തയും ചിന്നിച്ചിതറുന്നുണ്ട്. സമസ്തയുടെ അറുപതാം വാർഷികത്തിൽ അവരുടെ ശംസുൽ ഉലമ പറഞ്ഞത് 'ഔലിയാക്കളുടെ സംരക്ഷണത്തിലാണ് സമസ്ത' എന്നാണ്. ഈ 'സംരക്ഷണ'ത്തിന്റെ ഫലമായിരിക്കും സമസ്ത ഇന്ന് 'അനുഭവിച്ചു'കൊണ്ടിരിക്കുന്നത്.

ഏക ആരാധ്യനെ വിട്ട് പലരുടെയും പിന്നാലെ ഓടിയ മുസ്‌ലിയാക്കന്മാർ ഈ കുരുക്കിൽ കുടുങ്ങുമ്പോൾ ഖുർആനിന്റെ അധ്യാപനങ്ങൾ ഏറെ പ്രസക്തമാവുകയാണ്. അല്ലാഹു പറയുന്നു: "തന്റെ ദാസന്ന് അല്ലാഹു മതിയായവനല്ലയോ? അവന്ന് പുറമെയുള്ളവരെ പറ്റി അവർ നിന്നെ പേടിപ്പിക്കുന്നു. വല്ലവനെയും അല്ലാഹു പിഴവിലാക്കുന്നപക്ഷം അവന്ന് വഴികാട്ടാൻ ആരുമില്ല'' (39:36).

ഒന്നിലധികം യജമാനന്മാരുടെ കീഴിൽ കഴിയുന്ന ആളുടെ ഉപമ അല്ലാഹു പറയുന്നു: "അല്ലാഹു ഇതാ ഒരു മനുഷ്യനെ ഉപമയായി എടുത്തുകാണിച്ചിരിക്കുന്നു. പരസ്പരം വഴക്കടിക്കുന്ന ഏതാനും പങ്കുകാരാണ് അവന്റെ യജമാനൻമാർ. ഒരു യജമാനന് മാത്രം കീഴ്പെടേണ്ടവനായ മറ്റൊരാളെയും (ഉപമയായി എടുത്തുകാണിച്ചിരിക്കുന്നു). ഉപമയിൽ ഇവർ രണ്ടുപേരും ഒരുപോലെയാകുമോ? അല്ലാഹുവിന് സ്തുതി. പക്ഷേ, അവരിൽ അധികപേരും അറിയുന്നില്ല'' (39:29).

എക്കാലത്തും സത്യസന്ധരുടെ ആദർശ മുന്നേറ്റവും തെളിവുകൾ മുൻനിർത്തിയുള്ള ചോദ്യം ചെയ്യലും ഇവരെ തളർത്തിയിട്ടുണ്ട്. ഇവരുടെ വിശ്വാസത്തിൽ ലോകം നിയന്ത്രിക്കുന്ന സിഎമ്മിന് അയാളെത്തന്നെ നിയന്ത്രിക്കാനോ, ഇവരെ നിലയ്ക്ക് നിറുത്താനോ കഴിയുന്നില്ല. നാൽപതംഗ മുശാവറ; കാന്തപുരം, പേരോട്, പൊന്മള എന്നിങ്ങനെ മൂന്ന് ചേരിയാക്കപ്പെട്ടു. പകര മുഹമ്മദ് അഹ്സനിയും കൂട്ടരും അതിരുകൾ ലംഘിച്ചതിനാൽ പ്രതിക്കൂട്ടിലായി. സമസ്തയെ ധിക്കരിച്ചുകൊണ്ട് ഹാഫിദ് കെ.സി.അബ്ദുല്ല കുരുവട്ടൂരും സംഘവും 'സാവിയത്തുസ്സുന്ന'യായും അബ്ദുല്ലത്വീഫ് സഅ്ദിയും അനുയായികളും 'മടവൂർ ഖാഫില'യായും പ്രവർത്തിക്കുന്നു. കറാമത്തുകൾ ഉള്ളതാണെങ്കിലും ഇക്കാലത്ത് പറയാൻ പാടില്ലെന്ന വാദത്തിൽ നിഷ്പക്ഷ ഗ്രൂപ്പും രൂപാന്തരപ്പെട്ടു. കൂടാതെ കറാമത്ത് വിവാദത്തിൽ ഇ.കെ വിഭാഗം സമസ്തയും ചിന്നിച്ചിതറുന്നുണ്ട്.

ജില്ലകൾതോറും പേരോട് അബ്ദുറഹ്മാൻ സഖാഫി പക്ഷം നടത്തുന്ന ഉലമാ സമ്മേളനങ്ങളിൽ സമസ്തയുടെ ഔദ്യോഗിക ലെറ്റർ ഹെഡ്ഡിൽ വിതരണം ചെയ്യുന്ന 'പുതിയ ആദർശം' സമസ്തയുടെ ഒരു നൂറ്റാണ്ട് കാലത്തെ വിശ്വാസത്തിന്റെ അടിവേരറുക്കുന്നതാണ്. അതിലേ 5,9,10,11,12 പേജുകളിലെ ശ്രദ്ധേയമായ വരികൾ കാണുക:

1. 'വിശ്വാസികളുടെ ബുദ്ധിക്ക് ഉൾകൊള്ളാൻ പ്രയാസപ്പെടുന്നതും സംശയങ്ങൾ ജനിപ്പിക്കുന്നതും സത്യമാണെന്ന് തെളിയിക്കാൻ കഴിയാത്തതും കേട്ടുകേൾവിയുടെ അടിസ്ഥാനത്തിലും സംസാരിക്കരുത്.'
2. 'സർവ്വ സൃഷ്ടികളെയും നിയന്ത്രിക്കുന്ന വലിയ്യ്.'
3. 'പ്ലെയിനുകൾ മുഴുവൻ ഒരു വലിയ്യ് കണ്ണ് ചിമ്മിയാൽ കൂട്ടിയിടിക്കും' തുടങ്ങിയ വാചകങ്ങൾ സംശയങ്ങൾ ജനിപ്പിക്കും.
4. 'എല്ലാ സത്യവും എല്ലാവരോടും പറയാനുള്ളതല്ല. വിശ്വാസത്തിലും കർമ്മത്തിലും തെറ്റിദ്ധാരണക്ക് വഴിവെക്കുന്നത് പറയാതിരിക്കണം. സോഷ്യൽ മീഡിയ യുഗത്തിൽ എവിടെ പറഞ്ഞാലും പരസ്യമാണ്. അതിനാൽ പ്രബോധകർ പ്രത്യേകം ശ്രദ്ധിക്കണം.'
5. 'മഹാന്മാർ നിയമം ലംഘിക്കുന്നവരാണെന്ന് വരുന്നവിധം പുകഴ്ത്തി പറയരുത്.'

6. ‘മഹാന്മാർ അറിയാതെ അല്ലാഹു ഒന്നും പ്രവർത്തിക്കുകയില്ല തുടങ്ങിയ വാചകങ്ങൾപറഞ്ഞ്പുകഴ്ത്തരുത്.’

7. ‘എതിരാളികൾ പരിഹാസത്തിന് വഴിവെക്കുന്നത് പറയാതിരിക്കണം.’

8. ‘സാധ്യത മാനദണ്ഡമാക്കി, നടന്നുവെന്ന് ഉറപ്പില്ലാത്തത് പറയരുത്. സാധ്യതയുള്ളതെല്ലാം നടന്നതാകണമെന്നില്ല.’

9. ‘മഹാന്മാർ ശരീഅത്ത് വിരുദ്ധമായി പ്രവർത്തിച്ചുവെന്ന് ധരിക്കാൻ നിമിത്തമാകുന്ന യാതൊന്നും പറയരുത്. ശരീഅത്ത് വിരുദ്ധമായ വ്യാജൻമാർക്ക് അത് സഹായമാകും. മഹാൻമാരെ തെറ്റിദ്ധരിക്കാനും ഇകഴ്ത്താനും അത് കാരണമാകും.’

10. ‘എല്ലാവരും എന്റെ അക്കൗണ്ടിൽ അയക്കുക, ബദ്‌രീങ്ങൾ ഏറ്റെടുക്കും. ഇത്ര സംഖ്യ നൽകുക, നിങ്ങൾ മരിച്ചാൽ ഞാനും വിദ്യാർത്ഥികളും നിങ്ങളുടെ ഖബറിങ്കൽ വന്ന് ഖുർആൻ ഓതും...’

പുരോഹിതന്മാർ വൻമരമായി കാണുന്ന സമസ്തയുടെ ഉള്ള് പൊള്ളയാണെന്ന് ഇതിൽനിന്ന് വ്യക്തമാണ്. സമസ്തയുടെ പാരമ്പര്യ വിശ്വാസത്തെ തച്ചുടക്കലും അതിന്റെ പൂർവകാല പണ്ഡിതന്മാരെ നിന്ദിക്കലും ഇതിലൂടെ സംഭവിച്ചതിനാൽ വെളുക്കാൻ തേച്ചത് പാണ്ടായ അവസ്ഥയിലാണിപ്പോൾ. ഒരു നൂറ്റാണ്ടിനകം പുരോഹിതന്മാർക്കുണ്ടായ ഈ തിരിച്ചറിവിനെ സലഫികൾ സ്വാഗതം ചെയ്യുന്നതോടൊപ്പം കൂടുതൽ വെളിവുണ്ടാകാൻ ഇതിനെ മുൻനിർത്തി ഗുണകാംക്ഷയോടെ ചില ചോദ്യങ്ങൾ കൂടി ചേർക്കട്ടെ:

**ഒന്നിലധികം യജമാനന്മാരുടെ കീഴിയിൽ കഴിയുന്ന ആളുടെ ഉപമ അല്ലാഹു പറയുന്നു: “അല്ലാഹു ഇതാ ഒരു മനുഷ്യനെ ഉപമയായി എടുത്തുകാണിച്ചിരിക്കുന്നു. പരസ്പരം വഴക്കടിക്കുന്ന ഏതാനും പങ്കുകാരാണ് അവന്റെ യജമാനൻമാർ. ഒരു യജമാനന് മാത്രം കീഴ്പെടേണ്ടവനായ മറ്റൊരാളെയും (ഉപമയായി എടുത്തു കാണിച്ചിരിക്കുന്നു). ഉപമയിൽ ഇവർ രണ്ടുപേരും ഒരുപോലെയാകുമോ? അല്ലാഹുവിന് സ്തുതി. പക്ഷേ, അവരിൽ അധികപേരും അറിയുന്നില്ല’’** (39:29). **ജില്ലകൾതോറും പേരോട് അബ്ദുറഹ്മാൻ സഖാഫി പക്ഷം നടത്തുന്ന ഉലമാ സമ്മേളനങ്ങളിൽ സമസ്തയുടെ ഔദ്യോഗിക ലെറ്റർ ഹെഡ്ഡിൽ വിതരണം ചെയ്യുന്ന ‘പുതിയ ആദർശം’ സമസ്തയുടെ ഒരു നൂറ്റാണ്ട് കാലത്തെ വിശ്വാസത്തിന്റെ അടിവേരറുക്കുന്നതാണ്.**

1. സമസ്തയുടെ സ്ഥാപിതലക്ഷ്യം ഉലമാ സമ്മേളത്തോടെ തകർക്കപ്പെട്ടതിനാൽ, ഇനി യഥാർഥ അഹ്‌ലുസ്സുന്നയിലേക്ക് തിരിച്ച് നടക്കുമോ?

2. പൂർവകാല മുസ്‌ലിയാക്കന്മാർ തുടർന്നുവന്ന ശീഈ വിശ്വാസ-ആചാരങ്ങളെ ഈ പ്രസ്താവനയോടെ തിരുത്താൻ തയ്യാറാകുമോ?

3. സമസ്തയുടെ വിശ്വാസം പഠിച്ച് പല ശിർക്കൻ വിശ്വാസങ്ങളും കൊണ്ടുനടക്കുന്ന സാധാരണക്കാരെ കൂടി ഇത് പഠിപ്പിക്കുമോ?

4. വ്യത്യസ്ത പോരിശകൾ പ്രചരിപ്പിച്ച് വരുമാനത്തിനും ആത്മീയ ചൂഷണത്തിനുമായി സമസ്ത നടത്തുന ജാറങ്ങളും മക്ബ്ബറകളും നീക്കം ചെയ്യുമോ?

5. സമസ്തയുടെ ആദർശം വ്യക്തമായി പറയുന്ന എട്ടാം പ്രമേയം പിൻവലിക്കുമോ?

6. കള്ളക്കറാമത്തുകൾ പ്രചരിപ്പിക്കാനായി നടത്തിയ പ്രമാണ ദുർവ്യാഖ്യാനങ്ങളുടെ സത്യാവസ്ഥ വിശദീകരിക്കുമോ?

7. സമസ്ത നേതാക്കളുടെ പ്രഭാഷണങ്ങളിലും എഴുത്തുകളിലും തള്ളിവിട്ട കഥകൾ മുഴുവൻ പിൻവലിച്ച് സമൂഹത്തോട് മാപ്പ് പറയാൻ തയ്യാറാകുമോ?

9. സി.എം മടവൂരിനെ ലോകം നിയന്ത്രിക്കുന്ന വലിയ്യാക്കാൻ കാന്തപുരം നടത്തിയ ദുർവ്യാഖ്യാനങ്ങൾ മുശാവറക്കും



അണികൾക്കും മുമ്പാകെ തിരുത്തുമോ?


10. നേർമാർഗത്തിൽ അടിയുറച്ച് നിൽക്കുന്ന, അഹ്ലുസ്സുന്നയുടെ ആശയത്തിൽ നിലകൊള്ളുന്ന സലഫികളെ ഇത്രകാലം ഈ വിഷയയത്തിൽ എതിർത്തത് നിങ്ങളുടെ അവിവേകം കാരണമാണെന്ന് സമൂഹത്തെ ബോധ്യപ്പെടുത്തുമോ?
11. മുഹ്‌യിദ്ദീൻ മാല, രിഫാഈ മാല, ബദ്ർ മൗലിദ്, ഖുതുബിയ്യത്ത്, പലവക ഏടുകൾ എന്നിവ സമൂഹത്തിൽനിന്ന് ഒഴിവാക്കുമോ?
12. അന്ധവിശ്വാസങ്ങളുടെ പ്രചാരണത്തിനായി സ്വീകരിച്ച ക്വാദിരിയ്യ, രിഫാഇയ്യ, നൂരിഷ, ചിശ്ത്തി, നഖ്ഷബന്തി, സുഹ്റബർദി ത്വരീക്വത്തുകൾ പിഴച്ചതാണെന് പറയാൻ ധൈര്യം കാണിക്കുമോ?
13. വലിയ്യുകൾക്ക് ഇസ്‌ലാം നൽകാത്ത പദവികൾ നൽകി അവരെ പരിഹാസപാത്രങ്ങളാക്കുന്ന ഏർപ്പാട് അവസാനിപ്പിക്കുമോ?
14. അനുഭവങ്ങൾ ഏതുതന്നെയായാലും അവയെ തെളിവാക്കി മാറ്റുന്ന പ്രവണത നിർത്തലാക്കുമോ?
15. ആത്മീയതയുടെ മറവിൽ നടത്തപ്പെടുന്ന കപട ആത്മീയ സദസ്സുകൾ ഒഴിവാക്കുമോ?
16. അനേകായിരം നുണക്കഥകൾ നിറഞ്ഞ സൂഫീ രചനകൾ വലിച്ചെറിഞ്ഞ് സ്വീകാര്യയോഗ്യരായ ഇമാമുമാരുടെ ഗ്രന്ഥങ്ങളിലേക്ക് മടങ്ങുമോ?
17. നിങ്ങൾ പ്രധാന ഇമാമുകളായി കാണുന്ന ശിയാ-സൂഫിയായ ഇബ്നു അറബിയുടെ 'വഹ്ദത്തുൽ വുജൂദും'(അദ്വൈതം) ഹല്ലാജിന്റെ 'ഹുലൂലും' (അവതാരം), ചിലരുടെ അസഭ്യ പ്രയോഗങ്ങൾക്കുള്ള ന്യായീകരണവും വെടിയുമോ?
18. പുണ്യമെടുക്കുന്നതിനായി നിങ്ങളുടെ ഔലിയാക്കളുടെ തായി സൂക്ഷിക്കപ്പെട്ട ശേഷിപ്പുകൾ നശിപ്പിക്കുമോ?
19. ക്വുർആൻ പറഞ്ഞ മുഅ്ജിസത്തുകളെയും കറാമത്തുകളെയും വ്യാജ കറാമത്തുകൾക്ക് വേണ്ടി ദുരുപയോഗം ചെയ്തത് ശരിയായില്ലെന്ന് തുറന്ന് പറയുമോ?
20. ഇന്ത്യക്കകത്തും പുറത്തുമുള്ള ദർഗകളിലേക്ക് പുണ്യംതേടി പുറപ്പെടുന്ന സിയാറത്ത് യാത്രകൾ അവസാനിപ്പിക്കുമോ?
21. മുദബ്ബിർ വിഷയത്തിൽ സമസ്തയുടെ പുതിയ ആശയ മാറ്റത്തെ ഉൾക്കൊള്ളാത്തവരെ മുശ്രിക്കും കാഫിറുമെന്ന് നിങ്ങൾ വിധിക്കുമോ? അവരെ തുടർന്ന് നിസ്കരിക്കാനോ, അവർ അറുത്തത് ഭക്ഷിക്കാനോ, അവരെ കാദീ-മുഫ്തീ സ്ഥാനത്തിനോ പറ്റുമോ?
22. മുസ്‌ലിംകളിൽ ശിർക്ക് വരില്ല എന്ന് ഇതുവരെ പറഞ്ഞ നിങ്ങൾ ഇപ്പോൾ സമസ്തക്കുള്ളിൽ തന്നെ ശിർക്ക് വന്നു എന്ന് സമ്മതിക്കുന്നു. എങ്കിൽ നിങ്ങളുടെ ആദ്യ വാദങ്ങൾ ദുർവ്യാഖ്യാനമായിരുന്നു എന്ന് തുറന്ന് പറയുമോ?
23. അശ്അരി, മാതുരീദി ഇമാമുമാർക്കില്ലാത്ത വിശ്വാസങ്ങൾ അവരുടെ പേരിൽ പ്രചരിപ്പിച്ചത് നിങ്ങൾ പിൻവലിക്കുമോ?
24. തങ്ങളുടെ പിഴച്ച ആശയത്തെ താങ്ങിനിർത്താൻ ശൈഖുൽ ഇസ്‌ലാം ഇബ്നു തൈമിയ്യ (റഹി)യുടെയും കെ.എം മൗലവി(റഹി)യുടെയും മേൽ പറഞ്ഞ നുണകൾ പിൻവലിക്കുമോ?
25. സി.എം മടവൂരിന്റെ പേരിൽ വ്യാജ കറാമത്തുകൾ കുത്തിനിറച്ച കറാമത്തു പുസ്തകങ്ങൾ നിങ്ങൾപിൻവലിക്കുമോ?

ഇസ്‌ലാമിന്റെ പ്രഭക്കും പ്രതാപത്തിനും മങ്ങലേൽപിക്കുന്ന ഒരു ഭൗതിക ആശയവും വിജയം കാണുകയില്ലെന്നതിന്റെ പല ഉദാഹരണങ്ങളിൽ ഒന്നാണിത്. അല്ലാഹുവിൽനിന്ന് വന്ന യഥാർഥ വെളിച്ചത്തിൽ ജീവിച്ച് സൗഭാഗ്യത്തിന്റെ കണ്ണിയാകാൻ സാധിക്കണം.

അല്ലാഹു പറയുന്നു: "അല്ലാഹു തന്റെ പൊരുത്തം തേടിയവരെ അത് മുഖേന സമാധാനത്തിന്റെ വഴികളിലേക്ക് നയിക്കുന്നു. തന്റെ ഉത്തരവ് മുഖേന അവരെ അന്ധകാരങ്ങളിൽനിന്ന് അവൻ പ്രകാശത്തിലേക്ക് കൊണ്ടുവരികയും നേരായ പാതയിലേക്ക് അവരെ നയിക്കുകയും ചെയ്യുന്നു" (5:16).

*പിൻകുറി: 'സമസ്തയുടെ ഉള്ളിൽ നിന്നും ഈ മഹനീയ പ്രസ്ഥാനത്തെ നശിപ്പിക്കാൻ ശ്രമിച്ചാൽ ഔലിയാക്കൾ തന്നെ അവരെ പുറത്തെറിയും' എന്ന 'ശംസുൽ ഉലമ'യുടെ പ്രഖ്യാപനത്തിന് സമസ്തക്കാർ നൽകുന്ന പുതിയ വ്യാഖ്യാനം അറിയാൻ കൗതുകമുണ്ട്.*

**അല്ലാഹു പറയുന്നു: "അല്ലാഹു തന്റെ പൊരുത്തം തേടിയവരെ അത് മുഖേന സമാധാനത്തിന്റെ വഴികളിലേക്ക് നയിക്കുന്നു. തന്റെ ഉത്തരവ് മുഖേന അവരെ അന്ധകാരങ്ങളിൽനിന്ന് അവൻ പ്രകാശത്തിലേക്ക് കൊണ്ടുവരികയും നേരായ പാതയിലേക്ക് അവരെ നയിക്കുകയും ചെയ്യുന്നു''** (5:16).
**'സമസ്തയുടെ ഉള്ളിൽ നിന്നും ഈ മഹനീയ പ്രസ്ഥാനത്തെ നശിപ്പിക്കാൻ ശ്രമിച്ചാൽ ഔലിയാക്കൾ തന്നെ അവരെ പുറത്തെറിയും' എന്ന 'ശംസുൽ ഉലമ'യുടെ പ്രഖ്യാപനത്തിന് സമസ്തക്കാർ നൽകുന്ന പുതിയ വ്യാഖ്യാനം അറിയാൻ കൗതുകമുണ്ട്.**



ലേഖനം

# മനുഷ്യൻ എന്ന സൃഷ്ടി

മരണാനന്തര ജീവിതം സത്യമോ മിഥ്യയോ? 05

മുബാറക് ബിൻ ഉമർ
: 95391 14860

അണ്ഡാശയങ്ങൾ എസ്ട്രജൻ ഉൽപാദിപ്പിക്കാൻ തുടങ്ങുന്നതുവരെ ഗർഭാശയം സുഷുപ്തിയിലായിരിക്കും. എസ്ട്രജൻ ഗർഭാശയത്തെ ഉണർത്തും. അതിന്റെ വലിപ്പം അൽപം വർധിക്കുകയും കൂടുതൽ മൃദുവായിത്തീരുകയും ചെയ്യും. ഗർഭാശയത്തിന്റെ ഉള്ളിലെ പാളിയായ എൻഡോമെട്രിയത്തിൽ പുതിയ രക്തവാഹിനികളുണ്ടായി അതിലേക്ക് രക്തപ്രവാഹം വർധിക്കും. ചില പുതിയ ഗ്രന്ഥികൾ ഉണ്ടാകുകയും വലുതാകുകയും ചെയ്യുന്നതിന്റെ ഫലമായി എൻഡോമെട്രിയത്തിന്റെ കട്ടി ഒരു മില്ലി മീറ്ററിൽനിന്ന് നാല് മില്ലി മീറ്ററായി വർധിക്കുന്നു. അപ്പോൾ അണ്ഡോത്സർജനം സംഭവിക്കുന്നു. സ്വയം പൊട്ടി അണ്ഡത്തെ സ്വന്തമാക്കിയ ഫോളിക്കിളിൽ പുതിയ ചില കോശങ്ങൾ വളർന്നുവരികയും മഞ്ഞക്കരു(CORPUS LUTEUM) എന്ന് വിളിക്കപ്പെടുന്ന ഒരു ഗ്രന്ഥിയായി മാറുകയും ചെയ്യുന്നു. അതിൽനിന്നുൽപാദിപ്പിക്കപ്പെടുന്ന പ്രോസ്റ്ററോൺ എന്ന പുതിയ ഹോർമോണിന്റെ സ്വാധീനംകൊണ്ട് എൻഡോമെട്രിയത്തിലെ ഗ്രന്ഥികൾ വലുതായി വീർക്കും. അതോടൊപ്പം എൻഡോമെട്രിയം ഒരുതരം ദ്രാവകം സ്രവിക്കാനാരംഭിക്കും. ഇതെല്ലാം ബീജസങ്കലിതമായ അണ്ഡത്തെ സ്വീകരിക്കാനുള്ള ഒരുക്കങ്ങളാണ്. മൂന്നാഴ്ചയോളം പിറ്റിയൂട്ടറി ഗ്രന്ഥിയും അണ്ഡാശയങ്ങളും ഗർഭാശയവും കൂടി ഭ്രൂണത്തെ സ്വീകരിക്കാനും സംരക്ഷിക്കാനുമുള്ള തയ്യാറെടുപ്പിലാണ്. ഇനി ബീജസങ്കലനം നടക്കാതിരുന്നാൽ മഞ്ഞക്കരു ഹോർമോണുകളുടെ ഉദ്പാദനം നിർത്തും. എസ്ട്രജന്റെയും പ്രോജസ്റ്ററൊണിന്റെയും അളവ് പെട്ടെന്ന് കുറയും. അതോടെ എൻഡോമെട്രിയത്തിലെ പുതിയ വളർച്ച അടർന്നുപോകുകയും രക്തവാഹിനികൾ പൊട്ടി രക്തസ്രാവമുണ്ടാകുകയും ചെയ്യും. ഇതാണ് ആർത്തവം.

പുരുഷന്റെ ബീജവും സ്ത്രീയുടെ അണ്ഡവും സംയോജിച്ചാണ് ഭ്രൂണമുണ്ടാകുന്നതെന്ന് പറഞ്ഞല്ലോ, സൃഷ്ടിപ്പിൽതന്നെ ആൺ-പെൺ ആകർഷണം സ്രഷ്ടാവ് സന്നിവേശിപ്പിച്ചിരിക്കുന്നു. മണ്ണിലെ മൂലകങ്ങൾ കൊണ്ട് സൃഷ്ടിക്കപ്പെട്ട മനുഷ്യനിൽ വികാരം, വിചാരം, ബുദ്ധി, ബോധം, ഭാവന തുടങ്ങിയ അതിശയകരങ്ങളായ കഴിവുകൾ നിക്ഷേപിച്ചു. രണ്ട് വർഗങ്ങൾ; ആണും പെണ്ണും. അടിസ്ഥാന ഘടകങ്ങളും ഫോർമുലയും ഒന്നുതന്നെ. എങ്കിലും ശരീര ഘടനയും മാനസിക ഗുണങ്ങളും വികാരങ്ങളും പ്രവണതകളും ഭിന്നമാണ്. അവയ്ക്കിടയിൽ ഓരോന്നിനും മറ്റേതിനു ജോഡിയാവുക എന്ന യോജിപ്പുമുണ്ട്. ശാരീരികവും മാനസികവുമായ അഭിലാഷങ്ങളുടെയും താൽപര്യങ്ങളുടെയും ഉത്തരം ഇണയിൽ കണ്ടെത്തുന്നു. സ്ത്രീയുടെ പ്രകൃതിപരമായ ആവശ്യങ്ങളും താൽപര്യങ്ങളും പുരുഷനിലൂടെ നിവർത്തിക്കപ്പെടുന്നു. പുരുഷന്റെത് സ്ത്രീയിലൂടെ തിരിച്ചും. ഇരു കൂട്ടരും പരസ്പരം ബന്ധപ്പെട്ട് ശാന്തി നേടണം. ഒരു വർഗത്തിൽ മറ്റേ വർഗത്തോട് ചേരാനുള്ള ദാഹം നിക്ഷേപിക്കപ്പെട്ടു. ആകർഷണവും ദാഹവും പൂർത്തീകരിച്ചുകൊണ്ട് പരസ്പരം ഇണകളായി വർത്തിച്ചില്ലെങ്കിൽ ശാന്തിനേടുക അസാധ്യമായിരിക്കും. ഇതാണ് അടിസ്ഥാനം. അങ്ങനെ വീടുണ്ടായി. കുടുംബവും സമൂഹവുമായി. സംസ് കാരവും നാഗരികതയും അങ്ങനെയാണുടലെടുക്കുന്നത്.


> **പുരുഷന്റെ ബീജവും സ്ത്രീയുടെ അണ്ഡവും സംയോജിച്ചാണ് ഭ്രൂണമുണ്ടാകുന്നതെന്ന് പറഞ്ഞല്ലോ, സൃഷ്ടിപ്പിൽ തന്നെ ആൺ-പെൺ ആകർഷണം സ്രഷ്ടാവ് സന്നിവേശിപ്പിച്ചിരിക്കുന്നു. മണ്ണിലെ മൂലകങ്ങൾ കൊണ്ട് സൃഷ്ടിക്കപ്പെട്ട മനുഷ്യനിൽ വികാരം, വിചാരം, ബുദ്ധി, ബോധം, ഭാവന തുടങ്ങിയ അതിശയകരങ്ങളായ കഴിവുകൾ നിക്ഷേപിച്ചു. രണ്ട് വർഗങ്ങൾ; ആണും പെണ്ണും. അടിസ്ഥാന ഘടകങ്ങളും ഫോർമുലയും ഒന്നുതന്നെ. എങ്കിലും ശരീര ഘടനയും മാനസിക ഗുണങ്ങളും വികാരങ്ങളും പ്രവണതകളും ഭിന്നമാണ്. അവയ്ക്കിടയിൽ ഓരോന്നിനും മറ്റേതിനു ജോഡിയാവുക എന്ന യോജിപ്പുമുണ്ട്.**

ബീജവും അണ്ഡവും ഉൽപാദിപ്പിക്കപ്പെടുന്നതെങ്ങനെയെന്ന് വിശദീകരിച്ചു. വൃഷണങ്ങളിൽ ഉത്പാദിപ്പിക്കപ്പെടുന്ന ബീജങ്ങൾ ശ്ലേഷ്മഗ്രന്ഥികളിലും പ്രോസ്റ്റേറ്റ് ഗ്രന്ഥികളിലും ഉൽപാദിപ്പിക്കപ്പെടുന്ന സ്രവങ്ങളുമായി ചേർന്ന് ശുക്ലം പുറത്തുപോകുന്നത് മൂത്രനാളത്തിലൂടെയാണ്. മൂത്രാവയവവും പ്രത്യുൽപാദനാവയവുമായ പുരുഷലിംഗത്തിൽവച്ച് ശുക്ലവും മൂത്രവും ഒരിക്കലും കൂടിക്കലരുന്നില്ല. മൂത്രനാളത്തെ പൊതിഞ്ഞുകൊണ്ട് ഉദ്ധരണകല (ERECTILE TISSUE) കൊണ്ട് നിർമിക്കപ്പെട്ട നീണ്ട രണ്ട് മാംസദളങ്ങളുണ്ട് (COPORA CAVERNOSA). ഈ മാംസദളങ്ങൾക്കുള്ളിൽ അനേകം പഴുതുകളുണ്ട്. ലൈംഗികോത്തേജനം ഉണ്ടാകുമ്പോൾ ഈ പഴുതുകളിൽ രക്തംവന്നു നിറയുകയും മാംസദളങ്ങൾ വീർക്കുകയും ചെയ്യുന്നു. അങ്ങനെ ലിംഗം ഉദ്ധരിക്കും. ഉദ്ധരിക്കുന്നതോടുകൂടി മൂത്രനാളിയിൽനിന്നുള്ള കവാടങ്ങൾ അടയുന്നതുകൊണ്ട് ശുക്ലവും മൂത്രവും കൂടിക്കലരുന്നില്ല. അമ്ല ഗുണമുള്ള മൂത്രം ബീജങ്ങളെ നശിപ്പിക്കും എന്ന സാധ്യത ഉണ്ടാകുന്നില്ല. ഇതിനുപുറമെ മറ്റൊരു സംവിധാനം കൂടിയുണ്ട്. ശുക്ലസ്രാവത്തിനു മുമ്പ് ലിംഗത്തിലൂടെ സ്രവിക്കപ്പെടുന്ന ക്ഷാരഗുണമുള്ള ദ്രാവകം മൂത്രനാളിയിൽ ഉണ്ടാകാനിടയുള്ള അമ്ലാംശങ്ങളെ നിർവീര്യമാക്കും.

സ്രവിക്കപ്പെടുന്ന ശുക്ലത്തിലെ ബീജങ്ങളെല്ലാം ഗർഭാശയത്തിലേക്ക് നീങ്ങുമെങ്കിലും ബഹുഭൂരിഭാഗവും അണ്ഡത്തിനടുത്തെത്തും മുമ്പ് നശിക്കും. ആർത്തവചക്രത്തിന്റെ മധ്യത്തിൽ ഒരണ്ഡം അണ്ഡാശയത്തിൽനിന്ന് വേർപ്പെട്ട് അണ്ഡവാഹിനിക്കുഴലിലേക്ക് സഞ്ചരിക്കുന്നു. ഗർഭാശയമുഖത്തുനിന്നും ബീജം അണ്ഡവാഹിനിക്കുഴലിലെത്താൻ ഒരു മണിക്കൂറെങ്കിലും സമയമെടുക്കും. അണ്ഡോൽസർജനത്തിന് ശേഷം 24 മണിക്കൂറിനുള്ളിൽ ബീജം അണ്ഡവാഹിനിക്കുഴലിലെത്തിയാൽ മാത്രമെ ബീജസങ്കലനം നടക്കൂ. അണ്ഡവാഹിനിക്കുഴലിലെത്തുന്ന നൂറുകണക്കിന് ബീജങ്ങളിൽ ലക്ഷണമൊത്ത ഒന്ന് മാത്രമാണ് അണ്ഡവുമായി സംയോജിക്കുക. അണ്ഡവാഹിനിക്കുഴലിന്റെ ആദ്യഭാഗത്തുവച്ചാണ് സാധാരണയായി ബീജസങ്കലനം നടക്കുക. ബീജസങ്കലനം

നടന്നാൽ അത് സിക്താണ്ഡം (ZYGOTE) എന്നറിയപ്പെടുന്നു. അതാണ് ഭ്രൂണമായിത്തീരുന്നത്. അണ്ഡത്തിനുള്ളിൽ കടക്കുന്നതോടെ ബീജത്തിന്റെ വാൽ നഷ്ടപ്പെടും. അണ്ഡത്തിന്റെ ഭിത്തിക്ക് കട്ടികൂടും. ഒന്നിലധികം ബീജങ്ങൾ അണ്ഡത്തിലേക്ക് കടക്കാതിരിക്കാനാണ് ഇത്. അങ്ങനെ സംഭവിച്ചാൽ ഭ്രൂണം നശിച്ചേക്കാനിടയുണ്ട്.

ഗർഭാശയത്തിലെക്ക് അണ്ഡവാഹിനിക്കുഴലിലൂടെ ഭ്രൂണം നീങ്ങിത്തുടങ്ങുന്നു. കുഴലിന്റെ നിരന്തരമായ സങ്കോചങ്ങളാണ് ഭ്രൂണത്തെ മുന്നോട്ട് നീക്കുന്നത്. നാലാം ദിവസമാണ് ഗർഭാശയത്തിലെത്തുക. ഈ സഞ്ചാരത്തിനിടയിൽ ഭ്രൂണത്തിൽ കോശവിഭജനം നടക്കാനാരംഭിക്കും. ഓരോ 12 മണിക്കൂറിലും വിഭജനം ആവർത്തിക്കും. എന്നിട്ട് ഒരു പന്തിന്റെ ആകൃതിയാകും ഗർഭപാത്രത്തിലെത്തുമ്പോൾ. ഉള്ളുപൊള്ളയായ ഈ പന്തിനെ ഉള്ളിൽനിന്ന് പൊതിഞ്ഞുകൊണ്ട് പാളീകോശങ്ങളും ഒരുഭാഗത്ത് കോശങ്ങളുടെ ഒരു കൂമ്പാരവും ഉള്ളിൽ കുറച്ച് ദ്രാവകമാണുണ്ടാവുക. ഏഴാം ദിവസം ഭ്രൂണം ഗർഭപാത്രത്തിന്റെ ആന്തരിക പാളിയായ എൻഡോമെട്രിയത്തിന്റെ കോശങ്ങളെ ദ്രവീകരിച്ചു തുളച്ച് ഉള്ളിൽ കടക്കാൻ തുടങ്ങും. ഒമ്പതാം ദിവസം ഭ്രൂണം പൂർണമായും എൻഡോമെട്രിയത്തിന്റെ ഉള്ളിൽ ചൂഴ്ന്നിറങ്ങിയിട്ടുണ്ടാകും. ഗർഭാശയത്തിൽ ഭ്രൂണം പറ്റിപ്പിടിച്ചു കിടക്കുന്നതിനാണ് പ്രതിഷ്ഠാപനം (IMPLANTATION) എന്ന് പറയുന്നത്. 'അലക്' എന്നും 'അലകത്ത്' എന്നും ക്വുർആൻ പ്രയോഗിച്ചിരിക്കുന്നത് ഇതിനെ കുറിച്ചാണ്. 'എന്തിലെങ്കിലും ഒട്ടിപ്പിടിക്കുകയോ പറ്റിപ്പിടിക്കുകയോ ചെയ്യുന്ന വസ്തു' എന്നാണ് ഈ പദത്തിന്റെ ഭാഷാർഥം. ഗർഭാശയഭിത്തിയിൽ പട്ടിപ്പിടിച്ചാണ് ഭ്രൂണം വളരുന്നത്. പുതിയ കോശങ്ങളും കലകളുമുണ്ടാകുന്നത് പ്രതിഷ്ഠാപനത്തിനു ശേഷമാണ്.



**ഏഴാം ദിവസം ഭ്രൂണം ഗർഭപാത്രത്തിന്റെ ആന്തരിക പാളിയായ എൻഡോമെട്രിയത്തിന്റെ കോശങ്ങളെ ദ്രവീകരിച്ചു തുളച്ച് ഉള്ളിൽ കടക്കാൻ തുടങ്ങും. ഒമ്പതാം ദിവസം ഭ്രൂണം പൂർണമായും എൻഡോമെട്രിയത്തിന്റെ ഉള്ളിൽ ചൂഴ്ന്നിറങ്ങിയിട്ടുണ്ടാകും. ഗർഭാശയത്തിൽ ഭ്രൂണം പറ്റിപ്പിടിച്ചു കിടക്കുന്നതിനാണ് പ്രതിഷ്ഠാപനം (IMPLANTATION) എന്ന് പറയുന്നത്. 'അലക്വ്' എന്നും 'അലക്വത്ത്' എന്നും ക്വുർആൻ പ്രയോഗിച്ചിരിക്കുന്നത് ഇതിനെ കുറിച്ചാണ്. 'എന്തിലെങ്കിലും ഒട്ടിപ്പിടിക്കുകയോ പറ്റിപ്പിടിക്കുകയോ ചെയ്യുന്ന വസ്തു' എന്നാണ് ഈ പദത്തിന്റെ ഭാഷാർഥം. ഗർഭാശയഭിത്തിയിൽ പട്ടിപ്പിടിച്ചാണ് ഭ്രൂണം വളരുന്നത്. പുതിയ കോശങ്ങളും കലകളുമുണ്ടാകുന്നത് പ്രതിഷ്ഠാപനത്തിനു ശേഷമാണ്.**

എൻഡോമെട്രിയത്തിന്റെ ഭിത്തിയിൽ പറ്റിപ്പിടിച്ച് ഭ്രൂണം വളരാനരംഭിക്കുന്നു. ഗർഭസ്ഥശിശുവിനെ സംരക്ഷിക്കാനും പരിപോഷിപ്പിക്കാനും വേണ്ടിയുള്ള സംവിധാനമാണ് ഗർഭാശയം. 8 സെ.മീ.നീളവും 6 സെ.മീ. വീതിയും 4 സെ.മീ. കനവുമാണ് സാധാരണ അവസ്ഥയിൽ ഗർഭാശയത്തിനുണ്ടാകുക. ഗർഭത്തിനു മുമ്പ് മൂത്രാശയത്തിന് പിന്നിലുണ്ടായിരുന്ന ഗർഭാശയം ഗർഭിണിയാകുന്നതോടെ സജീവമാകുന്നു. ഉറപ്പേറിയ അവയവമായിരുന്ന ഗർഭപാത്രം ഭ്രൂണം വളരാനാരംഭിക്കുന്നതോടെ മൃദുവായിത്തീരും. ഭ്രൂണത്തിന്റെ വളർച്ചക്കനുസരിച്ച് ഗർഭാശയവും വളരും. 8 സെ.മീ. വലിപ്പമുണ്ടായിരുന്ന ഇത് പ്രസവിക്കുമ്പോൾ 30 സെ.മീ. ആയിത്തീരും. ഒരു സ്പൂൺ കൊള്ളുന്ന ഗർഭപാത്രത്തിന്റെ ഉൾവ്യാപ്തം അഞ്ഞൂറു മടങ്ങ് വർധിച്ച് അഞ്ചു ലിറ്ററോളമാകും. ഭാരം ഒരു കിലോഗ്രാമിലധികമായിത്തീരും.

ഭ്രൂണത്തിന്റെ ഘട്ടംഘട്ടമായുള്ള വളർച്ചക്കാവശ്യമായ സംവിധാനങ്ങൾ സ്രഷ്ടാവ് ഒരുക്കിയിട്ടുണ്ട്. കട്ടിയുള്ള മൂന്നു പേശികൾകൊണ്ടാണ് ഗർഭപാത്രം നിർമിക്കപെട്ടിരിക്കുന്നത്. ഗർഭസ്ഥശിശുവിന്റെ സംരക്ഷണത്തിന് അടിവയറിന്റെ ഭിത്തിയും ശിശുവിനെ പൊതിഞ്ഞ് കിടക്കുന്ന കോറിയോൺ -ആംനിയോൺ പാടകളും അതുൾകൊള്ളുന്ന പ്ലാസന്റയുമുണ്ട്. ഇപ്രകാരം മൂന്നു ഭിത്തികളുടെ സംരക്ഷണയിലാണ് ശിശുവിന്റെ വളർച്ച. ശിശുവിന്റെ ദേഹത്ത് വെളിച്ചം തട്ടുന്നത് വളർച്ചയെ തടയും. ഈ ഭിത്തികൾ വെളിച്ചത്തെ തടയുന്നു. ഈ മൂന്നു സംരക്ഷണ ഭിത്തികളെ സൂചിപ്പിച്ചുകൊണ്ട് ക്വുർആനിൽ ഇങ്ങനെ കാണാം:

"നിങ്ങളുടെ മാതാക്കളുടെ വയറുകളിൽ മൂന്നുതരം ഇരുട്ടുകൾക്കുള്ളിലായി സൃഷ്ടിയുടെ

ഒരു ഘട്ടത്തിന് ശേഷം മറ്റൊരുഘട്ടമായിക്കൊണ്ട് നിങ്ങളെ അവൻ സൃഷ്ടിക്കുന്നു" (സുമർ 6).

സിക്താണ്ഡമാകുന്നതോടെ ലിംഗനിർണയം നടക്കുന്നു. മനുഷ്യകോശത്തിൽ 23 ജോഡികളായി 46 ക്രോമസോമുകളാണുള്ളത്. ഇതിൽ ഒരു ജോഡി ലിംഗനിർണയ ക്രോമസോമുകളാണ്. X സ്ത്രീ ക്രോമാസോമും Y പുരുഷക്രോമസോമുകളുമാണ്. പുരുഷകോശത്തിലെ ലിംഗനിർണയ ക്രോമസോം XY ആയിരിക്കും. ഇതിലെ പ്രഭാവിയായ Y ക്രോമസോം അപ്രഭാവിയായ X ക്രോമസോമിനെ നിഷ്ക്രിയമാക്കുകയും കോശം പുരുഷസ്വഭാവം പ്രകടിപ്പിക്കുകയും ചെയ്യുന്നു. സ്ത്രീകോശത്തിലെ ലിംഗനിർണയ ക്രോമസോം ജോഡി XX ആണ്. രണ്ടും തുല്യ പ്രഭാവമുള്ള സ്ത്രീ ക്രോമസോമുകളായതിനാൽ പ്രസ്തുത കോശം സ്ത്രൈണ സ്വഭാവം പ്രകടിപ്പിക്കുന്നു.

അതിവേഗത്തിലാണ് ഭ്രൂണ വളർച്ച. ശരീരത്തിലെ മറ്റൊരു കലയും ഇത്ര വേഗത്തിൽ വളരുന്നില്ല. ഒമ്പത് മാസംകൊണ്ട് ഒരു കോശം രണ്ടായിരം കോടി കോശങ്ങളായിതീരുന്നു. ഏതാനും മില്ലിഗ്രാം മൂന്ന് കിലോ ഗ്രാമായിതീരും. ഗർഭാശയഭിത്തിയിൽ പറ്റിപിടിച്ചുകൊണ്ടുള്ള ഭ്രൂണത്തിന്റെ വളർച്ച ആദ്യ ഘട്ടത്തിൽ സാവധാനത്തിലായിരിക്കും. ഇരുപത്തിനാലാം ദിവസമാകുമ്പോഴെക്ക് ഭ്രൂണം കാഴ്ചയിൽ ഗർഭാശയഭിത്തിയിൽ അള്ളിപ്പിടിച്ച് കിടക്കുന്ന അട്ടയെ പോലെയിരിക്കും. ഇരുപത്തിയേഴുദിവസം കഴിഞ്ഞ ഭ്രൂണം ചവച്ചുതുപ്പിയ മാംസക്കഷ്ണം പോലെയായിരിക്കും. ക്രമരഹിതമായ പ്രതലങ്ങളുള്ള, മൃദുലമായ ഒരു മാംസപിണ്ഡം. ചവച്ചുതുപ്പിയതുപോലെ തോന്നിക്കുന്ന പല്ലയാടങ്ങൾ. ഈ അവസ്ഥയെ കുറിച്ചാണ് 'മുദ്ഗ' എന്ന് ഖുർആൻ പറയുന്നത്. 'ചവച്ചരക്കപ്പെട്ടത്' എന്നാണ് പദത്തിന്റെ അർഥം.

ചവച്ചരച്ച മാംസപിണ്ഡം

**ഗർഭാശയഭിത്തിയിൽ പറ്റിപിടിച്ചുകൊണ്ടുള്ള ഭ്രൂണത്തിന്റെ വളർച്ച ആദ്യ ഘട്ടത്തിൽ സാവധാനത്തിലായിരിക്കും. ഇരുപത്തിനാലാം ദിവസമാകുമ്പോഴെക്ക് ഭ്രൂണം കാഴ്ചയിൽ ഗർഭാശയഭിത്തിയിൽ അള്ളിപ്പിടിച്ച് കിടക്കുന്ന അട്ടയെ പോലെയിരിക്കും. ഇരുപത്തിയേഴുദിവസം കഴിഞ്ഞ ഭ്രൂണം ചവച്ചുതുപ്പിയ മാംസക്കഷ്ണം പോലെയായിരിക്കും. ക്രമരഹിതമായ പ്രതലങ്ങളുള്ള, മൃദുലമായ ഒരു മാംസപിണ്ഡം. ചവച്ചുതുപ്പിയതുപോലെ തോന്നിക്കുന്ന പല്ലയാടങ്ങൾ. ഈ അവസ്ഥയെ കുറിച്ചാണ് 'മുദ്ഗ' എന്ന് ഖുർആൻ പറയുന്നത്. 'ചവച്ചരക്കപ്പെട്ടത്' എന്നാണ് പദത്തിന്റെ അർഥം.**

പോലെയിരുന്ന ഭ്രൂണത്തിൽനിന്ന് അഞ്ചാഴ്ചയായാൽ അസ്ഥികൾ ഉണ്ടാകാൻ തുടങ്ങും. കൈവിരലുകളിലെ അസ്ഥി പ്രത്യക്ഷപ്പെടാനാരംഭിക്കും. പിന്നീട് പതുക്കെ പതുക്കെ അസ്ഥികൂടത്തിന്റെ പ്രാഥമികരൂപം ഉടലെടുക്കും. അസ്ഥികളിൽ മാംസപേശികൾ പൊതിയുമ്പോൾ രൂപം പൂണ്ട മനുഷ്യശിശുവുണ്ടാകുന്നു.

ഈ കാര്യം വ്യക്തമായി ഖുർആൻ ചൂണ്ടിക്കാട്ടുന്നു: "തീർച്ചയായും മനുഷ്യനെ കളിമണ്ണിന്റെ സത്തിൽനിന്ന് നാം സൃഷ്ടിച്ചിരിക്കുന്നു. പിന്നീട് ഒരു ബീജമായിക്കൊണ്ട് അവനെ നാം ഭദ്രമായ ഒരു സ്ഥാനത്ത് വെച്ചു. പിന്നെ ആ ബീജത്തെ നാം ഒരു ഭ്രൂണമാക്കി രൂപപ്പെടുത്തി. തുടർന്ന് ആ ഭ്രൂണത്തെ നാം ഒരു മാംസപിണ്ഡമായി രൂപപ്പെടുത്തി. എന്നിട്ട് അസ്ഥികൂടത്തെ മാംസംകൊണ്ട് പൊതിഞ്ഞു. പിന്നീട് മറ്റൊരു സൃഷ്ടിയായി നാം അവനെ വളർത്തിയെടുത്തു. അപ്പോൾ ഏറ്റവും നല്ല സൃഷ്ടികർത്താവായ അല്ലാഹു അനുഗ്രഹപൂർണനായിരിക്കുന്നു" (മുഅമിനൂൻ 12-14).

ഭ്രൂണത്തിനാവശ്യമായ ജലം, ഓക്സിജൻ, ഭക്ഷണം തുടങ്ങിയവയെല്ലാം മാതാവിന്റെ ശരീരത്തിൽ നിന്ന് വലിച്ചെടുക്കുന്നു. ഇതിനു ഭ്രൂണത്തെ സഹായിക്കാൻ മറുപിള്ള (placenta) എന്ന അവയവമുണ്ടാകും. ഇരുപത് സെ.മീ. വ്യാസവും ഒരിഞ്ചു കട്ടിയുമുള്ള വൃത്താകൃതിയിലുമുള്ള, പരന്ന ഒന്നാണ് മറുപിള്ള. ഗർഭപാത്രത്തിന്റെ ഭിത്തിയോട് ഒട്ടിപ്പിടിച്ചു കിടക്കുന്ന മറുപിള്ളയിൽനിന്നാണ് പൊക്കിൾകൊടിയുണ്ടാകുന്നത്. ഒരു പിരിയൻ കയറുപോലിരിക്കുന്ന പൊക്കിൾകൊടിയിൽ രണ്ടുധമനികളും ഒരു സിരയുമുണ്ടാകും. മാതൃശരീരത്തിൽനിന്ന് ഭക്ഷണവും ഓക്സിജനും വഹിച്ചുകൊണ്ടുള്ള രക്തം സിരയിലൂടെ ഭ്രൂണശരീരത്തിലേക്കെത്തും. വിസർജ്യ വസ്തുക്കളടങ്ങിയ രക്തം ധമനികളിലൂടെ ഭ്രൂണത്തിൽനിന്ന് മറുപിള്ളയിലേക്കും ഒഴുകുന്നു. ഭ്രൂണത്തിന്റെ വയറിന്റെ മധ്യത്തിലുള്ള പൊക്കിൾകൊടി ജനനശേഷം അനാവശ്യമായതിനാൽ പറിഞ്ഞുപോകുകയും അവിടെ പൊക്കിൾ അവശേഷിക്കുകയും ചെയ്യും.

മാതാവിന്റെ രക്തത്തിലെ സകലവസ്തുക്കളെയും ഭ്രൂണത്തിലേക്ക് കടക്കാൻ മറുപിള്ള അനുവദിക്കില്ല. ഭ്രൂണത്തിനാവശ്യമുള്ളവമാത്രം കടത്തിവിടുന്ന അരിപ്പയാണ് മറുപിള്ള. ബാക്ടീരിയ, വൈറസ് എന്നിവയിൽ മിക്കതിനെയും തടയും. എന്നാൽ സിഫിലിസ് ബാക്ടീരിയയും എയിഡ്സ് വൈറസും മറുപിള്ളയിലൂടെ കടന്ന് ഭ്രൂണത്തിൽ പ്രവേശിക്കും. ഈ രോഗമുള്ള മാതാക്കളുടെ കുഞ്ഞുങ്ങൾ

ക്ക് രോഗമുണ്ടാകാൻ അതാണ് കാരണം.

കടിച്ച മാംസക്കഷ്ണം പോലെ തോന്നിയിരുന്ന ഭ്രൂണം ജീവിയുടെ രൂപത്തിലാകാനാരംഭിക്കുന്നത് ആറാഴ്ച കഴിയുന്നതോടെയാണ്. അസ്ഥിയാണ് ആദ്യം രൂപം കൊള്ളുന്നത്. അതോടൊപ്പം പേശികളും ത്വക്കും ഉണ്ടാകാനാരംഭിക്കുന്നു. ഒപ്പം ബാഹ്യാവയവങ്ങൾ പ്രത്യക്ഷപ്പെട്ടു തുടങ്ങും. നാഡീ വ്യൂഹമായിത്തീരേണ്ട ന്യൂറിൽ ട്യൂബിൻെറയും നോട്ടോ കോർഡിന്റെയും വശങ്ങളിലായി രൂപപ്പെടുന്ന പല്ലടയാളം പോലെയുള്ള സോമൈറ്റുകൾ പൂർണമാകുന്നു. ആറാമത്തെ ആഴ്ചമുതൽ ഭ്രൂണം ഗർഭസ്ഥ ശിശുവായിത്തീരുന്ന എട്ടാമത്തെ ആഴ്ചവരെയുള്ള സമയത്താണ് അസ്ഥികളും പേശികളും ചർമവും ബാഹ്യാവയവങ്ങളുമൊക്കെ ഉണ്ടാകുന്നത്. സോമൈറ്റുകളുടെ കേന്ദ്രഭാഗത്തുനിന്ന് പേശീകോശങ്ങൾ, പള്ളഭാഗത്തുനിന്ന് അസ്ഥി കോശങ്ങൾ, അടിഭാഗത്തുനിന്ന് ത്വക്ക് കോശങ്ങൾ എന്നിവ വളരാൻ തുടങ്ങും.

ഭ്രൂണാവസ്ഥയിലുള്ള പേശികളുടെ നിർമാണമാണ് പേശീരൂപീകരണം അഥവാ മയോജനസിസ് (MAYOGENESIS) എന്നറിയപ്പെടുന്നത്. മയോസൈറ്റുകൾ (MYOCYTES) എന്ന് വിളിക്കപ്പെടുന്ന പേശീകോശങ്ങൾ ഒന്നിച്ചു ചേർന്ന് പേശീകലകളുണ്ടാകുന്നു. പേശീകോശങ്ങളായിത്തീരേണ്ട പ്രത്യേക കോശങ്ങളാണ് മയോബ്ലാസ്റ്റുകൾ (MYOBLASTS). ഒന്നിലധികം മയോബ്ലാസ്റ്റുകൾ കൂടിച്ചേർന്നാണ് മയോസൈറ്റുകൾ ഉണ്ടാകുന്നത്. അവയിൽ ഒന്നിലധികം കോശകേന്ദ്രങ്ങൾ ഉണ്ടാകും. ഹൃദയപെശികളായിത്തീരുന്നവ (CARDIAC MYOCYTES), അസ്ഥിപേശികളായിത്തീരുന്നവ (SKELTED MYOCYTES), മൃദുപേശികളായിത്തീരുന്നവ (SMOOTH MYOCYTES) ഇങ്ങനെ മൂന്നുതരം മയോസൈറ്റുകളാണുള്ളത്. ഹൃദയ മയോസൈറ്റുകളും മൃദുല മയോസൈറ്റുകളും സ്വതന്ത്രമായി വളർന്നു ഹൃദയപേശികളും വ്യത്യസ്ത ആന്തരാവയവങ്ങളിലെ പേശികളുമായിത്തീർന്ന് മനുഷ്യർക്ക് ഇഷ്ടാനുസരണം ചലിപ്പിക്കാനാവാത്ത വിധം നിലനിൽക്കും. എന്നാൽ അസ്ഥിമയോസൈറ്റുകൾ എല്ലുകളോടോപ്പം രൂപീകരിക്കപ്പെട്ട് അവയെ പൊതിഞ്ഞ് ഐഛിക ചലനത്തിന് സാധ്യമാകുന്ന വിധത്തിൽ വിന്യസിക്കും. പേശികൾ അസ്ഥികളെ പൊതിയുമ്പോഴാണ് ചലനവ്യവസ്ഥ (LOCOMOTOR SYSTEM) രൂപം കൊള്ളുന്നത്. അസ്ഥികളും തണ്ടാസ്ഥികളും പേശികളും സ്നായുക്കളും (TENDONS) സന്ധിബന്ധങ്ങളും (LIGAMENTS) സന്ധികളും (JOINTS) ചേരുന്നതാണ് ചലനവ്യവസ്ഥ. ഇതിനെ പേശീയ അസ്ഥിവ്യവസ്ഥ (MUSCULOSKELETAL SYSTEM) എന്ന് വിളിക്കുന്നു.

അസ്ഥിരൂപീകരണത്തോടൊപ്പം തന്നെയാണ് പേശീരൂപീകരണവും നടക്കുന്നത്. അസ്ഥികളിൽ പേശികൾ പൊതിയുന്നതോടെ ബാഹ്യാവയവങ്ങളുണ്ടാകുന്നു. കൈകാലുകളും നെഞ്ചുമെല്ലാം രൂപപ്പെടുമ്പോൾ ഹൃദയപേശികളും മൃദുലപേശികളും ആന്തരാവയവങ്ങൾക്ക് രൂപംനൽകുന്നു. ബാഹ്യാവയവങ്ങൾ ഉണ്ടാകുമ്പോൾ ആന്തരാവയവങ്ങളുമുണ്ടായിവരുന്നു.

*(തുടരും)*

# നേർപഥം വാരിക കിന്റ്ൽ വേർഷൻ പ്രകാശനം ചെയ്തു




നേർപഥം വാരികയുടെ കിന്റ്ൽ വേർഷൻ ശ്രീ. എം.പി അബ്ദുസ്സമദ് സമദാനി എം.പി കോഴിക്കോട് ആസ്പിൻ കോർട്ട് യാർഡിൽ വെച്ച് പ്രകാശനം ചെയ്തു. നിലവിൽ പുറത്തിറങ്ങിയ മുഴുവൻ ലക്കങ്ങളും ഓൺലൈനിൽ ലഭ്യമായ മലയാളത്തിലെ ഏക പ്രസിദ്ധീകരണമാണ് നേർപഥം. ടെക്സ്റ്റ്, ഓഡിയോ, പി.ഡി.ഫ്, ഫ്ലിന്റ് വേർഷനുകൾ ഇപ്പോൾ നേർപഥം വെബ്സൈറ്റിൽ ലഭ്യമാണ്.

ചടങ്ങിൽ വിസ്ഡം ഇസ്ലാമിക് ഓർഗനൈസേഷൻ സംസ്ഥാന പ്രസിഡണ്ട് പി എൻ അബ്ദുല്ലത്തീഫ് മദനി, ലജ്നത്തുൽ ബഹൂസുൽ ഇസ്ലാമിയ്യ പ്രസിഡന്റ് കുഞ്ഞിമുഹമ്മദ് മദനി പറപ്പൂർ, വിസ്ഡം ഇസ്ലാമിക് ഓർഗനൈസേഷൻ സംസ്ഥാന ജനറൽ സെക്രട്ടറി ടി കെ അഷ്റഫ്, വിസ്ഡം എഡ്യുക്കേഷൻ ബോർഡ് ചെയർമാൻ ഹുസൈൻ കാവനൂർ, സെക്രട്ടറി റഷീദ് മാസ്റ്റർ കാരപ്പുറം, വിസ്ഡം ഇസ്ലാമിക് ഓർഗനൈസേഷൻ വിദ്യാഭ്യാസ വകുപ്പ് സെക്രട്ടറി നാസിർ ബാലുശ്ശേരി, സി.പി സലിം, നേർപഥം ചീഫ് എഡിറ്റർ പി വി എ പ്രിംറോസ്, ശൗക്കത്തലി അൻസാരി, വിസ്ഡം ഇസ്ലാമിക് യൂത്ത് ഓർഗനൈസേഷൻ സംസ്ഥാന ട്രഷറർ അൻഫസ് മുക്റം, കോഴിക്കോട് സൗത്ത് ജില്ലാ പ്രസിഡന്റ് ബഷീർ വി ടി എന്നിവർ പങ്കെടുത്തു.

ലേഖനം



വിധി തേടുന്ന ഹിജാബും കോടതിയിലെ വാദങ്ങളും - 32

# വിദ്യാലയങ്ങളിൽ മതേതരത്വ പഠനം അനിവാര്യം

**സുഫ്‌യാൻ അബ്ദുസ്സലാം**
: 81296 17676

ലോകത്തിലെ വിവിധ കോടതികളിൽ ന്യൂനപക്ഷങ്ങളുടെ സാംസ്കാരിക അവകാശങ്ങളുമായി ബന്ധപ്പെട്ടു നടന്ന വാഗ്വാദങ്ങളും കോടതി വിധികളും ചൂണ്ടിക്കാണിച്ചുകൊണ്ട് സംസാരിച്ച ജസ്റ്റിസ് ധൂലിയ കർണാടക മുൻസർക്കാരിന്റെയും കർണാടക ഹൈക്കോടതിയുടെയും വാദങ്ങളെ ഒന്നൊന്നായി പൊളിച്ചടുക്കുകയായിരുന്നു. വിവിധ കോടതി വിധികളിൽനിന്നും സന്ദർഭത്തിനനുസരിച്ച് അടർത്തിയെടുത്ത വാക്കുകൾ തങ്ങൾക്കനുകൂലമായി ഉപയോഗിക്കുകയായിരുന്നു കർണാടക ഹൈക്കോടതി ചെയ്തതെന്ന് അദ്ദേഹം സമർഥിച്ചു. മാത്രവുമല്ല, ന്യൂനപക്ഷങ്ങളുടെ അവകാശങ്ങളെക്കാൾ വലുതല്ല യൂണിഫോം വസ്ത്രരീതിയെന്നും മറ്റെല്ലായിടങ്ങളിലും സാംസ്കാരിക സ്വത്വം നിലനിർത്താനുള്ള അവകാശങ്ങൾ ന്യൂനപക്ഷങ്ങൾക്കുണ്ട് എന്നപോലെത്തന്നെ വിദ്യാലയങ്ങളിലും അത് പാലിച്ചുപോരാൻ അവർക്കവകാശമുണ്ട് തുടങ്ങി അദ്ദേഹം നിരത്തിയ നിയമാനുസാരമായ വാദങ്ങൾക്ക് മുമ്പിൽ കർണാടകയുടെ വാദങ്ങൾ നിഷ്പ്രഭമാവുകയും ചെയ്തു. മറ്റിടങ്ങളിലാവാം, സ്കൂളുകളിൽ പാടില്ല എന്ന കർണാടകയുടെ 'വ്യുത്പന്ന അവകാശ' (Derivates right) വാദത്തെയും അദ്ദേഹം കശക്കിയെറിഞ്ഞു. ന്യൂനപക്ഷങ്ങളുടെ അവകാശങ്ങൾ സംരക്ഷിക്കാനുള്ള ബാധ്യത ഭൂരിപക്ഷ സമുദായത്തിനുണ്ട് എന്ന യാഥാർഥ്യം നമ്മുടെ ഭരണഘടനാ മൂല്യങ്ങളുടെ ഭാഗമാണ് എന്നുകൂടി അദ്ദേഹം വ്യക്തമാക്കിയതോടെ സുപ്രീംകോടതിയുടെ ചുമരുകളിൽ ജനാധിപത്യ മതനിരപേക്ഷ തത്ത്വങ്ങൾ പ്രതിധ്വനിച്ചു.

വർഗീയതയിലും അസഹിഷ്ണുതയിലും അധിഷ്ഠിതമായ ചിന്താഗതികൾ നമ്മുടെ സമൂഹത്തിൽ വ്യാപകമാക്കാൻ ചിലർ ശ്രമിക്കുമ്പോൾ, വിദ്യാലയങ്ങളെ മതനിരപേക്ഷതയുടെയും ജനാധിപത്യ മൂല്യങ്ങളുടെയും പാഠശാലകളാക്കി മാറ്റിയെടുക്കാനാണ് ഉത്തരവാദിത്തബോധമുള്ള പൊതുസമൂഹം യത്നിക്കേണ്ടത് എന്ന വളരെ സുപ്രധാനമായ

**വർഗീയതയിലും അസഹിഷ്ണുതയിലും അധിഷ്ഠിതമായ ചിന്താഗതികൾ നമ്മുടെ സമൂഹത്തിൽ വ്യാപകമാക്കാൻ ചിലർ ശ്രമിക്കുമ്പോൾ, വിദ്യാലയങ്ങളെ മതനിരപേക്ഷതയുടെയും ജനാധിപത്യ മൂല്യങ്ങളുടെയും പാഠശാലകളാക്കി മാറ്റിയെടുക്കാനാണ് ഉത്തരവാദിത്തബോധമുള്ള പൊതുസമൂഹം യത്നിക്കേണ്ടത് എന്ന വളരെ സുപ്രധാനമായ പോയിന്റിലേക്കാണ് ജസ്റ്റിസ് ധൂലിയ എല്ലാവരുടെയും ശ്രദ്ധയെ ക്ഷണിച്ചത്.**

പോയിന്റിലേക്കാണ് അദ്ദേഹം എല്ലാവരുടെയും ശ്രദ്ധയെ ക്ഷണിച്ചത്. അദ്ദേഹത്തിന്റെ സുപ്രധാനമായ നിരീക്ഷണങ്ങളാണ് താഴെ ചേർക്കുന്നത്:

### വിദ്യാലയങ്ങൾ സഹിഷ്ണുതയുടെ വിളനിലങ്ങളാവട്ടെ

നമ്മുടെ സമ്പന്നമായ ബഹുസ്വര സംസ്കാരത്തെയും വൈവിധ്യത്തെയും കുറിച്ചുള്ള അവലോകനം ഇന്നത്തെ നമ്മുടെ സാഹചര്യത്തിൽ പ്രധാനമാണ്. നമ്മുടെ വിദ്യാലയങ്ങളിൽ, പ്രത്യേകിച്ചും നമ്മുടെ പ്രീ-യൂണിവേഴ്സിറ്റി കോളേജുകളിൽ പഠിക്കുന്ന കുട്ടികളുടെ പ്രായം പ്രത്യേകം നാം ശ്രദ്ധിക്കേണ്ടതുണ്ട്. രാജ്യത്തിന്റെ സമ്പന്നമായ വൈവിധ്യങ്ങളിലൂടെ വളർന്നുവരുന്ന നമ്മുടെ കുട്ടികൾക്ക് ഉപദേശവും മാർഗനിർദേശവും നൽകേണ്ട ഉത്തരവാദിത്തം നിർവഹിക്കേണ്ടത് നമ്മുടെ വിദ്യാലയങ്ങളാണ്. വ്യത്യസ്ത ഭാഷ സംസാരിക്കുന്നവരോടും വ്യത്യസ്ത ഭക്ഷണം കഴിക്കുന്നവരോടും വ്യത്യസ്ത വസ്ത്രങ്ങൾ ധരിക്കുന്നവരോടും സഹിഷ്ണുതയുടെ വാതായനങ്ങൾ തുറന്നിടുവാനാണ് നമ്മുടെ ഭരണഘടന ഉദ്ഘോഷിക്കുന്നത്. വ്യത്യസ്ത മതങ്ങളോടും ഭാഷകളോടും സംസ്കാരങ്ങളോടും സംവേദനക്ഷമതയും സഹാനുഭൂതിയും സഹവർത്തിത്വവും വളർത്തിയെടുക്കേണ്ട സമയമാണ് വിദ്യാഭ്യാസ കാലഘട്ടം. നമ്മുടെ വൈവിധ്യത്തെ കുറിച്ച് വേവലാതിയല്ല വേണ്ടത്, മറിച്ച് അതിനെക്കുറിച്ച് സന്തോഷിക്കുകയും ആഘോഷിക്കുകയുമാണ് വേണ്ടത്. വിദ്യാർഥി കാലഘട്ടം അതിനുള്ളതായിരിക്കണം. നാനാത്വത്തിലാണ് നമ്മുടെ ശക്തിയെന്ന് അവർ തിരിച്ചറിയേണ്ട സമയമാണിത്.

### പുതിയ വിദ്യാഭ്യാസ നയവും മതസൗഹാർദ പാഠങ്ങളും

ഇന്ത്യാ ഗവർമെന്റ് പുറത്തിറക്കിയ 'ദേശീയ വിദ്യാഭ്യാസ നയം 2020' വിദ്യാഭ്യാസത്തിൽ സഹിഷ്ണുതയുടെയും പരസ്പര വിശ്വാസത്തിന്റെയും മൂല്യങ്ങൾ വളർത്തിയെടുക്കേണ്ടതിന്റെ പ്രാധാന്യം ഊന്നിപ്പറയുന്നുണ്ട്. രാജ്യത്തിന്റെ സമ്പന്നമായ വൈവിധ്യത്തെക്കുറിച്ച് കുട്ടികളെ ബോധവാന്മാരാക്കേണ്ടതിന്റെ ആവശ്യകതയും അത് അടിവരയിടുന്നുണ്ട്. ദേശീയ വിദ്യാഭ്യാസ നയത്തിന്റെ ലക്ഷ്യമായി ചേർത്തിട്ടുള്ളത് ഇങ്ങനെയാണ്: 'നമ്മുടെ ഭരണഘടന വിഭാവനം ചെയ്യുന്നതുപോലെ സമത്വം ഉൾക്കൊള്ളുന്ന, ഉൽപാദനക്ഷമതയുള്ള സംശുദ്ധമായ ഒരു സമൂഹം കെട്ടിപ്പടുക്കുക എന്നതാണ് ഇതിന്റെ ലക്ഷ്യം.'

### മതസൗഹാർദ പാഠങ്ങൾ കോടതി വിധികളിൽ

പ്രസിദ്ധമായ അരുണ റോയ് -യൂണിയൻ ഓഫ് ഇന്ത്യ കേസിന്റെ വിധിയിൽ ജസ്റ്റിസ് ധർമാധികാരി നമ്മുടെ വിദ്യാഭ്യാസ സമ്പ്രദായത്തിൽ മതസഹിഷ്ണുതയുടെയും സംസ്കാരത്തിന്റെ വൈവിധ്യത്തിന്റെയും പ്രാധാന്യത്തെക്കുറിച്ചുള്ള പാഠങ്ങൾ ഉൾപ്പെടുത്തണമെന്ന് പറയുന്നുണ്ട്. ധർമാധികാരിയുടെ വാചകങ്ങൾ ഇങ്ങനെയാണ്: 'പ്രൈമറിതലം മുതലുള്ള സിലബസിൽ ഇവയെല്ലാം ഉൾപ്പെടുത്തേണ്ടതുണ്ട്. എല്ലാ മതങ്ങളുടെയും ആചാരങ്ങളിൽ വൈവിധ്യമുണ്ടെങ്കിലും അവയുടെ സാരാംശം ഒന്നുതന്നെയാണെന്നുള്ള അവബോധം വിദ്യാർഥികളിൽ വളർത്താൻ സാധിക്കണം.' തുടർന്നുകൊണ്ട് അദ്ദേഹം പറഞ്ഞു: 'മതത്തോടുള്ള സമ്പൂർണ നിഷ്പക്ഷതയും വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പുലർത്തിപ്പോരുന്ന മതപഠനങ്ങളോടുള്ള നിസ്സംഗ സമീപനവും ഇതുവരെ വ്യത്യസ്ത വിശ്വാസങ്ങൾ സ്വീകരിച്ചിട്ടുള്ള ആളുകൾക്കിടയിലുള്ള തെറ്റിദ്ധാരണകളും അസഹിഷ്ണുതയും ഇല്ലാതാക്കാൻ സഹായിച്ചിട്ടില്ല. അതിനാൽ വ്യത്യസ്ത മതങ്ങളെക്കുറിച്ച് മനസ്സിലാക്കാനും ബഹുമാനിക്കാനും ഉതകുന്ന വിധത്തിൽ മതേതരത്വം (Secularism)



**രാജ്യത്തിന്റെ സമ്പന്നമായ വൈവിധ്യങ്ങളിലൂടെ വളർന്നുവരുന്ന നമ്മുടെ കുട്ടികൾക്ക് ഉപദേശവും മാർഗനിർദേശവും നൽകേണ്ട ഉത്തരവാദിത്തം നിർവഹിക്കേണ്ടത് നമ്മുടെ വിദ്യാലയങ്ങളാണ്. വ്യത്യസ്ത ഭാഷ സംസാരിക്കുന്നവരോടും വ്യത്യസ്ത ഭക്ഷണം കഴിക്കുന്നവരോടും വ്യത്യസ്ത വസ്ത്രങ്ങൾ ധരിക്കുന്നവരോടും സഹിഷ്ണുതയുടെ വാതായനങ്ങൾ തുറന്നിടുവാനാണ് നമ്മുടെ ഭരണഘടന ഉദ്ഘോഷിക്കുന്നത്. വ്യത്യസ്ത മതങ്ങളോടും ഭാഷകളോടും സംസ്കാരങ്ങളോടും സംവേദനക്ഷമതയും സഹാനുഭൂതിയും സഹവർത്തിത്വവും വളർത്തിയെടുക്കേണ്ട സമയമാണ് വിദ്യാഭ്യാസ കാലഘട്ടം. നമ്മുടെ വൈവിധ്യത്തെ കുറിച്ച് വേവലാതിയല്ല വേണ്ടത്, മറിച്ച് അതിനെക്കുറിച്ച് സന്തോഷിക്കുകയും ആഘോഷിക്കുകയുമാണ് വേണ്ടത്. വിദ്യാർഥികാലഘട്ടം അതിനുള്ളതായിരിക്കണം. നാനാത്വത്തിലാണ് നമ്മുടെ ശക്തിയെന്ന് അവർ തിരിച്ചറിയേണ്ട സമയമാണിത്.**

എന്ന ആശയത്തെക്കുറിച്ച് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠിപ്പിക്കേണ്ടതുണ്ട്.'

### നവതേജ് സിംഗ് ജോഹർ കേസിലെ പരാമർശങ്ങൾ

2018ലെ നവതേജ് സിംഗ് ജോഹർ-യൂണിയൻ ഓഫ് ഇന്ത്യ കേസിൽ ഈ കോടതിയുടെ ഭരണഘടനാ ബെഞ്ച് വൈവിധ്യം, വിയോജിപ്പ്, സ്വാതന്ത്ര്യം, സഹിഷ്ണുത എന്നിവയുടെ പ്രാധാന്യത്തെക്കുറിച്ച് കൃത്യമായി പരാമർശിച്ചത് ഇങ്ങനെ വായിക്കാം: 'ഭരണഘടന രാഷ്ട്രീയ അധികാര കൈമാറ്റം കൊണ്ടുവന്നെങ്കിലും അത് എല്ലാറ്റിനുമുപരിയായി, നീതിയാൽ ഭരിക്കുന്ന ഒരു സമൂഹത്തിന്റെ കാഴ്ചപ്പാടിനെയാണ് പ്രതിഫലിപ്പിക്കുന്നത്. വ്യക്തിസ്വാതന്ത്ര്യമാണ് അതിന്റെ ആത്മാവ്. സംസ്കാരം, പ്രത്യയശാസ്ത്രം, ദിശാബോധം എന്നിവയുടെ വൈവിധ്യങ്ങളാണ് നീതിയിൽ അധിഷ്ഠിതമായ നമ്മുടെ ഭരണഘടന ഉൾക്കൊള്ളുന്നത്. എല്ലാ മേഖലയിലും വൈവിധ്യത്തെ സംരക്ഷിക്കാനുള്ള ശ്രമത്തിലാണ് ഭരണഘടനയുടെ അടിത്തറയുടെ ഉറപ്പ്. പൗരന്മാരുടെ വിശ്വാസങ്ങളിലും ആശയങ്ങളിലും ജീവിതരീതികളിലും ജനാധിപത്യമെന്ന നിലയിൽ, ഭരണഘടന ഒരിക്കലും ഏകീകരണം ആവശ്യപ്പെടുന്നില്ല. മുഖ്യധാരാ സംസ്കാരം എന്ന ആശയത്തെക്കുറിച്ചും ഭരണഘടന ചിന്തിച്ചിട്ടില്ല. മറ്റുള്ളവരിലെ വ്യത്യസ്തതയെ തിരിച്ചറിയാനുള്ള നമ്മുടെ കഴിവ് നമ്മുടെ വികാസത്തിന്റെയും പരിണാമത്തിന്റെയും അടയാളമായിട്ടാണ് കാണേണ്ടത്. അവ നഷ്ടപ്പെടുത്തുമ്പോൾ നമുക്ക് നഷ്ടപ്പെടുന്നത് കാരുണ്യത്തിന്റെയും മനുഷ്യത്വത്തിന്റെയും പ്രതീകങ്ങൾ മാത്രമായിരിക്കും.'

### സെന്റ് സ്റ്റീഫൻ കേസിലെ പരാമർശങ്ങൾ

1991ലെ സെന്റ് സ്റ്റീഫൻ കോളേജ്-യൂണിവേഴ്സിറ്റി ഓഫ് ഡൽഹി കേസിന്റെ വിധി ഈ വിഷയത്തിൽ കൃത്യമായ ദിശാബോധം നൽകുന്നുണ്ട്. സെന്റ് സ്റ്റീഫൻ കോളേജിന്റെ ക്രിസ്ത്യൻ ന്യൂനപക്ഷ സ്വഭാവത്തെ ചോദ്യം ചെയ്തുകൊണ്ടായിരുന്നു അപ്പീൽ. അനുച്ഛേദം 29, 30 എന്നിവ അനുസരിച്ച് ന്യൂനപക്ഷങ്ങൾക്ക് സ്വന്തമായ സ്ഥാപനങ്ങൾ അവരുടെതായ സാംസ്കാരിക സ്വഭാവമനുസരിച്ച് നടത്താവുന്നതാണ്. ഇതിനെ അംഗീകരിച്ചുകൊണ്ടാണ് ജസ്റ്റിസ് കെ.ജഗന്നാഥ ഷെട്ടി വിധി നടത്തിയതെങ്കിലും പ്രസ്തുത വിധിയിൽ രാജ്യത്തിന്റെ മതനിരപേക്ഷതക്കും വിവിധ മതസമൂഹങ്ങൾക്കിടയിലെ സഹിഷ്ണുതക്കും കോട്ടം തട്ടുന്ന വിധത്തിലുള്ള നടപടികൾ കോളേജുകളുടെ ഭാഗത്തുനിന്ന് ഉണ്ടാവാൻ പാടില്ലെന്ന് നിരീക്ഷിക്കുകയുണ്ടായി. മതസൗഹാർദ പാഠങ്ങൾക്ക് നമ്മുടെ വിദ്യാലയങ്ങളിൽ ഇടമുണ്ടാവണമെന്ന അദ്ദേഹത്തിന്റെ നിരീക്ഷണം ഈ കേസിൽ പ്രധാനമാണ്. ജസ്റ്റിസ് ജഗന്നാഥ ഷെട്ടിയുടെ വാക്കുകൾ ഇങ്ങനെയാണ്:

'നമ്മുടെ വിദ്യാലയങ്ങളിൽ മതത്തിന്റെ പേരിലുള്ള അവകാശവാദങ്ങൾ മതവിഭാഗങ്ങൾക്കിടയിൽ ശത്രുത വളർത്താൻ സാധ്യതയുണ്ട്. ഏകതാനമായ ഒരു സമൂഹത്തിന്റെ സൃഷ്ടിക്ക് ഇത്തരം അവകാശവാദങ്ങൾ അനുകൂലമാവില്ല. അത് മനുഷ്യരാശിയുടെ ശാപമായ മതഭ്രാന്തിലേക്കാണ് നയിക്കുക. മതേതര സ്വഭാവമുള്ള ന്യൂനപക്ഷ വിദ്യാലയങ്ങളാണെങ്കിൽപോലും അവിടങ്ങളിൽ പൊതുവായ മതേതരത്വ പാഠങ്ങൾ പഠിപ്പിക്കുന്ന വിദ്യാഭ്യാസ സമ്പ്രദായം അനിവാര്യമാണ്. ഒരേ മതത്തിന്റെ മാത്രം പാഠങ്ങൾ പഠിപ്പിക്കുന്നത് നമ്മുടെ സമൂഹത്തിന്റെ മതേതര ജനാധിപത്യ സ്വഭാവത്തിന് തുരങ്കം വച്ചേക്കാം. മതേതരത്വ പാഠങ്ങൾ ഒഴിവാക്കിക്കൊണ്ടുള്ള രീതികൾ നമ്മുടെ ഭരണഘടനയിൽ ഉൾപ്പെടുത്തിയിരിക്കുന്ന മതേതരത്വത്തിന്റെയും സമത്വത്തിന്റെയും സങ്കൽപത്തോട് ഒരിക്കലും പൊരുത്തപ്പെടുകയില്ല. ഏത് സമുദായത്തിന്റെ വിദ്യാഭ്യാസ സ്ഥാപനമാണെന്ന് പരിഗണിക്കാതെ തന്നെ ഓരോ വിദ്യാഭ്യാസ സ്ഥാപനവും ദേശീയതയെ പാകം ചെയ്തെടുക്കുന്ന പാത്രങ്ങൾ എന്നപോലെ പ്രവർത്തിക്കേണ്ടതുണ്ട്. ഇക്കാര്യത്തിൽ വിദ്യാർഥികളുടെയും അധ്യാപകരുടെയും പങ്ക് വളരെ നിർണായകമാണ്. മറ്റുള്ളവരുടെ സംസ്കാരങ്ങളോടും വിശ്വാസങ്ങളോടും ബഹുമാനവും സഹിഷ്ണുതയും വളർത്തിയെടുക്കാൻ അവർ ശ്രമിക്കേണ്ടതുണ്ട്. അതിന്, എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും വ്യത്യസ്ത സമുദായങ്ങളിലെ വിദ്യാർഥികളുടെ ശരിയായ 'മിശ്രിതം' ഉണ്ടായിരിക്കേണ്ടത് അനിവാര്യമാണ്.'

*(അടുത്ത ലക്കത്തിൽ:
തുല്യവസ്ത്രത്തേക്കാൾ പ്രധാനം സഹിഷ്ണുതാബോധം)*

**'നമ്മുടെ വിദ്യാലയങ്ങളിൽ മതത്തിന്റെ പേരിലുള്ള അവകാശ വാദങ്ങൾ മതവിഭാഗങ്ങൾക്കിടയിൽ ശത്രുത വളർത്താൻ സാധ്യതയുണ്ട്. ഏകതാനമായ ഒരു സമൂഹത്തിന്റെ സൃഷ്ടിക്ക് ഇത്തരം അവകാശവാദങ്ങൾ അനുകൂലമാവില്ല. അത് മനുഷ്യരാശിയുടെ ശാപമായ മതഭ്രാന്തിലേക്കാണ് നയിക്കുക. മതേതര സ്വഭാവമുള്ള ന്യൂനപക്ഷ വിദ്യാലയങ്ങളാണെങ്കിൽപോലും അവിടങ്ങളിൽ പൊതുവായ മതേതരത്വ പാഠങ്ങൾ പഠിപ്പിക്കുന്ന വിദ്യാഭ്യാസ സമ്പ്രദായം അനിവാര്യ മാണ്. ഒരേ മതത്തിന്റെ മാത്രം പാഠങ്ങൾ പഠിപ്പിക്കുന്നത് നമ്മുടെ സമൂഹത്തിന്റെ മതേതര ജനാധിപത്യ സ്വഭാവത്തിന് തുരങ്കം വച്ചേക്കാം.**

ലേഖനം



# ഇസ്‌ലാം ദൈവിക മതം; ചില അടയാളങ്ങൾ

ഇസ്‌ലാമിന്റെ തെളിവുകൾ: ഫിലോസഫി എന്ത് പറയുന്നു? 06

ഷാഹുൽ പാലക്കാട്
:97478 90521

### E33:: പ്രശംസിക്കപ്പെട്ടവൻ

Muhammad എന്ന പേരിന്റെ നേർക്കുനേരെയുള്ള അർഥം പ്രശംസിക്കപ്പെട്ടവൻ (The Praised One) എന്നാണ്. ഈ പേരുപോലും ഭാവിയിൽ ലോകത്ത് ഏറ്റവുമധികം സ്മരിക്കപ്പെടുകയും ആദരിക്കപ്പെടുകയും ചെയ്യാവുന്ന പ്രവാചക വ്യക്തിത്വത്തെ പ്രവചിക്കുന്നുണ്ട്.

“നിനക്ക് നിന്റെ കീർത്തി നാം ഉയർത്തിത്തരികയും ചെയ്തിരിക്കുന്നു” (ക്വുർആൻ 94:4).

ഇമാം ക്വതാദ പറയുന്നു: “അല്ലാഹു, ഈ ലോകത്തിലും പരലോകത്തിലും മുഹമ്മദ് നബിയെ കൊണ്ടുള്ള സ്മരണയെ ഉയർത്തി” (തഫ്സീർ ഇബ്നു കസീർ).

ഇന്ന് ലോകത്തിന്റെ ഓരോ കോണിൽനിന്നും ദിവസേന അഞ്ചു നേരം ബാങ്കുവിളി ഉയർന്നുകൊണ്ടിരിക്കുന്നു. അതിൽ പ്രവാചക നാമവും പരാമർശിക്കപ്പെടുന്നു. ഇത് കേൾക്കുന്ന കോടിക്കണക്കിന് മുസ്‌ലിംകൾ അതേറ്റ് ചൊല്ലുന്നു. അദ്ദേഹത്തിന്റെ പേര് പരാമർശിക്കപ്പെടുമ്പോഴെല്ലാം അദ്ദേഹത്തിനുമേൽ സമാധാനവും അനുഗ്രഹവും ഉണ്ടാവട്ടെയെന്ന് മുസ്‌ലിംകൾ പ്രാർഥിക്കുന്നു. 2014ലെ കണക്ക് പ്രകാരം 150 മില്യൺ ജനങ്ങൾ ‘മുഹമ്മദ്’ എന്നത് തങ്ങളുടെ പേരായി സ്വീകരിച്ചിട്ടുണ്ട്. ചുരുക്കത്തിൽ, ആ പേര് ഉൾക്കൊള്ളുന്ന അർഥവും പ്രവചനവും യാഥാർഥ്യമായിരിക്കുന്നു.

**ഇന്ന് ലോകത്തിന്റെ ഓരോ കോണിൽനിന്നും ദിവസേന അഞ്ചുനേരം ബാങ്കുവിളി ഉയർന്നുകൊണ്ടിരിക്കുന്നു. അതിൽ പ്രവാചക നാമവും പരാമർശിക്കപ്പെടുന്നു. ഇത് കേൾക്കുന്ന കോടിക്കണക്കിന് മുസ്‌ലിംകൾ അതേറ്റ് ചൊല്ലുന്നു. അദ്ദേഹത്തിന്റെ പേര് പരാമർശിക്കപ്പെടുമ്പോഴെല്ലാം അദ്ദേഹത്തിനുമേൽ സമാധാനവും അനുഗ്രഹവും ഉണ്ടാവട്ടെയെന്ന് മുസ്‌ലിംകൾ പ്രാർഥിക്കുന്നു. 2014ലെ കണക്ക് പ്രകാരം 150 മില്യൺ ജനങ്ങൾ ‘മുഹമ്മദ്’ എന്നത് തങ്ങളുടെ പേരായി സ്വീകരിച്ചിട്ടുണ്ട്. ചുരുക്കത്തിൽ, ആ പേര് ഉൾക്കൊള്ളുന്ന അർഥവും പ്രവചനവും യാഥാർഥ്യമായിരിക്കുന്നു.**

### E34: വലീദ് ഇബ്നു മുഗീറ, അബൂലഹബ്

വിശുദ്ധ ഖുർആനെ പരസ്യമായി പരിഹസിച്ച, ഇസ്‌ലാമിന്റെ കടുത്തശത്രുവായിരുന്നു വലീദ് ഇബ്നു മുഗീറ. അല്ലാഹു പറയുന്നു:

“എന്നിട്ടവൻ പറഞ്ഞു: ഇത് (ആരിൽനിന്നോ) ഉദ്ധരിക്കപ്പെടുന്ന മാരണമല്ലാതെ മറ്റൊന്നുമല്ല. ഇത് മനുഷ്യന്റെ വാക്കല്ലാതെ മറ്റൊന്നുമല്ല” (ഖുർആൻ 74:24,25).

അയാൾ ഒരിക്കലും ഇസ്‌ലാം സ്വീകരിക്കില്ലെന്നും നരകത്തിന്റെ സന്തതിയാണ് അവനെന്നും ഖുർആനിൽ പ്രവചിക്കപ്പെട്ടു:

“വഴിയെ ഞാൻ അവനെ സഖറിൽ (നരകത്തിൽ) ഇട്ട് എരിക്കുന്നതാണ്. സഖർ എന്നാൽ എന്താണെന്ന് നിനക്കറിയുമോ? അത് ഒന്നും ബാക്കിയാക്കുകയോ വിട്ടുകളയുകയോ ഇല്ല” (ഖുർആൻ 74:26-28).

വലീദിബ്നു മുഗീറയുടെ ജീവിത കാലത്തുതന്നെ അദ്ദേഹത്തിന്റെ മൂത്തപുത്രൻ ഇസ്‌ലാം സ്വീകരിച്ചിരുന്നു. അയാളുടെ എല്ലാ തിന്മകൾക്കും കൂടെയുണ്ടായിരുന്ന രണ്ടാമത്തെ മകൻ പിൽക്കാലഘട്ടത്തിൽ ഇസ്‌ലാം സ്വീകരിച്ചു. അദ്ദേഹമാണ് ‘അല്ലാഹുവിന്റെ വാൾ’ എന്ന് പ്രവാചകൻ വിശേഷിപ്പിച്ച ലോകപ്രശസ്തനായ ഇസ്‌ലാമിക സൈനിക കമാൻഡർ ‘ഖാലിദ് ഇബ്നു വലീദ്’. ഇത്തരത്തിൽ അയാളുടെ രണ്ടുമക്കൾക്കും ഇസ്‌ലാമിന്റെ വെളിച്ചം ലഭിച്ചപ്പോഴും ഖുർആനിൽ പ്രവചിക്കപ്പെട്ടതുപോലെ അവിശ്വാസിയായിത്തന്നെയാണ് വലീദ് ബിൻ മുഗീറ മരിച്ചത്.

പ്രവാചക പിതൃവ്യനായ അബൂലഹബിന്റെ സത്യനിഷേധത്തോടും ഖുർആൻ സമാനനിലയിൽ പ്രതികരിക്കുന്നുണ്ട്:

“അബൂലഹബിന്റെ ഇരുകൈകളും നശിച്ചിരിക്കുന്നു. അവൻ നാശമടയുകയും ചെയ്തിരിക്കുന്നു. അവന്റെ ധനമോ അവൻ സമ്പാദിച്ചുവെച്ചതോ അവന് ഉപകാരപ്പെട്ടില്ല. തീജ്വാലകളുള്ള നരകാഗ്നിയിൽ അവൻ പ്രവേശിക്കുന്നതാണ്” (ഖുർആൻ 111:1-3).

ഒരു പകർച്ചവ്യാധി പിടിപെട്ടാണ് അബൂലഹബ് മരിച്ചത്. അയാളുടെ ശരീരത്തെ തൊടാൻ പോലും ജനങ്ങൾ കൂട്ടാക്കിയില്ല.


ഇവിടെ ശ്രദ്ധിക്കേണ്ട രണ്ട് കാര്യങ്ങളുണ്ട്; അവിശ്വാസികളായി മരിക്കുമെന്ന് ഖുർആൻ പ്രഖ്യാപിച്ച ഇവർ പിന്നീട് ഇസ്‌ലാമിലേക്ക് വന്നില്ല എന്നത് മാത്രമല്ല, ഖുർആന്റെ പ്രഖ്യാപനം തെറ്റായിരുന്നു എന്ന് തെളിയിക്കാൻ കപടമായി പോലും ഇവർ ഇസ്‌ലാമിനെ അംഗീകരിച്ചില്ല.

ഇതുപോലെ തന്നെ ഇസ്‌ലാമിന്റെ ആരംഭകാലത്തെ കഠിന ശത്രുക്കളായ വേറെയും ആളുകളുണ്ട്. ഒരു യുദ്ധത്തിൽ മുസ്‌ലിം പക്ഷം പരാജയപ്പെടാൻ കാരണം ഖാലിദ് ബിൻ വലീദ്(റ) എന്ന വ്യക്തിയുടെ തന്ത്രമാണ്. ഇസ്‌ലാമിനെതിരെ യുദ്ധങ്ങൾക്ക് മുന്നിലുണ്ടായിരുന്ന അബൂ സുഫ്‌യാനാണ്(റ) വേറൊരു വ്യക്തി. ഇസ്‌ലാമിലേക്ക് പിന്നീട് വന്ന വേറെയും ശത്രുക്കളുണ്ട്. എന്നാൽ ഇവരെയൊന്നും സംബന്ധിച്ച് സമാന വർത്തമാനം ഖുർആൻ പറഞ്ഞതായി കാണില്ല. ഇവർ പിന്നീട് ഇസ്‌ലാമിലേക്ക് വരികയും ഇസ്‌ലാമിന്റെ ശാക്തീകരണത്തിനായി നിഷ്‌കളങ്കമായി പ്രവർത്തിക്കുകയും ചെയ്തുവെന്നും കാണാം.

വ്യക്തികൾ ഭാവിയിൽ ഇസ്‌ലാമിനോട് എന്ത് നിലപാട് സ്വീകരിക്കുമെന്ന് പ്രവാചകൻ അറിയുന്നത് എങ്ങനെയാണ്?

### E35: വായന വർധിക്കുന്ന കാലം

“അന്ത്യനാളിന് മുന്നോടിയായി




ജനങ്ങൾ പരിചയമുള്ളവരെ മാത്രം അഭിവാദ്യം ചെയ്യുന്ന കാലം വരും. അന്നാളിൽ കച്ചവടം/വാണിജ്യം/വ്യവസായം (Trade) വളരെ വ്യാപകമാവുകയും, സ്ത്രീ തന്റെ ഭർത്താവിനെ കച്ചവടത്തിൽ സഹായിക്കുകയും ചെയ്യും. രക്തബന്ധം വിച്ഛേദിക്കപ്പെടും; ജനങ്ങൾ കള്ള സാക്ഷി പറയുകയും യഥാർഥ സാക്ഷ്യം മറയ്ക്കുകയും ചെയ്യും. പേന (എഴുത്ത്) അന്ന് വ്യാപകമാകും" (മുസ്നദ് അഹ്മദ്).

ആധുനിക കാലത്തെ ജനസാന്ദ്രതയുള്ള നഗരങ്ങളുടെ വരവോടെ 'ആളുകൾ തങ്ങൾക്ക് അറിയാവുന്നവരെ മാത്രമെ അഭിവാദ്യം ചെയ്യുകയുള്ളൂ' എന്ന പ്രവചനം പൂർത്തീകരിക്കപ്പെട്ടു. ആളുകൾ അയൽവാസികളോട് സംസാരിക്കാതിരിക്കുന്നത് സാധാരണമാണ്. ആരാണ് തന്റെ തൊട്ടടുത്ത വീട്ടിൽ/ഫ്ളാറ്റ് മുറിയിൽ എന്ന് പോലും അറിയാത്ത തരത്തിൽ അപരിചിതത്വം കടന്നുകൂടി. 'ഒരു സ്ത്രീ തന്റെ ഭർത്താവിനെ തന്റെ കച്ചവടത്തിൽ സഹായിക്കും' എന്ന പ്രവചനം സ്ത്രീകൾ വലിയ തോതിൽ തൊഴിൽ രംഗത്തേക്ക് പ്രവേശിക്കുന്നതിലൂടെ പൂർത്തീകരിക്കപ്പെട്ടു. മാത്രമല്ല മരുഭൂമികൾ നടന്നു താണ്ടി നിർവഹിച്ചിരുന്ന ദുർഘടമായ ഒന്നായിരുന്നു പ്രവാചക കാലത്തെ കച്ചവടം. ഇന്നത് digitalised ആവുകയും വീട്ടിലിരുന്ന് പോലും ഒരു സ്ത്രീക്ക് നിയന്ത്രിക്കാൻ കഴിയുന്നത്ര എളുപ്പമുള്ളതുമായി.

പ്രത്യേകിച്ച് പാശ്ചാത്യ സമൂഹങ്ങളിൽ പരമ്പരാഗത കുടുംബ മൂല്യങ്ങളുടെ തകർച്ചയിലൂടെ 'രക്തബന്ധം വിച്ഛേദിക്കപ്പെടും' എന്ന പ്രവചനം പൂർത്തീകരിക്കപ്പെട്ടു. സമൂഹത്തിന്റെ കെട്ടുറപ്പായിരുന്ന അത്തരം മൂല്യങ്ങൾ ഇപ്പോൾ തകർന്നിരിക്കുന്നു. അതിന്റെ ഒരു ലക്ഷണമാണ് വൃദ്ധരായ മാതാപിതാക്കളെ പാർപ്പിക്കാൻ നഗരങ്ങളിൽ ഉയർന്നു പൊങ്ങുന്ന ഓൾഡ് ഏജ് ഹോമുകൾ. അവിടെ പാർപ്പിക്കപ്പെടുന്ന വൃദ്ധരുടെ എണ്ണം വർധിക്കുന്നു. സാമൂഹിക മൂല്യങ്ങളുടെ (Community values) തകർച്ചയും പ്രചനത്തിന്റെ പൂർത്തീകരണമാണ്.

**ഇതുപോലെ തന്നെ ഇസ്‌ലാമിന്റെ ആരംഭകാലത്തെ കഠിന ശത്രുക്കളായ വേറെയും ആളുകളുണ്ട്. ഒരു യുദ്ധത്തിൽ മുസ്‌ലിം പക്ഷം പരാജയപ്പെടാൻ കാരണം ഖാലിദ് ബിൻ വലീദ്(റ) എന്ന വ്യക്തിയുടെ തന്ത്രമാണ്. ഇസ്‌ലാമിനെതിരെ യുദ്ധങ്ങൾക്ക് മുന്നിലുണ്ടായിരുന്ന അബൂ സുഫ്‌യാനാണ്(റ) വേറൊരു വ്യക്തി. ഇസ്‌ലാമിലേക്ക് പിന്നീട് വന്ന വേറെയും ശത്രുക്കളുണ്ട്. എന്നാൽ ഇവരെയൊന്നും സംബന്ധിച്ച് സമാന വർത്തമാനം ഖുർആൻ പറഞ്ഞതായി കാണില്ല. ഇവർ പിന്നീട് ഇസ്‌ലാമിലേക്ക് വരികയും ഇസ്‌ലാമിന്റെ ശാക്തീകരണത്തിനായി നിഷ്കളങ്കമായി പ്രവർത്തിക്കുകയും ചെയ്തുവെന്നും കാണാം.**

അതിന്റെ ഒരു ലക്ഷണം ലിബറലിസത്തിന്റെ ആഗോള ഫിലോസഫിയാണ്. അത് ആധുനിക ലോകത്തിൽ കുടുംബാന്തരീക്ഷത്തെ തകർക്കുന്നു. വ്യക്തിയാണ് സർവപ്രധാനമെന്ന രീതിയിലുള്ള Individualism പ്രോത്സാഹിപ്പിക്കുന്നു. 'പേന (എഴുത്ത്) വ്യാപകമാകും' എന്ന പ്രവചനം കൂടി വിശദമായി പരിശോധിക്കാം. ഇവിടെ മുഹമ്മദ് നബി (സ്വ) പേനയെ സൂചിപ്പിക്കാൻ ഉപയോഗിച്ച അറബി പദം 'ഖലം' ആണ്. ആ പദം എഴുത്തിന്റെ വിശാലമായ അർഥത്തെ, അല്ലെങ്കിൽ പൊതുവായ എന്തിനെയും ഉൾക്കൊള്ളുന്ന ഒന്നാണ്. ഇന്ന് ആളുകൾക്ക് വായിക്കാനും എഴുതാനും നിരവധി മാർഗങ്ങളുണ്ട്. കൂടാതെ ധാരാളം പുസ്തകങ്ങളും പത്രങ്ങളും മാസികകളും ഉണ്ട്. മുഹമ്മദ് നബിയുടെ പ്രവചനത്തിനു 800 വർഷങ്ങൾക്ക് ശേഷം നടന്ന അച്ചടിപോലുള്ള പതിനഞ്ചാം നൂറ്റാണ്ടിലെ സാങ്കേതിക മുന്നേറ്റങ്ങൾ ഇത് വ്യാപകമാക്കി. ചരിത്രത്തിൽ ആദ്യമായി, written materials വലിയ അളവിൽ നിർമിക്കാൻ കഴിഞ്ഞു. പുസ്തക ഉൽപാ



ദനത്തിന്റെ വർധിച്ച കാര്യക്ഷമത പുസ്തക ഉപഭോഗത്തിൽ വർധനവുണ്ടാക്കുകയും ചെയ്യു. ഇന്റർനെറ്റിന്റെ വരവോടെ, എഴുത്ത് കൂടുതൽ വ്യാപമായി.

കമ്പ്യൂട്ടറോ സ്മാർട്ട് ഫോണോ ഉള്ള ആർക്കും ഇപ്പോൾ ഒരു ഫിംഗർ ക്ലിക്കുചെയ്ത് ദശലക്ഷക്കണക്കിന് പുസ്തകങ്ങളുടെ ലോകത്തേക്ക് പ്രവേശനം ലഭിക്കുന്നു. വായിക്കാനോ എഴുതാനോ കഴിയാത്ത മുഹമ്മദ് നബി(സ്വ) വായനയുടെയും എഴുത്തിന്റെയും വ്യാപനത്തെക്കുറിച്ച് പ്രവചിച്ചത് കൃത്യമായി പുലർന്നിരിക്കുന്നത് ഇവിടെ കാണാം.

**E36: സമ്പത്തിന്റെ ഉയർച്ച**

അദിയ്യ് ബിൻ ഹാതിം നിവേദനം: “അല്ലാഹുവിന്റെ പ്രവാചകൻ ഒരിക്കൽ എന്നോട് പറഞ്ഞു: ‘അദിയ്യ്, എനിക്കറിയാം എന്താണ് ഇസ്‌ലാം സ്വീകരിക്കുന്നതിൽനിന്നും നിങ്ങളെ തടഞ്ഞുനിർത്തുന്നത് എന്ന്. എന്നിൽ വിശ്വസിക്കുന്നവരൊക്കെയും ദുർബലരും ദരിദ്രരും മർദിതരും ആണെന്നതും, എന്നിൽ അവിശ്വസിക്കുന്നവരൊക്കെ അറേബ്യയിലെ പ്രമാണിമാർ ആണെന്നതുമല്ലേ അതിൽ നിന്നും താങ്കളെ തടയുന്നത്? പറയൂ അദിയ്യ്, താങ്കൾ ഹീറ (ആ കാലത്തെ ഇറാക്കിലെ ഒരു നഗരം) കണ്ടിട്ടുണ്ടോ?’ ഞാൻ പറഞ്ഞു: ‘ഞാൻ കണ്ടിട്ടില്ല. എന്നാൽ ആ നഗരത്തെ കുറിച്ച് കേട്ടിട്ടുണ്ട്.’ പ്രവാചകൻ പറഞ്ഞു: ‘എന്റെ ആത്മാവ് ആരുടെ കൈയിലാണോ അവൻ സത്യം, അല്ലാഹു ഈ ആദർശത്തെ(ഇസ്‌ലാം) പൂർത്തീകരിക്കും. എത്രത്തോളമെന്നാൽ അങ്ങ് ഹീറയിൽനിന്നും സ്ത്രീകൾ ആരും കൂട്ടിനില്ലാതെ ഒറ്റയ്ക്ക് മക്കയിൽ വന്നു കഅ്ബയെ പ്രദക്ഷിണം ചെയ്യും. നിങ്ങൾ കിസ്‌റായുടെ (പേർഷ്യൻ സാമ്രാജ്യത്തിന്റെ അധിപൻ) സാമ്രാജ്യത്വത്തെ കീഴടക്കുകയും അവരുടെ വമ്പിച്ച നിധി കൂമ്പാരത്തെ നിയന്ത്രിക്കുകയും ചെയ്യും.’ ഞാൻ (അത്ഭുതത്തോടെ) ചോദിച്ചു: ‘ഹുർമുസാന്റെ മകൻ കിസ്‌റയുടെയോ?’ പ്രവാചകൻ പറഞ്ഞു: ‘അതെ, ഹുർമുസാന്റെ മകൻ കിസ്‌റ തന്നെ. അല്ലാഹുവാണെ, ദാനം ചെയ്യാൻ ആളുകൾ താൽപര്യപ്പെടുകയും പക്ഷേ, ആ ദാനം വാങ്ങാൻ ആളുകൾ ഇല്ലാതെ വരികയും ചെയ്യുന്നിടത്തോളം നിങ്ങൾക്കിടയിൽ സമ്പത്ത് കുമിഞ്ഞുകൂടുകയും ചെയ്യും.’

> **പാശ്ചാത്യ സമൂഹങ്ങളിൽ പരമ്പരാഗത കുടുംബ മൂല്യങ്ങളുടെ തകർച്ചയിലൂടെ ‘രക്തബന്ധം വിച്ഛേദിക്കപ്പെടും’ എന്ന പ്രവചനം പൂർത്തീകരിക്കപ്പെട്ടു. സമൂഹത്തിന്റെ കെട്ടുറപ്പായിരുന്ന അത്തരം മൂല്യങ്ങൾ ഇപ്പോൾ തകർന്നിരിക്കുന്നു. അതിന്റെ ഒരു ലക്ഷണമാണ് വൃദ്ധരായ മാതാപിതാക്കളെ പാർപ്പിക്കാൻ നഗരങ്ങളിൽ ഉയർന്നു പൊങ്ങുന്ന ഓൾഡ് ഏജ് ഹോമുകൾ. അവിടെ പാർപ്പിക്കപ്പെടുന്ന വൃദ്ധരുടെ എണ്ണം വർധിക്കുന്നു. സാമൂഹിക മൂല്യങ്ങളുടെ** (Community values) **തകർച്ചയും പ്രചനത്തിന്റെ പൂർത്തീകരണമാണ്.**

അദിയ്യ് പറയുന്നു: ‘പ്രവാചകന്റെ പ്രവചനങ്ങൾ പൂർത്തീകരിക്കപ്പെടുന്നത് ഞാൻ എന്റെ സ്വന്തം കണ്ണുകൾകൊണ്ട് കണ്ടിട്ടുണ്ട്. നിങ്ങൾക്കും അത് കാണാം. സ്ത്രീകൾ ഹീറയിൽനിന്ന് ഒറ്റയ്ക്ക് മക്കയിലേക്ക് വരികയും കഅ്ബയെ പ്രദക്ഷിണം ചെയ്തു തിരിച്ചുപോവുകയും ചെയ്യുന്നു. കിസ്‌റ കീഴടക്കിയപ്പോഴും അവരുടെ നിധി കൂമ്പാരങ്ങൾ ജനങ്ങൾക്കിടയിൽ വീതിച്ചു കൊടുക്കുകയും ചെയ്യുന്ന സന്ദർഭങ്ങളിലും എല്ലാം ഞാനും പങ്കെടുത്തിട്ടുണ്ട്. അതുപോലെ ആ മൂന്നാമത്തെ പ്രവചനവും പൂർത്തീകരിക്കും എന്ന് ഞാൻ ഉറച്ചു വിശ്വസിക്കുന്നു. കാരണം നബി(സ്വ) അങ്ങനെ പറഞ്ഞിട്ടുണ്ട് എന്നതുതന്നെ” (മുസ്നദു അഹ്മദ്, ബുഖാരി).

പിൽക്കാലത്ത് ഇറാക്ക് മുസ്‌ലിംകൾക്ക് കീഴടങ്ങുകയും ഖലീഫ ഉമറിന്റെ ഭരണകാലത്ത് ഇസ്‌ലാമികലോകം മുഴുവൻ സുരക്ഷിത പ്രദേശമാവുകയും സ്ത്രീകൾ ഹീറയിൽനിന്നും ഒറ്റയ്ക്ക് ഹജ്ജിനു വരാൻ തുടങ്ങുകയും ചെയ്തു... (മുസ്നദു അഹ്മദ്, ബുഖാരി).

ഖലീഫ ഉമറി(റ)ന്റെ കാലത്ത് ഇസ്‌ലാമിക ലോകം സമ്പന്നമാകുകയും സകാത്ത് വാങ്ങാൻ ദരിദ്രർ ഇല്ലാത്ത അവസ്ഥയുണ്ടാവുകയും ചെയ്തു. എന്നിട്ട് സകാത്തന്റെ ധനം ഈജിപ്തിലെ അടിമകളെ വാങ്ങി മോചിപ്പിക്കാനാണ് വിനിയോഗിച്ചത്. രണ്ടാം ഉമർ എന്നറിയപ്പെട്ട ഉമർ ബിൻ അബ്ദുൽ അസീസിന്റെ കാലത്തും സമാന സാഹചര്യം നിലവിൽ വരികയുണ്ടായി.

**E37: ആകാശം**

“and We made the sky a protected roof, yet still, they turn away from its signs.”

“ആകാശത്തെ നാം സംരക്ഷിതമായ ഒരു മേൽപുരയാക്കിയിട്ടുമുണ്ട്. അവരാകട്ടെ അതിലെ (ആകാശത്തിലെ) ദൃഷ്ടാന്തങ്ങൾ ശ്രദ്ധിക്കാതെ തിരിഞ്ഞുകളയുന്നവരാകുന്നു” (21:32).

ഉപരിലോകത്തെ ഒന്നാകെ വിളിക്കാൻ ഖുർആൻ ‘അസ്സമാഅ്’ അഥവാ ആകാശം എന്ന പദം ഉപയോഗിച്ചിട്ടുണ്ട്. പക്ഷികൾ പറക്കുന്നതും കാർമേഘങ്ങൾ നിലനിൽക്കുന്നതും നക്ഷത്രങ്ങൾ പരന്നു കിടക്കുന്നതുമെല്ലാം സമാഇൽ ആണെന്ന് ഖുർആൻ

പറയുന്നത് കാണാം. ആകാശം എന്നതിനെക്കാൾ ഉപരിലോകമെന്ന അർഥമാണ് ഇവിടെ കൂടുതൽ യോജിക്കുന്നത്. മനുഷ്യന് സംരക്ഷിതമായ ഒരു മേൽപുരയാണ് ഈ ഉപരിലോകമെന്ന് ഈ സൂക്തത്തിൽ ക്വുർആൻ പരിചയപ്പെടുത്തുന്നു. ഭൂമിയുടെ ഉപരിയായ അന്തരീക്ഷപാളി ജീവൻ നിലനിർത്തുന്നതിൽ ഒരുപാട് പങ്ക് വഹിക്കുന്നതായി നമുക്ക് ഇന്നറിയാം. ദിവസേന എത്രയോ ചെറിയ ഉൽക്കകളെ ഭൂമിയിൽ പതിക്കുന്നതിൽനിന്നും ഈ അന്തരീക്ഷം തടയുന്നുണ്ട്. ചില രാത്രികളിലെങ്കിലും അൽപനേരത്തേക്ക് കത്തിയെരിയുന്ന ചില ചെറിയ ധൂളികൾ ആകാശത്ത് കാണാം. അതിനു കാരണം അന്തരീക്ഷത്തിലെ ഈ പ്രതിഭാസമാണ്.

അന്തരീക്ഷത്തിന്റെ മുകൾതട്ടിൽ കാണപ്പെടുന്ന ഓസോൺ സൂര്യനിൽനിന്ന് വരുന്ന അൾട്രാവയലറ്റ് രശ്മികളിൽ 93-99% ഭാഗവും ആഗിരണം ചെയ്ത് തടയുന്നു. ഭൂമിയിലുള്ള ജീവികൾക്ക് ഹാനികരമാകുന്നവയാണ് അൾട്രാവയലറ്റ് രശ്മികൾ. കൂടാതെ magnetosphere എന്ന അന്തരീക്ഷഭാഗം സൗരകാറ്റുകളെ (solar winds)കൂടി തടയുന്നു. അന്തരീക്ഷം ജീവന് പാകമാകുന്ന സുരക്ഷയൊരുക്കുന്നുണ്ട് എന്ന കാര്യത്തിൽ ശാസ്ത്രലോകത്തിന് ഇന്ന് തർക്കമില്ല. നാസയുടെ ഒഫിഷ്യൽ വെബ്സൈറ്റിൽ അന്തരീക്ഷത്തെ സംബന്ധിച്ച ഒരു ലേഖനത്തിന്റെ തലക്കെട്ട് തന്നെ ക്വുർആനിക പ്രയോഗത്തിന് സമാനമാണ്: 'അന്തരീക്ഷം; ഭൂമിയുടെ സുരക്ഷാപുതപ്പ്.' (The Atmosphere: Earth's Security Blanket).

### E38: മേഘങ്ങളുടെ ഭാരം

''And it is He who sends the winds as good tidings before His mercy until, when they have carried heavy rainclouds, We drive them to a dead land and We send down rain therein and bring forth thereby some of all the fruits. Thus will We bring forth the dead; perhaps you may be reminded”.

“അവനത്രെ തന്റെ അനുഗ്രഹത്തിന്ന് (മഴയ്ക്കു) മുമ്പായി സന്തോഷവാർത്ത അറിയിച്ചുകൊണ്ട് കാറ്റുകളെ അയക്കുന്നവൻ. അങ്ങനെ അവ (കാറ്റുകൾ) ഭാരിച്ച മേഘത്തെ വഹിച്ചുകഴിഞ്ഞാൽ നിർജീവമായ വല്ല നാട്ടിലേക്കും നാം അതിനെ നയിച്ചുകൊണ്ട് പോകുകയും, എന്നിട്ടവിടെ വെള്ളം ചൊരിയുകയും, അത് മൂലം എല്ലാതരം കായ്കനികളും നാം പുറത്ത് കൊണ്ടുവരികയും ചെയ്യുന്നു. അതുപോലെ നാം മരണപ്പെട്ടവരെ പുറത്ത് കൊണ്ടുവരുന്നതാണ്. നിങ്ങൾ ശ്രദ്ധിച്ചു മനസ്സിലാക്കുന്നവരായേക്കാം'' (7:57).

''It is He who shows you lightening, causing fear and aspiration, and generates the heavy clouds”.

“ഭയവും ആശയും ജനിപ്പിച്ചുകൊണ്ട് നിങ്ങൾക്ക് മിന്നൽപിണർ കാണിച്ചുതരുന്നത് അവനത്രെ. ഭാരമുള്ള മേഘങ്ങളെ അവൻ ഉണ്ടാക്കുകയും ചെയ്യുന്നു” (13:12).

നല്ല വെളുത്ത, പഞ്ഞിക്കെട്ട് പോലെയിരിക്കുന്ന, പുകപോലെ ആകാശത്ത് കാറ്റത്ത് പാറി നടക്കുന്ന മേഘങ്ങൾ. അവ കഠിനമായ ഭാരമുള്ളവയാണെന്ന് ആയിരത്തി നാനൂറ് വർഷങ്ങൾക്ക് മുമ്പ് ഒരു ഗ്രന്ഥത്തിന് ആവർത്തിച്ച് പറയാൻ കഴിയുന്നത് എങ്ങനെയാകും? സാധാരണയായി ആകാശത്ത് കാണുന്ന പഞ്ഞിക്കെട്ട് പോലിരിക്കുന്ന ഒരു സാധാരണ ക്യുമുലസ് മേഘത്തിന് അഞ്ച് ലക്ഷം കിലോഗ്രാമെങ്കിലും ഭാരമുണ്ടാകുമെന്നാണ് ശാസ്ത്രലോകം പറയുന്നത്.

മേഘങ്ങളെ ഗവേഷണം ചെയ്യാൻ യാതൊരു മാർഗ്ഗവുമില്ലാത്ത, ശരിക്ക് മഴപോലും ലഭിക്കാത്ത മരുഭൂമിയിൽനിന്നും പ്രവാചകൻ ഇതെല്ലാം അറിഞ്ഞു എന്ന് വാദിക്കുന്നതിൽ യുക്തിയില്ല. ദൈവം മാത്രമാണ് ഇതിനുള്ള വിശദീകരണം.

*(തുടരും)*


**നല്ല വെളുത്ത, പഞ്ഞിക്കെട്ട് പോലെയിരിക്കുന്ന, പുകപോലെ ആകാശത്ത് കാറ്റത്ത് പാറി നടക്കുന്ന മേഘങ്ങൾ. അവ കഠിനമായ ഭാരമുള്ളവയാണെന്ന് ആയിരത്തി നാനൂറ് വർഷങ്ങൾക്ക് മുമ്പ് ഒരു ഗ്രന്ഥത്തിന് ആവർത്തിച്ച് പറയാൻ കഴിയുന്നത് എങ്ങനെയാകും? സാധാരണയായി ആകാശത്ത് കാണുന്ന പഞ്ഞിക്കെട്ട് പോലിരിക്കുന്ന ഒരു സാധാരണ ക്യുമുലസ് മേഘത്തിന് അഞ്ച് ലക്ഷം കിലോഗ്രാമെങ്കിലും ഭാരമുണ്ടാകുമെന്നാണ് ശാസ്ത്രലോകം പറയുന്നത്. മേഘങ്ങളെ ഗവേഷണം ചെയ്യാൻ യാതൊരു മാർഗ്ഗവുമില്ലാത്ത, ശരിക്ക് മഴപോലും ലഭിക്കാത്ത മരുഭൂമിയിൽനിന്നും പ്രവാചകൻ ഇതെല്ലാം അറിഞ്ഞു എന്ന് വാദിക്കുന്നതിൽ യുക്തിയില്ല. ദൈവം മാത്രമാണ് ഇതിനുള്ള വിശദീകരണം.**

അബ്ദുർറഹ്മാനുബ്നു നാസിറുസ്സഅ്ദി
വിവർത്തനം: ഹാരിസ് ബിൻ സലീം
✆:95444 92089

അധ്യായം 40

# സൂറ: ഗാഫിർ

## (പാപം പൊറുക്കുന്നവൻ)

(മക്കയിൽ അവതരിച്ചത്)

56. തങ്ങൾക്ക് യാതൊരു പ്രമാണവും വന്നുകിട്ടാതെ അല്ലാഹുവിന്റെ ദൃഷ്ടാന്തങ്ങളെപ്പറ്റി തർക്കിക്കുന്നതാരോ അവരുടെ ഹൃദയങ്ങളിൽ തീർച്ചയായും അഹങ്കാരം മാത്രമേയുള്ളൂ. അവർ അവിടെ എത്തുന്നതേ അല്ല. അതുകൊണ്ട് നീ അല്ലാഹുവോട് ശരണം തേടുക. തീർച്ചയായും അവനാണ് എല്ലാം കേൾക്കുന്നവനും കാണുന്നവനും.
57. തീർച്ചയായും ആകാശങ്ങളും ഭൂമിയും സൃഷ്ടിക്കുക എന്നതാണ് മനുഷ്യനെ സൃഷ്ടിക്കുന്നതിനെക്കാൾ വലിയ കാര്യം. പക്ഷേ, അവരിൽ അധികപേരും മനസ്സിലാക്കുന്നില്ല.
58. അന്ധനും കാഴ്ചയുള്ളവനും സമമാകുകയില്ല. വിശ്വസിച്ച് സൽകർമങ്ങൾ ചെയ്തവരും ദുഷ്കൃത്യം ചെയ്തവരും സമമാകുകയില്ല. ചുരുക്കത്തിൽ മാത്രമെ നിങ്ങൾ ആലോചിച്ചു മനസ്സിലാക്കുന്നുള്ളൂ.
59. ആ അന്ത്യസമയം വരാനുള്ളത് തന്നെയാണ്. അതിൽ സംശയമേ ഇല്ല. പക്ഷേ, മനുഷ്യരിൽ അധികപേരും വിശ്വസിക്കുന്നില്ല.
60. നിങ്ങളുടെ രക്ഷിതാവ് പറഞ്ഞിരിക്കുന്നു: നിങ്ങൾ എന്നോട് പ്രാർഥിക്കൂ, ഞാൻ നിങ്ങൾക്ക് ഉത്തരം നൽകാം. എന്നെ ആരാധിക്കാതെ അഹങ്കാരം നടിക്കുന്നവരാരോ അവർ വഴിയെ നിന്ദ്യരായിക്കൊണ്ട് നരകത്തിൽ പ്രവേശിക്കുന്നതാണ്; തീ ർച്ച.
61. അല്ലാഹുവാകുന്നു നിങ്ങൾക്കു വേണ്ടി രാത്രിയെ നിങ്ങൾക്കു ശാന്തമായി വസിക്കാൻ തക്കവണ്ണവും, പകലിനെ വെളിച്ചമുള്ളതും ആക്കിയവൻ. തീർച്ചയായും അല്ലാഹു ജനങ്ങളോട് ഔദാര്യമുള്ളവനാകുന്നു. പക്ഷേ, മനുഷ്യരിൽ അധികപേരും നന്ദി കാണിക്കുന്നില്ല.
62. അവനാകുന്നു നിങ്ങളുടെ രക്ഷിതാവും എല്ലാ വസ്തുക്കളുടെയും സൃഷ്ടികർത്താവുമായ അല്ലാഹു. അവനല്ലാതെ യാതൊരു ദൈവവുമില്ല. എന്നിരിക്കെ നിങ്ങൾ എങ്ങനെയാണ് (സന്മാർഗത്തിൽ നിന്ന്) തെറ്റിക്കപ്പെടുന്നത്?

إِنَّ ٱلَّذِينَ يُجَٰدِلُونَ فِيٓ ءَايَٰتِ ٱللَّهِ
بِغَيۡرِ سُلۡطَٰنٍ أَتَىٰهُمۡ إِن فِي صُدُورِهِمۡ إِلَّا
كِبۡرٞ مَّا هُم بِبَٰلِغِيهِۚ فَٱسۡتَعِذۡ بِٱللَّهِۖ
إِنَّهُۥ هُوَ ٱلسَّمِيعُ ٱلۡبَصِيرُ ٥٦

لَخَلۡقُ ٱلسَّمَٰوَٰتِ وَٱلۡأَرۡضِ أَكۡبَرُ مِنۡ
خَلۡقِ ٱلنَّاسِ وَلَٰكِنَّ أَكۡثَرَ ٱلنَّاسِ لَا
يَعۡلَمُونَ ٥٧

وَمَا يَسۡتَوِي ٱلۡأَعۡمَىٰ وَٱلۡبَصِيرُ وَٱلَّذِينَ
ءَامَنُواْ وَعَمِلُواْ ٱلصَّٰلِحَٰتِ وَلَا ٱلۡمُسِيٓءُۚ
قَلِيلٗا مَّا تَتَذَكَّرُونَ ٥٨

إِنَّ ٱلسَّاعَةَ لَأٓتِيَةٞ لَّا رَيۡبَ فِيهَا وَلَٰكِنَّ
أَكۡثَرَ ٱلنَّاسِ لَا يُؤۡمِنُونَ ٥٩

وَقَالَ رَبُّكُمُ ٱدۡعُونِيٓ أَسۡتَجِبۡ لَكُمۡۚ إِنَّ
ٱلَّذِينَ يَسۡتَكۡبِرُونَ عَنۡ عِبَادَتِي
سَيَدۡخُلُونَ جَهَنَّمَ دَاخِرِينَ ٦٠

ٱللَّهُ ٱلَّذِي جَعَلَ لَكُمُ ٱلَّيۡلَ لِتَسۡكُنُواْ فِيهِ
وَٱلنَّهَارَ مُبۡصِرًاۚ إِنَّ ٱللَّهَ لَذُو فَضۡلٍ
عَلَى ٱلنَّاسِ وَلَٰكِنَّ أَكۡثَرَ ٱلنَّاسِ لَا
يَشۡكُرُونَ ٦١

ذَٰلِكُمُ ٱللَّهُ رَبُّكُمۡ خَٰلِقُ كُلِّ شَيۡءٖ لَّآ
إِلَٰهَ إِلَّا هُوَۖ فَأَنَّىٰ تُؤۡفَكُونَ ٦٢

56) ഇവിടെ അല്ലാഹു പറയുന്നത്; അല്ലാഹുവിന്റെ ദൃഷ്ടാന്തങ്ങളെ വ്യക്തമായ കൽപനയോ തെളിവോ പ്രമാണമോ ഇല്ലാതെ വിമർശിക്കുന്നത് സത്യത്തോടുള്ള മനസ്സിലെ അഹങ്കാരമാണ്; ആ സത്യം പറഞ്ഞുതന്നവനോടും. അവന്റെ മേൽ ഔന്നത്യമാണ് അവരുടെ ഉദ്ദേശ്യം. ഇതൊന്നും പൂർത്തിയാക്കാനോ നേടാനോ അവർക്കാവില്ല. ഇത് വ്യക്തമായ പ്രമാണവും സുവിശേഷവുമാണ്. സത്യത്തോട് ഏറ്റുമുട്ടുന്നവൻ പരാജയപ്പെടും. എല്ലാ അഹങ്കാരികളുടെയും പര്യവസാനം നിന്ദ്യമായിരിക്കും.

(അതുകൊണ്ട് നീ കാവൽതേടുക) രക്ഷതേടുകയും ഭരമേൽപിക്കുകയും ചെയ്യുക (അല്ലാഹുവിൽ). എന്തിൽനിന്നാണ് രക്ഷതേടേണ്ടത് എന്ന് ഇവിടെ എടുത്തുപറയാത്തത് എല്ലാം ഉൾപ്പെടുന്നതിനുവേണ്ടിയാണ്. രക്ഷതേടേണ്ടത് സത്യത്തോട് അഹങ്കാരം കാണിക്കുന്നതിൽനിന്നും മനുഷ്യരും ജിന്നുകളുമായ എല്ലാ പിശാചുക്കളിൽനിന്നും സർവ തിന്മകളിൽനിന്നുമാണ്. (അവനാണ് എല്ലാം കേൾക്കുന്നവൻ) വ്യത്യസ്തങ്ങളായ എല്ലാ ശബ്ദങ്ങളും. (കാണുന്നവനും) എല്ലാ കാഴ്ചകളും, ഏത് സ്ഥലത്തും കാലത്തും സമയത്തും ഉള്ളതെല്ലാം.

57). ബുദ്ധിയുള്ളവർക്ക് ബോധ്യപ്പെടുന്ന ഒരു കാര്യമാണ് ഇവിടെ അല്ലാഹു പറയുന്നത്. ആകാശം വലുതും വിശാലമായതുമായിരിക്കെ അതിനെ സൃഷ്ടിക്കുക എന്നത് മനുഷ്യരെ സൃഷ്ടിക്കുന്നതിനെക്കാൾ വലിയ കാര്യം. ആകാശഭൂമികളുടെ സൃഷ്ടിയെക്കാൾ നിസ്സാരമായതാണ് മനുഷ്യന്റെ സൃഷ്ടിപ്പ്. അന്യൂനമായ മഹാഗോളങ്ങളെ സൃഷ്ടിച്ചവൻ മരണാനന്തരം മനുഷ്യരെ തിരിച്ചുകൊണ്ടുവരാൻ ഏറ്റവും കഴിവുള്ളവനാണ്. ഉയിർത്തെഴുന്നേൽപിനുള്ള ഏറെ നല്ല ബുദ്ധിപരമായ ഒരു തെളിവാണിത്. ഖണ്ഡിതമായ തെളിവ്. ഈ തെളിവിനെക്കുറിച്ച് ചിന്തിക്കുന്നവർക്ക് പ്രവാചകന്മാർ പറഞ്ഞ ഉയിർത്തെഴുന്നേൽപിൽ യാതൊരു സംശയത്തിനും ഇടയില്ല. എന്നാൽ ഇത് ചിന്തിക്കാനോ പരിശോധിക്കാനോ അധിക ആളുകളും സന്നദ്ധരല്ല. (പക്ഷേ, മനുഷ്യരിൽ അധികപേരും വിശ്വസിക്കുന്നില്ല). അതിനാൽ അവർ അതിൽ ശ്രദ്ധ കൊടുക്കുകയോ പരിഗണിക്കുകയോ ചെയ്യുന്നില്ല.

58). തുടർന്ന് അല്ലാഹു പറയുന്നു: (അന്ധനും കാഴ്ചയുള്ളവനും സമമാകുകയില്ല. വിശ്വസിച്ച് സൽകർമങ്ങൾ ചെയ്തവരും ദുഷ്കൃത്യം ചെയ്തവരും) കാഴ്ചയുള്ളവനും ഇല്ലാത്തവനും സമമാകാത്തതുപോലെത്തന്നെ അല്ലാഹുവിൽ വിശ്വസിച്ച് സൽപ്രവർത്തനങ്ങൾ ചെയ്യുന്നവനും തന്റെ രക്ഷിതാവിനെ ആരാധിക്കുന്നതിൽ അഹങ്കരിച്ച്, പാപം ചെയ്ത്, അല്ലാഹുവിന്റെ കോപത്തിനുവേണ്ടി പരിശ്രമിക്കുന്നവനും സമമാകില്ല. (ചുരുക്കത്തിൽ മാത്രമെ നിങ്ങൾ ആലോചിച്ച്




മനസ്സിലാക്കുന്നുള്ളൂ) കുറച്ച് മാത്രമെ നിങ്ങൾ ആലോചിക്കുന്നുള്ളൂ. കാര്യങ്ങളെ വേണ്ടരൂപത്തിൽ മനസ്സിലാക്കുകയും നന്മ തിന്മകളെ വേർതിരിച്ചറിയുകയും വിവേചിച്ചറിയുകയും ചെയ്യുന്നവർക്ക് മനഃശക്തിയുണ്ടാകും. ഉപദ്രവത്തെക്കാൾ ഉപകാരത്തെ സ്വീകരിക്കും. വഴികേടല്ല സന്മാർഗമാണ് പിൻപറ്റുക. നശിക്കുന്ന ലോകത്തെക്കാൾ നിത്യസൗഭാഗ്യ ജീവിതത്തിന് മുൻഗണന നൽകും.

59) (അന്ത്യസമയം വരാനുള്ളത് തന്നെയാണ്; അതിൽ സംശയമേ ഇല്ല) പടപ്പുകളിൽ ഏറ്റവും സത്യവാന്മാരായ പ്രവാചകന്മാരാണ് അതിനെക്കുറിച്ച് അറിയിച്ചുതന്നത്. ദൈവിക ഗ്രന്ഥങ്ങളിലുള്ളതാണത്. അവയിലെ ആശയങ്ങളെല്ലാം ഉയർന്ന സത്യങ്ങളാണ്. അതിന് കാണുന്ന തെളിവുകളുണ്ട്. പ്രാപഞ്ചിക ദൃഷ്ടാന്തങ്ങളുണ്ട്. (പക്ഷേ, മനുഷ്യരിൽ അധികപേരും വിശ്വസിക്കുന്നില്ല) സത്യം അംഗീകരിക്കാനും അതിന് വിധേയമാകാനും ഉതകുന്ന ഇത്രയും വ്യക്തമായ തെളിവുകളുണ്ടായിട്ടും.

60). തന്റെ ദാസന്മാരോടുള്ള അല്ലാഹുവിന്റെ സ്നേഹവും മഹത്തായ കാരുണ്യവുമാണ് ഇവിടെ പറയുന്നത്. ഇഹപര വിജയത്തിനുവേണ്ടിയുള്ള അവരുടെ പ്രാർഥന, അതിനായി അവരോട് നിർദേശിക്കുന്നു. ആരാധനയായ പ്രാർഥനയും ആവശ്യങ്ങൾ

ക്കായുള്ള പ്രാർഥനയും രണ്ടായാലും അവർക്ക് അവൻ ഉത്തരം നൽകുമെന്ന് ഉറപ്പുനൽകുന്നു. ആരാധിക്കാതെ അഹങ്കാരം നടിക്കുന്നവരെ അവൻ താക്കീത് ചെയ്യുകയും ചെയ്യുന്നു. (എന്നെ ആരാധിക്കാതെ അഹങ്കാരം നടിക്കുന്നവരാരോ അവർ വഴിയെ നിന്ദ്യരായിക്കൊണ്ട് നരകത്തിൽ പ്രവേശിക്കുന്നതാണ്, തീർച്ച!) നിന്ദ്യരും നിസ്സാരരുമായി. ശിക്ഷയും നിന്ദ്യതയും അവരിൽ സംഗമിക്കും. അവരുടെ അഹങ്കാരത്തിന്റെ ഫലം.

61) ഈ പരിശുദ്ധ വചനങ്ങളെക്കുറിച്ച് ചിന്തിക്കണം; അല്ലാഹുവിന്റെ കാരുണ്യത്തിന്റെ വിശാലതയെക്കുറിച്ചും അവന്റെ മഹത്തായ ഔദാര്യത്തെക്കുറിച്ചും. അവന് നന്ദി ചെയ്യേണ്ടതിന്റെ അനിവാര്യത, അവന്റെ കഴിവും അധികാരവും ആധിപത്യവും, അവനാണ് എല്ലാം സൃഷ്ടിച്ചത്; ഇവയെല്ലാം ഈ വചനങ്ങൾ നമ്മോട് പറയുന്നു. അവൻ എന്നെന്നും ജീവിച്ചിരിക്കുന്നവനാണെന്നും അവന്റെ ഉത്തമ പ്രവർത്തനങ്ങൾകൊണ്ട് അവൻ സ്തുതിക്കർഹനാണെന്നും ഈ വചനങ്ങളിലുണ്ട്. സൃഷ്ടികർതൃത്വത്തിൽ അവനേകനാണ്. സർവലോകങ്ങളെയും സർവകാലത്തും നിയന്ത്രിക്കുന്നതും അവനേകനായിട്ടാണ്. അതിലൊരാൾക്കും പങ്കോ കഴിവോ ഇല്ല. അതിനാൽതന്നെ ആരാധനക്കും അവനേകനാണ്. മറ്റൊരാളും അതിന് അർഹനല്ല. ആരാധ്യതയിലാവട്ടെ, രക്ഷാകർതൃത്വത്തിലാവട്ടെ അവന് പങ്കുകാരില്ല. ഇതറിയുമ്പോൾ ഹൃദയത്തിൽ അല്ലാഹുവിനെ ബോധ്യപ്പെടുകയും അവനെ സ്നേഹിക്കുകയും ഭയപ്പെടുകയും അവനിൽ പ്രതീക്ഷയർപ്പിക്കുകയും ചെയ്യുന്നു.

അവനെ അറിയുക, ആരാധിക്കുക എന്ന സുപ്രധാനമായ രണ്ട് കാര്യങ്ങൾക്കുവേണ്ടിയാണ് സൃഷ്ടികളെ അല്ലാഹു പടച്ചത്. ഇവ രണ്ടുമാണ് സർവ നന്മകൾക്കും കാരണമാകുന്നത്. ഇഹപര സൗഭാഗ്യം ലഭിക്കുന്നു ഇവ രണ്ടുമാണ് സ്രഷ്ടാവിന്റെ വിശിഷ്ടദാനം. അവമൂലമാണ് അതിരുകളില്ലാത്ത ആസ്വാദനം. അവ രണ്ടും നഷ്ടമായാൽ സർവ നന്മകളും നഷ്ടപ്പെടുകയും സർവ ദുരന്തങ്ങളും വന്നുചേരുകയും ചെയ്യും.

അല്ലാഹു നമ്മുടെ ഹൃദയങ്ങളിൽ അവനെക്കുറിച്ചുള്ള അറിവും അവനോടുള്ള സ്നേഹവും നിറക്കട്ടെ. നമ്മുടെ എല്ലാ പ്രവർത്തനങ്ങളും അവന്റെ പ്രീതിക്കുവേണ്ടിയാവട്ടെ, അവന്റെ കൽപനകൾ സ്വീകരിക്കാൻ കഴിയട്ടെ. ഒരു ചോദ്യവും അവനെ പ്രയാസപ്പെടുത്തുന്നില്ല.

തുടർന്ന് അല്ലാഹു പറയുന്നു: (അല്ലാഹുവാകുന്നു നിങ്ങൾക്കുവേണ്ടി രാത്രിയെ ഉണ്ടാക്കിത്തന്നവൻ) അതായത് നിങ്ങൾക്കുവേണ്ടി രാത്രിയെ അവൻ ഇരുണ്ടതാക്കി. (നിങ്ങൾക്കതിൽ ശാന്തമായി വസിക്കാൻ) നിങ്ങളുടെ ചലനങ്ങളവസാനിപ്പിച്ച്, തുടർച്ചയായി ചെയ്തുകൊണ്ടിരിക്കുകയാണെങ്കിൽ അത് നിങ്ങൾക്ക് ദോഷകരമായിത്തീരും. അങ്ങനെ നിങ്ങൾ നിങ്ങളുടെ വിരിപ്പിലേക്കെത്തുന്നു. അല്ലാഹു നിങ്ങൾക്ക് ഉറക്കം നൽകുന്നു. അതുമൂലം മനസ്സും ശരീരവും വിശ്രമിക്കുന്നു. അതില്ലാതെ മനുഷ്യജീവിതം നിലനിർത്തുക സാധ്യമല്ല. എല്ലാവരും തന്റെ പ്രിയപ്പെട്ടവരിലേക്ക് എത്തുന്ന സമയം, ജോലി കുറയുന്ന, ചിന്തിക്കാൻ അവസരം നൽകുന്ന സമയം.

അങ്ങനെ അല്ലാഹു നിങ്ങൾക്കാക്കിത്തന്നു (പകലിനെ വെളിച്ചമുള്ളതിലേക്ക്) ഭ്രമണപഥത്തിൽ പ്രകാശിച്ച് സൂര്യൻ നിലകൊള്ളുമ്പോൾ ഭൗതികവും മതപരവുമായ തിരക്കുകളിലേക്ക് എഴുന്നേറ്റുവരുന്നു. ദിക്റുകളും ഖുർആൻ പാരായണവും നമസ്കാരവുമായി ചിലർ. വിജ്ഞാനത്തിലും പഠനത്തിലും വ്യാപൃതമാകുന്നവർ, കച്ചവടത്തിലേർപ്പെടുന്നവർ, കെട്ടിട നിർമാണവും ലോഹവിപണനങ്ങളും ചെയ്യുന്നവർ, കടലിലും കരയിലും യാത്ര ചെയ്യുന്നവർ, കൃഷിപ്പണിയിലും കന്നുകാലി വളർത്തലിലും ഏർപ്പെടുത്തുന്നവർ. (തീർച്ചയായും അല്ലാഹു ജനങ്ങളോട് ഔദാര്യമുള്ളവനാകുന്നു) വളരെയധികം, എല്ലാവരോടും. (ജനങ്ങളോട്) ഇതുപോലുള്ള ധാരാളം അനുഗ്രഹങ്ങൾ അവൻ അവർക്ക് നൽകുന്നു. പ്രയാസങ്ങൾ ഒഴിവാക്കിക്കൊടുക്കുന്നു. ഇതുമൂലം അവർ അവനെ സ്മരിക്കാനും നന്ദി ചെയ്യാനും ബാധ്യസ്ഥരായിത്തീരുന്നു. (പക്ഷേ, മനുഷ്യരിൽ അധികപേരും നന്ദികാണിക്കുന്നില്ല) അജ്ഞതയും അക്രമവും മൂലം. (നന്ദിയുള്ളവർ എന്റെ ദാസന്മാരിൽ അപൂർവവുമത്രെ) അല്ലാഹുവിന്റെ അനുഗ്രഹങ്ങൾ അംഗീകരിക്കുകയും അവന് കീഴ്പ്പെടുകയും അവനെ സ്നേഹിക്കുകയും തങ്ങളുടെ രക്ഷിതാവിനെ അനുസരിച്ച് പ്രവർത്തിക്കുകയും ചെയ്യുന്ന അടിമകൾ, അപൂർവമാണ്.

62). (അവനാകുന്നു) ഇതെല്ലാം ചെയ്തവൻ. (നിങ്ങളുടെ രക്ഷിതാവായ അല്ലാഹു) ആരാധ്യതയിലും രക്ഷാകർതൃത്വത്തിലും ഏകനായവൻ. ഈ അനുഗ്രഹങ്ങളെല്ലാം നൽകുന്നത് അവൻ മാത്രമാണ്. അത് അവന്റെ രക്ഷാകർതൃത്വത്തിൽ പെട്ടതുമാണ്. അതിനാൽ അവന് നന്ദിചെയ്യുകയും അവനെ മാത്രം ആരാധിക്കുകയും വേണം.

(എല്ലാ വസ്തുക്കളുടെയും സൃഷ്ടികർത്താവ്) അവന്റെ രക്ഷാകർതൃത്വത്തെ സ്ഥാപിക്കുന്നു. (അവനല്ലാതെ ആരാധനക്കർഹനായി മറ്റാരുമില്ല) അവൻ മാത്രമാണ് ആരാധനയ്ക്ക് അർഹനെന്നും അവന് പങ്കുകാരില്ലെന്നും സ്ഥാപിക്കുന്നു. തുടർന്ന് അവനെ ആരാധിക്കാൻ കൽപിക്കുന്നു. (നിങ്ങൾ എങ്ങനെയാണ് തെറ്റിക്കപ്പെടുന്നത്) നിങ്ങൾ എങ്ങനെ അവനെ ആരാധിക്കാതിരിക്കും? അവൻ ഏകനാണെന്നും അവന് പങ്കുകാരില്ലെന്നും തെളിവുകളിലൂടെ ബോധ്യപ്പെടുകയും യഥാർഥ വഴി തെളിയുകയും ചെയ്തശേഷം. ■



# ഉൾക്കണ്ണിലെ കാരുണ്യം

**ഇബ്നു അലി**
: 94461 51577

അവിടെ അങ്ങനെയാണ്. നാലുമണിക്ക് മുമ്പ് സുബ്ഹി ബാങ്ക് വിളിക്കും. മൊത്തത്തിൽ എല്ലാവരും നേരത്തെ ഉണരും. അഞ്ചുമണിക്ക് മുമ്പ് വെട്ടം പരക്കും. ജീവസന്ധാരണത്തിനായി ആളുകൾ ഓടിത്തുടങ്ങും. നേരത്തെ എഴുന്നേൽക്കുന്നതുകൊണ്ട് തന്നെ പ്രാഥമിക കൃത്യങ്ങളും വിശപ്പും നേരത്തെ കഴിയും. ചെറിയ കടകളൊക്കെ രാവിലെ തന്നെ തുറന്നു പ്രവർത്തിക്കും.

ആൻഡമാനിൽ പോർട് ബ്ലെയറിൽ ഒരു സന്ദർശനത്തിലായിരുന്നു ഞങ്ങൾ ആറു കൂട്ടുകാർ. താമസിക്കുന്ന ഹോട്ടലിൽ പ്രഭാത ഭക്ഷണമാകാൻ പുലർച്ചെ എട്ട് മണിയാവും. ഒരു ചായ ലക്ഷ്യം വെച്ച് ഞാൻ മുറിയിൽനിന്ന് പുറത്തിറങ്ങി. സമയം ആറരയാകുന്നേയുള്ളൂ. പതിവില്ലാതെ മഴ തകർത്തു പെയ്യിരുന്നു. തോർച്ചയിലാണ് റോഡരികിലെ തട്ടുകടയിലേക്ക് കയറിയത്.

അവിടെ പലഹാരം പലതും റെഡി. പൂരി കണ്ടപ്പോൾ കൊതി തോന്നി. ചായക്കൊപ്പം ഓർഡർ ചെയ്തു. റോഡിലേക്ക് ചേർത്ത് വലിച്ചുകെട്ടിയ നീല ടാർപോളിന് താഴെ രണ്ട് മെലിഞ്ഞ മേശ. ചുറ്റും പത്തോളം പ്ലാസ്റ്റിക് കസേരകൾ.

ഓയിൽ പേപ്പർ വിരിച്ച സ്റ്റീൽ പ്ലേറ്റ് എത്തി. ആവി പറക്കുന്ന, പൊങ്ങി നിൽക്കുന്ന പൂരിയെത്തി. ചെറിയ കോപ്പയിൽ കറി ഒഴിച്ചുതന്നു. റോഡിലൂടെ ഒഴുകുന്ന മഴവെള്ളം നോക്കി സ്വാദുള്ള പൂരിയും കറിയും കഴിക്കുന്നതിനിടയിൽ പ്രായമായ ഒരാൾ കടയിലെത്തി. മുട്ടിനു മുകളിൽ നിൽക്കുന്ന വെള്ള ട്രൗസർ. വലിയ ഒരു കുപ്പായം. താടിയും മുടിയും നരച്ചിരിക്കുന്നു. വലിയ ശരീരം. കടയിലെ ജോലിക്കാരനോട് അയാൾ എന്തോ ചോദിച്ചു.

ഭാഷയുടെ പരിമിതി മൂലം കൃത്യമായി മനസ്സിലായില്ലെങ്കിലും ഭക്ഷണകാര്യമാണെന്ന് പിടികിട്ടി. തനിക്ക് മുന്നിലെത്തിയ ഇഡ്ഡലി ചട്നിയും സാമ്പാറും ചേർത്ത് കുഴച്ച് ആർത്തിയോടെ അയാൾ കഴിക്കാൻ തുടങ്ങി.

എന്റെ മുന്നിലിരുന്ന അയാളുടെ ഇടതുഭാഗത്ത് മറ്റൊരാൾ ഭക്ഷണം കഴിക്കുന്നുണ്ടായിരുന്നു. വാർധക്യത്തിലേക്ക് പ്രവേശിച്ച ഒരാൾ. അയാളുടെ വലതുകണ്ണിനു കാഴ്ചയില്ലായിരുന്നു. നരച്ചുതുടങ്ങിയ താടിയും മുടിയുമുള്ള അയാൾ നിറം മങ്ങിയ നീല ടീഷർട്ട് ധരിച്ചിരുന്നു; നീണ്ട പാന്റ്സും.

അയാൾ ഭക്ഷണം കഴിഞ്ഞു കാശ് കൊടുക്കുന്ന നേരം വെയിറ്ററോട് വയസ്സനെ ചൂണ്ടി അയാളുടെ കാശുകൂടി അതിൽനിന്ന് എടുക്കാൻ പറഞ്ഞു. പോകാൻ നേരം ആ വയസ്സന്റെ ചെവിയിൽ കാശുകൊടുത്ത കാര്യം മന്ത്രിക്കുകയും ചെയ്തു. പ്രായമായ ആൾ തല കുലുക്കി. കൈ കഴുകി വന്ന് പ്ലാസ്റ്റിക് കൂജയിൽ നിന്ന് കുറെ വെള്ളം കുടിച്ചു.

യൂണിഫോം ധരിച്ച പോലീസ് അടക്കം ഉന്നതർ പലരും അവിടെയുണ്ടായിരുന്നു. ഞാനടക്കം ആരും അയാളുടെ ദൈന്യത ശ്രദ്ധിച്ചിട്ടില്ല, പരിഗണിച്ചില്ല. വിശക്കുന്ന ആ വയറു കണ്ടത് ഒരു കണ്ണില്ലാത്ത ഒരു സാധാരണക്കാരനായിരുന്നു.

അയാളെ കണ്ടാൽ അറിയാം കാശ് കൂടുതൽ കയ്യിലില്ലാത്ത ഒരു തൊഴിലാളിയോ മറ്റോ ആണെന്ന്. പണമോ പ്രതാപമോ ഉയർന്ന ജോലിയോ ഉണ്ടായിട്ട് എന്തു കാര്യം! മറ്റൊരാളുടെ വേദനയറിയാൻ കഴിയുകയും സഹായിക്കാനുള്ള നല്ല മനസ്സ് ഉണ്ടാവുകയാണ് വേണ്ടത്. സുമനസ്സുകൾക്ക് മേൽ സമാധാനം വർഷിക്കപ്പെടുമാറാകട്ടെ!




GET IT ON Google Play | Download on the App Store

പീസ് റേഡിയോക്കുള്ള താങ്കളുടെ ഓഹരി അയക്കാൻ

| | |
|---|---|
| A/C No. | **918010068641992** |
| A/C Name | WISDOM ISLAMIC ORGANIZATION COMMUNICATION WING |
| IFSC Code | UTIB0000136 |
| Bank | AXIS BANK LTD CALICUT BRANCH |

FOR RECEIPTS AND MORE DETAILS CONTACT:
**+91 9746 95 0006** (WHATSAPP ONLY)

UPI ID fcbiztvnx4y@freecharge

റേഡിയോ ആപ്പിന്റെ ഹോം പേജിലെ **Donate** ബട്ടൺ പ്രസ് ചെയ്താൽ ലഭിക്കുന്ന വിൻഡോയിൽ നിന്നും **DONATE VIA UPI** എന്ന ഓപ്ഷൻ വഴി നേരിട്ട് പണമയക്കാനുള്ള പ്രത്യേക സംവിധാനം

Scan with any UPI App

BHIM UPI

Google Pay Paytm

RNI NO:KERMAL/2015/64152
Registered NO:
KL/CT/225/2022-24

Nerpatham Weekly
Published on
09 September 2023

Licensed to post without prepayment:
No. KL/PMG/NR/WPP/67/KKD/2022-24
Price: ₹10/-


# അൽമഹ്ാറ് 2.0

## വൈജ്ഞാനിക മത്സരങ്ങൾ

മലയാളം ഗ്രന്ഥ രചന

തസ്ഫിയ: കിഡ്സ് ഹിഫ്ദുൽ ക്വുർആൻ

അറബിക് കവിതാരചന

ഹിഫ്ദുൽ ക്വുർആൻ

അറബിക് മെഗാ ക്വിസ്

ഹിഫ്ദുൽ മുതൂൻ

അറബിക് ഉപന്യാസം

5 ലക്ഷം രൂപയുടെ സമ്മാനങ്ങൾ

2023 സെപ്റ്റംബർ 29,30 – ഒക്ടോബർ 01

ജാമിഅഃ അൽ ഹിന്ദ് അൽ ഇസ്‌ലാമിയ്യഃ

കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക:

9567288080, 9400075290, 8606366661, 9947657474

Wisdom Islamic Youth Organisation
CV Complex, PV Swami Road - Calicut

കൂടുതൽ വിവരങ്ങൾക്കും രജിസ്ട്രേഷനും സ്കാൻ ചെയ്യുക